ശ്രീ എം. എം. തോമസ് : സർ മലയാളികളെ ഗ്രഡല്ലൂരിൽ നിന്നും ഒഴിപ്പിക്കുന്നതു സംബന്ധിച്ച് എന്തു നടപടി എടുത്തുവെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : തമിഴ്നാട് ഗവണ്മെൻറിലേക്കു് എഴുതാമെന്നു പറഞ്ഞിരുന്നതു പോലെ എഴുതി. ആദ്യമേ എഴുതി, ഇന്നലെ വീണ്ടും എഴുതി. അവിടത്തെ റവന്യൂ സെക്രട്ടറിയെ കണ്ടു സംസാരിച്ചു. പുതിയ ആളുകളെ ആണു് ഒഴിപ്പിക്കുന്നതെന്നു് അവിടെനിന്നും മറുപടി വന്നു. അങ്ങനെയല്ല അതിനെപ്പറ്റി അന്വേഷിക്കണമെന്നു കാണിച്ചു് ഇന്നലെ ശ്രീ കരുണാനിധിക്കു് വീണ്ടും എഴുതിയിട്ടുണ്ടു്.

Mr. Deputy Speaker : Now we will pass on to Legislative Business.

4. LEGISLATIVE BUSINESS

KERALA LAND REFORMS (AMENDMENT) BILL 1968

Mr. Deputy Speaker : Now we will take up clause by clause consideration of the Bill.

Clause 2

Mr. Deputy Speaker : There are several amendments to Clause 2. For convenience, we can take up amendments to sub-clauses separately.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഓരോ സബ് ക്ലാസിനുമുള്ള ഭേദഗതികളും ഒരുമിച്ചു മൂവു ചെയ്തിട്ടു സംസാരിക്കുന്നതു സൗകര്യമായിരിക്കും.

ഡെപ്യൂട്ടി സ്പീക്കർ : ഓരോ സബ് ക്ലാസിനുമുള്ള ഭേദഗതികളും അവതരിപ്പിച്ചിട്ടു് വോട്ടിനിടാം.

Clause 2

Smt. K. R. Gouri : Sir, I move :

(1) In clause 2, after clause (a), the following clause shall be inserted, namely :—

" (aa) after sub-section (2), the following clause shall be inserted, namely :—

'(2A) "appellate authority" means an appellate authority constituted under section 99-A ;'."

സർ, ഈ ബില്ലിൽ പ്രത്യേകം ഒരു അപ്പലേറ്റ് അതോറിട്ടി ഉള്ളതുകൊണ്ടു അപ്പലേറ്റ് അതോറിട്ടിക്കു ഒരു ഡഫനിഷൻ ആവശ്യമാണു്. സഭ ഇതു അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരു സംശയം. അങ്ങനെ നിർവ്വചനം കൊടുത്തില്ലെങ്കിൽതന്നെ ഇതു വ്യക്തമാകുകയില്ലേ. 99 (എ)-യിൽ വ്യക്ത

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

മായിട്ട പറയുന്നുണ്ടല്ലോ. അങ്ങനെ വിട്ടുന്നതല്ലേ നല്ലത്. നേരെ മറിച്ചു ചില സമിതികൾക്കു വ്യക്തമായ നിവ്വചനം നൽകുകയും, മറ്റു ചിലതിനു നൽകാതിരിക്കുകയും ചെയ്താൽ നിവ്വചനം കൊടുക്കാത്തതിനു നിയമസാധുതമില്ലെന്നു വരികയില്ലേ? ഇപ്പോൾ ഈ നിവ്വചനം ഇല്ലെങ്കിൽ തന്നെയും പ്രത്യേകദോഷമെന്താണു? ഇതിനു മുൻപു സഹകരണനിയമത്തിൽ 'അതാറിട്ടി'യുടെ കാര്യം വന്നപ്പോൾ ലാ ഡിപ്പാർട്ടുമെൻറു് അഭിപ്രായപ്പെട്ടതു് അതാറിട്ടിയെ കാൺസ്റ്റിറ്റ്യൂട്ട ചെയ്യുമെന്നു ഡഫനിറ്റായിട്ട പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് പ്രത്യേക നിവ്വചനത്തിൻെറ ആവശ്യമില്ലെന്നായിരുന്നു. ഇവിടെ ഇതിൻെറ ആവശ്യമുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇതിൻെറ അപ്പീൽ അതാറിട്ടിയായി വരുന്നതു് സബ് കോടതികളോ ഡിസ്ട്രിക്റ്റു് കോടതികളോ ആയിരിക്കും. അതു കൂടാതെ ലാൻഡ്ടിബൂണലും പ്രത്യേകം വരുന്നുണ്ടു്. അപ്പലേറ്റു അതാറിട്ടിയെപ്പറ്റി 99 (എ)യിൽ പറയുന്നുണ്ടു്; 'means an authority which is mentioned in clause 99.'

ട്രിബൂണലിൻെറ അപ്പലേറ്റു അതാറിട്ടിയായിരിക്കും എന്നാണു് പറയുന്നതു്.

The following Amendment (No. 1) moved by Smt. K. R. Gouri viz. in clause 2, after clause (a), the following clause shall be inserted, namely :—

"(aa) after sub-section (2), the following clause shall be inserted, namely :—

'(2A) "appellate authority" means an appellate authority constituted under section 99A;'." was put and carried.

Sri K. P. Raghava Poduval : Sir, I move :

(28) In clause 2 (Proposed amendment to section 2 of the principal Act) (e), after Explanation I, add the following proviso :

"Provided that in the case of sub-lease, the sub-lessor shall be treated as tenant in respect of the portion retained by him and as intermediary in respect of the portion sub-leased and the sub-lessee shall be treated as tenant in respect of the portion sub-leased.

സർ, ഹോൾഡിംഗിനുള്ള നിവ്വചനത്തിനാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി: വകുപ്പിൽ പറഞ്ഞിരിക്കുന്നതു്, "Where by act of parties or by operation of law, the interest of the tenant in his holding has been severed, splitting up the holding into two or more parts, or where a portion of the holding has been sub-leased, before the commencement of this Act, each such part or, as the case may be, each of the portions retained by the tenant and sub-leased, shall be deemed to be a separate holding." അതുകൊണ്ടു് ഇങ്ങനെ ഒരു പ്രോവൈസോ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

62589

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഈ വിശദീകരണത്തിൽ ഒരു പ്രൊവൈസോകൂടി ചേർത്തു കഴിഞ്ഞാൽ എന്തായിരിക്കും ഫലം ? ചേർത്താലും ഒരേ അർത്ഥത്തിൽതന്നെ വരുന്നുണ്ട്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : 1957-ലെ കാർഷിക ബന്ധനിയമത്തിൽ, അതിനു മുൻപുണ്ടായിരുന്ന ബില്ലുകളിലെ വിഷമതകൾ പരിഹരിക്കാനായി ശ്രമം നടത്തിയിട്ടുണ്ട്. ഇതിൽ ഹോൾഡിംഗിനു നിർവ്വചനം കൊടുത്തിരുന്നതു് ഇങ്ങനെയാണു് 'holding' means a parcel or parcels of land held under a single transaction by a tenant from a landlord and shall include any portion of a holding as above defined which the landlord and the tenant have agreed or are bound to treat as a separate holding.

Explanation

'Where by act of parties or by operation of law the interest of the tenant in his holding has been severed, splitting up the holding into two or more parts, or where a portion of the holding has been sub-leased, before the commencement of this Act.....' 1964-ലെ 1-ാം ആക്ടു വന്നപ്പോൾ ഇതു എടുത്തു കളഞ്ഞു. അതു കൊണ്ടാണു് ഇന്നു കാണുന്ന പല വിഷമതകളും ഉണ്ടാകുന്നതു്. അതിനുശേഷം ഇപ്പോൾ അതേ വകുപ്പുതന്നെയാണു് വച്ചിരിക്കുന്നതു്. ഇൻറർമീഡിയറി, സബ് ടെനൻറ് എന്നൊക്കെ പ്രത്യേകിച്ചു പറയാതിരുന്നാൽ സ്വാഭാവികമായും വിഷമമുണ്ടാകും. അതു വ്യക്തമാക്കാനാണു എൻറെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ആ നിലയ്ക്കു് ഇപ്പോൾ ഞാൻ താഴെക്കാണുംപടി ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്,

Add the following proviso: "Provided that in the case of sub-lease, the sub-lessor shall be treated as tenant in respect of the portion retained by him and as intermediary in respect of the portion sub-leased and the sub-lessee shall be treated as tenant in respect of the portion sub-leased.'

ഇതു സ്വീകരിച്ചാൽ ഇന്നുള്ള അവ്യക്തത പരിഹരിക്കാൻ സാധിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : വകുപ്പിൽത്തന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. 'Where by act of parties or by operation of law the interest of the tenant in his holding has been severed, splitting up the holding into two or more parts, or where a portion of the holding has been sub-leased, before the commencement of this Act, each such part, or, as the case may be, each of the portions retained by the tenant and sub-leased, shall be deemed to be a separate holding.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : അതു കൂടുതൽ വ്യക്തമാക്കാനാണു്

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങനെയാണെങ്കിൽ അതു ഡിലീറ്റു ചെയ്താൽ പോരേ ?

ഡെപ്യൂട്ടി സ്പീക്കർ : ആർഡർ, ആർഡർ. ഇപ്പോൾ ഇങ്ങനെയൊരു ഡിസ്കഷൻറെ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : സർ, ഹോൾഡിംഗിനെ സംബന്ധിച്ച ഭേദഗതികളും, ഓരോരുത്തരും മൂവ് ചെയ്തിട്ട് പിന്നെ സംസാരിക്കുന്നതു സൗകര്യമായിരിക്കും.

Sri U. P. Kunhikullaya : Sir, I move :

In clause 2, sub-clause in (a)—In Explanation I of sub-section (17) of section 2 proposed to be substituted at the end add the following :

"and the sub-tenant shall be deemed to be a tenant under the landlord" Sir, "holding" means a parcel or parcels of land held under single transaction by a tenant from a landlord and shall include any portion of a holding as above defined which the landlord and the tenant have agreed or are bound to treat as a separate holding." If they are to treat as a separate holding, the consequences have to be considered. Now the holding, means a parcel or parcels of land held under a single transaction by a tenant from a landlord and shall include any portion of a holding as above defined which the land and the tenant have agreed or are bound to treat as a separate holding. Now regarding the portion retained by the lessee, there may not be complications, but regarding the properties leased from lessee to sub-lessee, if it is to be regarded as a separate holding, what would be the consequences ? Now it is said that there is no brevity of contract and there is only brevity of estate between the main lessee and the sub-lessee. If it is treated as a separate holding, then the lessee is substituted by the sub-lessee, the landlord can directly deal with him. My amendment is this, when it is treated as a separate holding.....

Sri E. Chandrasekharan Nair : If your amendment is accepted, what would be the result ? The original tenant will lose his right and interest. His position as an intermediary will have to be there.

Sri U. P. Kunhikullaya : When he has parted with his interest and when it is treated as a separate holding, what is the necessity of having an intermediary ? So, my amendment is to abolish 'intermediary', when he has parted it to the sub-lessee the interest of his holding.

Sri C. B. Chandrasekhara Warrier : Please refer to the definition of 'intermediary', that is, 2 (19) Explanation : "Where such a person has transferred possession only of a portion of the land which he is so entitled to possess", he shall be deemed to be an intermediary in respect of that portion."

Sri U. P. Kunhikullaya : It is not justifiable to safeguard the interest of the intermediary.

Sri E. Chandrasekharan Nair : Will the Legislature be competent to make an enactment which takes away, without any compensation, the proprietory right of an intermediary which is there under the existing statute ?

LIBRARY ARCHIVES Kerala Legislative Assembly

Sri U. P. Kunhikullaya : What is his proprietory right, what is the necessity of.....

Sri E. Chandrasekharan Nair : The intermediary has got the proprietory right. We are providing compensation for him. Whether it is adequate or not, is another question.

Sri U. P. Kunhikullaya : My submission is that, an intermediary, being a parasite, why should he be allowed, why should we safeguard his interest ?

Regarding the claims for arrears of rent from the sub-lessee, the question aries whether the main landlord or the lessor is entitled to claim the same without reference to the tenant. When it is treated as a separate holding, will the original tenant is liable to pay for the land which he has sub-leased, in a suit can sub-tenant be made a party, will the main lessor be entitled to a decree against him; what are his rights to claim rent, these are points to be considered. If the existing provision is retained, there will arise many complications in future. To avoid that, there is every justification for bringing about direct relationship between the main lessor and the sub-lessee. When the lessee has parted with his interest, or assigned his interest, then there is no necessity to safeguard the interest of the lessee. It is better to have direct relationship between the lessee and the lessor. My amendment will clear all such ambiguity regarding the definition of holding. I request that it may be accepted.

Sri C. B. Chandrasekhara Warrier: I move:

No. 51 In clause 2 in sub-clause (e) [In Explanation I of sub-section (17) of section proposed to be substituted], for the words 'before the commencement of this Act, substitute the words' before the commencement of the Kerala Land Reforms (Amendment) Act, 1969.

Explanation 1 says: "Where by act of parties or by operation of law, the interest of the tenant in his holding has been severed splitting up the holding into two or more parts or where a portion of the holding has been sub-leased before the commencement of this Act, each such part or as the case may be, each of the portions retained by the tenant and sub-leased, shall be deemed to be a separate holding" ഇതിൽ "before the commencement of this Act" എന്നതിനുപകരം "before the commencement of the Kerala Land Reforms (Amendment) Act, 1969" എന്നാക്കണം. Before the commencement of this Act എന്നുള്ളതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതു് 1964-ലെ ഒന്നാം ആക്ടാണു്. നിയമം വരുമ്പോഴം 1964-നുശേഷം വച്ചിട്ടുള്ള splitting up കളും സബ്‌ലീസുകളുമെല്ലാം മറൊരു പ്രൊവിഷൻകൊണ്ടു പ്രൊഹിബിറ്റു ചെയ്തിരിക്കുകയാണു്. 1964-നുശേഷമുള്ള സബ്‌ലീസുകളെല്ലാം നിയമവിരുദ്ധമാക്കിയിരിക്കുകയാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഈ നിയമം അനുസരിച്ചു സബ്‌ലീസിംഗ് പ്രൊഹിബിറ്റു ചെയ്തിരിക്കുകയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതേ, അതു സമ്മതിച്ചു. സബ്‌ലീസിംഗിന്റെ സ്വഭാവത്തിലുള്ള splitting up കളും ഹോൾഡിംഗ് എന്നു വരുന്നുണ്ട്. അതിൽ "Before the commencement of this Act" എന്നുള്ളതു നിലനിന്നാൽ 1964-നുശേഷം ഇതേവരെയുള്ള കാലയളവിൽ നടന്നിട്ടുള്ള ഹോൾഡിംഗ് സ്പ്ലീറ്റു ചെയ്തു ഇതിന്റെ പരിധിയിൽ വരാതെ പോകും. അതുകൊണ്ടു ഈ കൊല്ലത്തിനിടയ്ക്കുള്ള split up കൂടി ഉൾപ്പെടുത്തുവാനാണ് ഞാൻ എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: അപ്പോൾ ഈ ആക്റ്റു നടപ്പിലായതിനുശേഷം ഉണ്ടാകുന്ന split up കൾ എന്താകും?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതു ഞാൻ പിന്നെ പറയാം. 1964-നുശേഷമുള്ള വിഭജനങ്ങൾ എല്ലാം ഹോൾഡിംഗിന്റെ നിർവചനത്തിൽ വരാൻവേണ്ടിയാണ് before the commencement of this Act എന്നതു മാറ്റി before the commencement of the Kerala Land Reforms (Amendment) Act, 1969 എന്നാക്കണമെന്നു ഭേദഗതി ഞാൻ അവതരിപ്പിച്ചതു്. ഈ ആക്റ്റു നടപ്പിലായതിന്റെശേഷം ഉണ്ടാകുന്ന സ്പ്ലിറ്റിംഗപ്പുകളെ സംബന്ധിച്ചിടത്തോളം അവ ജന്മി-കുടിയാൻ ബന്ധത്തിന്റെ സ്വഭാവത്തിലുള്ളതായിരിക്കും. ഈ ആക്റ്റു വന്നതിനുശേഷമുള്ളതു ആലോചിച്ചിട്ടു കാര്യമില്ല. എന്തുകൊണ്ടെന്നാൽ ഈ ആക്റ്റു നടപ്പിലാക്കിയതിനുശേഷം ലാൻഡ്‌ലോർഡ് ടെനൻസി റിലേഷൻഷിപ്പു (ജന്മി-കുടിയാൻ ബന്ധം) നിറുത്തലാകുകയാണ്. ഭാവിയിൽ വരുന്നതൊന്നും ഇപ്പോൾ കണക്കിലെടുക്കേണ്ട. 1964-നുശേഷം ഈ അഞ്ചുകൊല്ലത്തിനിടയ്ക്കുള്ള ഭിന്നങ്ങളായിട്ടുള്ള വിഭജനങ്ങൾ എല്ലാം ഹോൾഡിംഗ് ആയിട്ടു തന്നെ സ്വീകരിക്കണം.

അതുപോലെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. പി. രാഘവപ്പൊതുവാളിന്റെ ഭേദഗതിയും ഇവിടെ ആവശ്യമില്ല. കാരണം സബ്‌ക്ലാസ് 17-ൽ എക്സ്പ്ലനേഷൻ (1) നോടുകൂടി സബ്‌ക്ലാസ് 19-ം കൂടിചേർക്കുമ്പോൾ യഥാർത്ഥത്തിൽ അദ്ദേഹം ഉദ്ദേശിക്കുന്ന താല്പര്യം സംരക്ഷിക്കപ്പെടും. സബ്‌ലീസിംഗ് (കീഴ്പ്പാട്ടം) ഉണ്ടായാൽ ആ വിഭാഗത്തിന്റെ പാട്ടക്കാരൻ മദ്ധ്യവർത്തിയാകണം. സബ്‌ലീസിംഗ് ടെനൻസിയായിരിക്കണം എന്നാണ് അദ്ദേഹം വാദിക്കുന്നതു്. സബ്‌ക്ലാസ് 19 കൂട്ടിചേർക്കുമ്പോൾ സബ്‌ലെസർ ഇൻറർമീഡിയറിയും സബ്‌ലീസ് (കീഴ്പ്പാട്ടം) വാങ്ങുന്ന ആൾ ടെനൻറും ആകും. അതുകൊണ്ടു ആ പ്രൊവൈസോ വേണ്ട.

അടുത്തതായി ശ്രീ. കുന്നിക്കലയ്യാ അവതരിപ്പിച്ച ഭേദഗതിയും ആവശ്യമില്ല എന്നാണ് എനിക്കു പറയുവാനുള്ളതു്. മദ്ധ്യവർത്തികൾ സമൂഹത്തിലെ ഇത്തിക്കണ്ണികൾ ആണെന്നു സമ്മതിക്കാം. പക്ഷെ ഈ ഇത്തിക്കണ്ണികൾക്കും ചില വെസ്റ്റ്ഡ് റൈറ്റ്സ് (അവകാശങ്ങൾ) ഉണ്ട്. ഭൂവുടമ ഒരാൾക്കു പാട്ടം കൊടുക്കുന്നു. അയാൾ വേറൊരാൾക്കു കീഴ്പാട്ടം കൊടുക്കുന്നു. അതുകൊണ്ടാണ് ഇൻറർമീഡിയറി എന്നതിനു് നിർവചനം കൊടുത്തിരിക്കുന്നതു്. ഇൻറർമീഡിയറികളെ പ്രതിഫലം കൊടുക്കാതെ അവസാനിപ്പിക്കണമെന്നുള്ളതിൽ അഭിപ്രായ വ്യത്യാസം ഒന്നുമില്ല. പക്ഷേ അങ്ങനെ അവസാനിപ്പിക്കുവാൻ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചു സാദ്ധ്യമാണോ? അല്ല. കാരണം ഇൻറർമീഡിയറികൾക്കു റെസിഡുവറി റൈറ്റ്സ് ഉണ്ട്. അവരുടെ പാട്ടാവകാശം മുഴുവനും കൈമാറി കൊടുക്കണം. സാധാരണ നിലയിൽ ഒരാൾ അമ്പതുപറ പാട്ടത്തിനു ഒരാൾക്കു ഒരു നിലം കൊടുക്കുന്നു. പാട്ടം വാങ്ങിയ ആൾ 75 പറ പാട്ടത്തിനു അതു മറ്റൊരാൾക്കു കൊടുക്കുന്നു. അയാൾക്കുസാധാരണ ഗതിയിൽ 25 പറ പാട്ടം കിട്ടാൻ അവകാശം ഉണ്ട്. ഇൻറർമീഡിയറികളെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം 25 പറപാട്ടം കിട്ടാനുള്ള സബ്സ്റ്റാൻറീവു റൈറ്റു് വെസ്റ്റു ചെയ്തിട്ടുണ്ടു്. സബ്സ്റ്റാൻറീവു് റൈറ്റു് നിർവചനംകൊണ്ടു ഇല്ലാതാക്കുവാൻ നിവൃത്തിയില്ല, ഇൻറർമീഡിയറിയുടെ റൈറ്റു് ഡൈവെസ്റ്റു് ചെയ്യണം. പ്രതിഫലം കൊടുക്കണം. അങ്ങനെ ഡൈവെസ്റ്റു ചെയ്യുന്നതിനു നിലവിലുള്ള നിയമപ്രകാരം പ്രതിഫലം കൊടുക്കുവാൻ ഇതിൽ വകുപ്പുണ്ടു്. അല്ലാതെ ഇവിടെ സബ്ലെസിയുണ്ടെങ്കിൽ അതു നേരിട്ടു ടെനൻറാണെന്നു എഴുതിവച്ചാൽ ഇൻറർമീഡിയറിയുടെ അവകാശം പോകുകയില്ല. എന്നാൽ പാട്ടപ്പിരിവിനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടു ഉണ്ടാകയുമില്ല. ഇൻറർമീഡിയറിയെ അടക്കം കക്ഷിചേർക്കണം എന്നേയുള്ളു. ഭൂവുടമസ്ഥൻ കൗണ്ടിവേറിംഗു് ടെനൻറിൽ നിന്നും അരിയേഴ്സു് ഓഫു് റെൻറു കളക്റ്റു ചെയ്യുന്നതിനു ഒരു തടസ്സവും ഇല്ല. അയാൾ കേസുകൊടുക്കുമ്പോൾ കൗണ്ടിവേറിംഗു് ടെനൻറിനെക്കൂടെ ഇൻറർമീഡിയറിയേയും കക്ഷി ചേർത്തു അന്യായം കൊടുത്താൽമതി. പാട്ടക്കുടിശിഖ ഈടാക്കുവാൻ കഴിയും. ഇൻറർമീഡിയറി അടക്കം പാട്ടാവകാശത്തിനു ചാർജ്ജു ചെയ്യാമെന്നു വളരെ വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു കോംപ്ലിക്കേഷൻസു് ഉണ്ടാകുന്നില്ല. കോംപ്ലിക്കേഷൻസു് ഉണ്ടെന്നു പറഞ്ഞാലും ഒരു പ്രൊവിഷൻകൊണ്ടു അവരുടെ അവകാശം ഡൈവെസ്റ്റു ചെയ്യാൻ സാധിക്കുകയില്ല. ലീഗലായിട്ടു വരണമെങ്കിൽ ആവശ്യമായ പ്രതിഫലം കൊടുക്കണം. അങ്ങനെ പ്രതിഫലം കൊടുക്കുന്നതിനാവശ്യമായ വകുപ്പു ഈ നിയമത്തിലുള്ളതുകൊണ്ടു യാതൊരു കാരണവശാലും ആ ഭേദഗതിയും ശരിയല്ല.

Sri U. P. Kunhikullaya: Does the hon. Member mean to say that in a suit filed for rent, the sub-tenant can be cited as a party? The rulings of the High Court say that the sub-tenant is not a necessary party because there is no privity of contract between the main lessor and the sub-lessor and that no suit for rent can be filed against the sub-lessee.

Sri C. B. Chandrasekhara Warrier: I do not agree with that contention, because the arrears of rent is a charge on the holdings. Since arrears of rent is charged on the holdings, everybody interested in the holdings can be made parties and no court can refuse to make them parties and you can get a decree charging the holdings and making all of them parties, up to the cultivating tenant.

ശ്രീ. ഇ. അഹമ്മദ്: അതു എങ്ങനെയാണു് ചാർജായി നിൽക്കുന്നതു്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതു അദ്ദേഹത്തിൻെറ അഭിപ്രായം ആണു്.

ശ്രീ. ചന്ദ്രശേഖരൻ നായർ: സർ, ഞാൻ ഈ ഭേദഗതികളെ എല്ലാം എതിർക്കുകയാണു്. ശ്രീ സി. ബി. ചന്ദ്രശേഖര വാര്യരുടെ ഭേദഗതി വായിച്ചപ്പോഴും അദ്ദേഹത്തിൻെറ വിശദീകരണം കേട്ടുകഴിഞ്ഞപ്പോഴും ഇതു വളരെ അപകടം ഉള്ള ഭേദഗതിയാണെന്നു തോന്നുകയാണു്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഈ ഭേദഗതികളും സ്വീകരിക്കുകയാണെങ്കിൽ വളരെ കുഴപ്പങ്ങളും ഉണ്ടാകും. ഇവിടെ എക്സപ്ലനേഷൻ 1-ൽ പറയുന്നതു് Where by act of parties or by operation of law, the interest of the tenant in his holding has been severed, splitting up the holding into two or more parts or where a portion of the holding has been sub-leased, before the commencement of this Act. ഇതിൽ കാളിഫൈ ചെയ്യുന്നതു് സബ്ലീസു് ചെയ്യുന്നതിനെ സംബന്ധിച്ചു മാത്രമേയുള്ളൂ. ഹോൾഡിംഗിൻെറ ഏതെങ്കിലും ഒരുഭാഗം സബ്ലീസു് ചെയ്തിട്ടുണ്ടെങ്കിൽ അതു മാത്രമേ 'before the commencement of this Act' എന്നു പറയുന്നതിൽ വരുന്നുള്ളൂ. ശ്രീ രാഘവപ്പൊതുവാൾ പറഞ്ഞതു ശരിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ചന്ദ്രശേഖരൻ നായർ]

Where by act of parties or by operation of law, the interest of the tenant in his holding has been severed.... എന്നാണ് വകുപ്പിൽ ഉള്ളതു്. അപ്പോഴും operation of land കൊണ്ടും ഹോൾഡിംഗിലുള്ള അവകാശം വിഭജിക്കപ്പെടുന്നു. അല്ലെങ്കിൽ ഓഹരിവച്ചു പിരിയുന്നു. ഇങ്ങനെയുള്ള കേസുകളിൽ സബ്‌ലീസ് ഉണ്ടാകുകയല്ല. അങ്ങനെയുള്ള കേസുകൾക്കു ഒരു കൃഷ്യൻ ഡോറു പറയാൻ സാദ്ധ്യമല്ല. പുതുതായി യാതൊരു പാട്ടവും അനുവദിച്ചുകൂടാ എന്നു 1964-ലെ ഒന്നാം ആക്ടിൽ പറയുന്നുണ്ടു്. 1964-നു ശേഷം പുതുതായ പാട്ടം ഉണ്ടായിക്കൂടാ എന്നുപറഞ്ഞിട്ടുള്ളതുകൊണ്ടാണു് ഹോൾഡിംഗിന്റെ രണ്ടാമത്തെ ഭാഗം വരുന്നതു് "അതായതു്; or a portion of the holding has been sub-leased, before the commencement of this Act"

1964-ലെ ഒന്നാം ആക്ടു വരുന്നതിനുമുമ്പു് സബ്‌ലീസ് ചെയ്യാൻ അവകാശം ഉണ്ടായിരുന്നു. 1964-നു ശേഷം സബ്‌ലീസ് ചെയ്യാൻ അവകാശം ഇല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: 'Before the commencement of this Act' will apply only to where the portion of the holding has been sub-leased എന്നാണോ? പക്ഷേ വാചകത്തിന്റെ സ്പിരിറ്റ് അനുസരിച്ചു അതിനു മുമ്പുള്ള ലീസിനേയും ബാധിക്കും എന്നു വരികയില്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മി. സി. ബി. ചന്ദ്രശേഖരവാര്യർ പറഞ്ഞതുപോലെയാണെങ്കിൽ ഈ ക്ലാസ് മുഴുവനും റീകാസറ്റു ചെയ്യണം. 1964-നു ശേഷമുള്ള ഹോൾഡിംഗ് സ്പ്ലിറ്റു ചെയ്യാം. ഇപ്പോഴും ഒരാൾ മരിച്ചുപോയി എന്നു കരുതുക. മരണത്തെ നിയമംമൂലം തടയാൻ സാധിക്കുകയില്ലല്ലോ? അങ്ങനെയുള്ള ആളിന്റെ ഹോൾഡിംഗ്സ് സ്പ്ലിറ്റപ്പ് ചെയ്യുന്നതു അവോയിഡ് ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: എന്റെ ഭേദ്യം Where by act of parties or by operation of law, the interest of the tenant in his holding has been severed, splitting up the holding into two or more parts, or where a portion of this holding has been sub-leased, before the commencement of this Act, each such part, or as the case may be, each of the portions retained by the tenant and sub-leased, shall be deemed to be a separate holding.

എന്നുള്ള ക്ലാസ്സും

before the commencement of this Act

എന്നുള്ള ക്ലാസും ഈ രണ്ടു ക്ലാസ്സുസിനേയും കാളിഫൈ ചെയ്യുന്ന രീതിയിൽ വരികയില്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: വരികയില്ല. വരാൻഒക്കുകയില്ല. Operating law കൊണ്ടു് വിഭജിക്കപ്പെടാം. 1964-നു ശേഷം സ്പ്ലിറ്റപ്പാകാൻ പാടില്ലെന്നു പറഞ്ഞു നിരോധിക്കുകയാണെങ്കിൽ പിന്നെ നിയമത്തിനു് സെൻസ് ഇല്ലാതാകും. ശ്രീ. വാര്യരുടെ ഭേദഗതി സ്വീകരിച്ചാൽ വളരെയധികം വിഷമതകളുണ്ടാകും.

before the commencement of the Kerala Land Reforms Amendment Act, 1969 എന്നു പറഞ്ഞു കഴിഞ്ഞാൽ ഈ ആക്ടു് ഡിസംബർ ഒന്നാം തീയതി പ്രാബല്യത്തിൽ വരുമെന്നു വയ്ക്കുക. ഡിസംബർ 2-ാം തീയതി ഒരാൾ മരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നു. അയാളുടെ മകനുക്കു് അയാളുടെ വസ്തു ഭാഗംചെയ്തു കൊടുക്കണം. അങ്ങനെ ഭാഗം ചെയ്തുകൊടുക്കുമ്പോഴും സ്വാഭാവികമായും ഹോൾഡിംഗ് വിഭജിക്കപ്പെടും. ശ്രീ. വാര്യരുടെ ഭേദഗതിയിൽ പറയുന്നതു സ്വീകരിക്കുകയാണെങ്കിൽ, അതായതു് അതു ഒരു ഹോൾഡിംഗ് അല്ലെന്നു് നാം അംഗീകരിച്ചാൽ അതിന്റെ അർത്ഥം നിയമപരമായി അവർക്കുള്ള പല ആനുകൂല്യങ്ങളും ഇല്ലാതാകും. ഇതിനകത്തു് എന്റ്റപ്രനേഷനിൽ ഉദ്ദേശിച്ചിരിക്കുന്നതു് വളരെ സ്പഷ്ടമായിട്ടുണ്ടു്.

Where by act of parties or by operation of law, the interest of the tenant in his holding has been severed, splitting up the holding into two or more parts, or where....

എന്നാണു് പറഞ്ഞിരിക്കുന്നതു്. അതിനെ സംബന്ധിച്ചിടത്തോളം വിശേഷിപ്പിക്കുന്ന ഒന്നും ഇല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അങ്ങനെയാണെങ്കിൽ 'കോമാ' എന്തിനാണു് ....or where a portion of the holding has been sub-leased; before the commencement of this Act; each such part or,.... 'കോമാ എടുത്തു കളയേണ്ടതല്ലേ? അതല്ലെങ്കിൽ ചിന്താകുഴപ്പം ഉണ്ടാകുകയില്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: കോമാ കുഴപ്പം ഒന്നും ഉണ്ടാക്കുകയില്ല. കോമ മാറുന്നതിനാണെങ്കിൽ അതിനുള്ള ഭേദഗതി ഇതല്ല. അതിനു് വേറെ കൊണ്ടുവരണം.

ഡെപ്യൂട്ടി സ്പീക്കർ : ഒരു കോമാ മാറണമെങ്കിൽ അതു് മൂന്നാംവായനയിലും ആകാവുന്നതാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: "Operation of law" "Act of parties"—ഇവ രണ്ടും രണ്ടാണു്. ഒരാൾ മരിച്ചുപോയാൽ അയാളുടെ അനന്തരാവകാശികൾക്കു് ഹോൾഡിംഗിലുള്ള അവകാശം ഉണ്ടായിരുന്നാലേ അവർ ടെനൻറാകുകയുള്ളു.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: അങ്ങനെയാണെങ്കിൽ "before the commencement of this Act" എന്നതു എടുത്തു കളഞ്ഞാൽ പോരേ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അതു് വേറൊന്നിനെ ആശ്രയിച്ചിരിക്കുകയാണു്.

1964-ലെ ഒന്നാം ആക്ടനുസരിച്ചു് ഭാവിയിൽ ഒരുപാട്ടവും പാടില്ല എന്നു നിരോധിച്ചിട്ടുണ്ടു്. ആദ്യത്തെഭാഗം ആക്ടു് ഓഫ് പാർട്ടീസ് കൊണ്ടും ഓപ്പറേഷൻ ഓഫ് ലാ കൊണ്ടും ഹോൾഡിംഗ്സു് സ്പ്ലിറ്റു ചെയ്യും. രണ്ടാമത്തെ ഭാഗം സബ്ലീസ് ചെയ്യുമെന്നതിനെപ്പറ്റിയാണു്. എനിക്കു് പത്തേക്കർ ഭൂമിയുണ്ടു്, അതിൽ അഞ്ചേക്കർ ഒരാളിനു് കൊടുക്കുകയാണെങ്കിൽ എന്റേതിൽ ഇരിക്കുന്നതും ഹോൾഡിംഗാകും, മറേറ അഞ്ചേക്കർ ഭൂമിയും ഹോൾഡിംഗാകും.

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: ലീസുകൊണ്ടും സബ്ലീസുകൊണ്ടുമല്ലാത്ത ഹോൾഡിംഗ്സും ഉണ്ടല്ലോ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഈ ക്ലാസു് ശ്രീ. ചാത്തുണ്ണിമാസ്റ്റർ നല്ലതുപോലെ വായിച്ചാൽ അതിനെപ്പറ്റി മനസ്സിലാകും. ഒരാളിനു പത്തേക്കർ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

യുണ്ട്. അയാൾക്ക് അഞ്ചുമക്കളുണ്ടെങ്കിൽ ഓരോരുത്തർക്കും രണ്ടേക്കർ വീതം ഭാഗിച്ചുകൊടുക്കും. അതു് ഓരോന്നും ഹോൾഡിംഗായിട്ടു ഗണിക്കണം. ഒരാളിനു പത്തേക്കർ ഭൂമിയുണ്ടെങ്കിൽ അതിൽ അയാൾ മറ്റൊരാളിനു് അഞ്ചേക്കർ ദാനം ചെയ്യുകയാണെങ്കിൽ ഇതു രണ്ടും ഹോൾഡിംഗായിട്ടു് കണക്കാക്കും. അതുപോലെതന്നെ സബ്‌ലീസിനെ സംബന്ധിടത്തോളം "before the commencement of this Act" എന്നുള്ളതു് എടുത്തുകളഞ്ഞാൽ എന്താണെന്നു് ശ്രീ. രാഘവപ്പൊതുവാൾ ചോദിക്കുകയുണ്ടായി. അതു് എടുത്തുകളഞ്ഞാൽ പ്രായോഗികമായ വൈഷമ്യം ഉണ്ടാകും. 1964-ലെ ഒന്നാം ആക്ടിനു ശേഷം പാട്ടം കൊടുക്കുവാൻ പാടില്ലെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ആ അടിസ്ഥാനത്തിലാണു് ഫ്യൂച്ചർ ടെനൻസി വേണ്ടായെന്നു് സെലക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതു്. 1964-നു മുമ്പുണ്ടായിരുന്ന പാട്ടവും കീഴ്പാട്ടവുമെല്ലാം ഹോൾഡിംഗായിട്ടു് എടുക്കും. ഈ നിയമത്തിനു് ഡിസംബറിൽ പ്രസിഡൻറിന്റെ അസൻറു കിട്ടി പാസ്സാക്കുകയാണെങ്കിൽ 1964-ലെ ഒന്നാം ആക്ടു പാസ്സായതിനും ഈ ഭേദഗതിബിൽ പാസ്സാക്കുന്നതിനും ഇടയ്ക്കുള്ള കാലഘട്ടത്തിലുള്ള പാട്ടമെല്ലാം കീഴ്പ്പാട്ടമായി അംഗീകരിച്ചാൽ മാത്രമേ ശ്രീ. വാര്യരുടെ ഭേദഗതി അംഗീകരിക്കുന്നതുകൊണ്ടു ഫലമുണ്ടാകുകയുള്ളൂ.

ശ്രീ. ടി. കെ. കൃഷ്ണൻ: 1964-ലെ ഒന്നാം ആക്ടുപ്രകാരം സബ്‌ലീസുകൾ നിരോധിച്ചിരിക്കേ ഇതുകൊണ്ടു് എന്തുകഴപ്പമാണു് വരുന്നതു്?

Sri E. Chandrasekharan Nair: Holding has been sub-leased, before the commencement of this Act എന്നു പറഞ്ഞുകഴിഞ്ഞാൽ അതിനു ശേഷമുള്ള ലീസൊക്കെല്ലാം പാടില്ലെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഹോൾഡിംഗിന്റെ ഡഫനിഷനിൽ ഹോൾഡിംഗായി അംഗീകരിക്കുന്നു. അങ്ങനെ വരുമ്പോൾ അതു പരസ്പരവിരുദ്ധമാകും. അങ്ങനെ കോംപ്ലിക്കേഷൻസു് ഉണ്ടാകാതിരിക്കണമെങ്കിൽ അവ എല്ലാം ഹോൾഡിംഗായിട്ടു് കണക്കാക്കണം. നാം നിയമം കൊണ്ടുദ്ദേശിക്കുന്നതു് പാട്ടസമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ളതാണു്. 1964-ലെ ഒന്നാം ആക്ടു വന്നതിനുശേഷം കീഴ്പാട്ടം ഉണ്ടെന്നു അംഗീകരിക്കുന്നു. അതിനെയെല്ലാംതന്നെ ഹോൾഡിംഗായിട്ടു് അംഗീകരിക്കേണ്ടിവരുന്നു. ഈ ബില്ലനുസരിച്ചു് കീഴ്പാട്ടം അംഗീകരിക്കാത്തതുകൊണ്ടു് ശ്രീ. വാര്യരുടെ ഭേദഗതി ആവശ്യമില്ലെന്നാണു് എനിക്കുപറയുവാനുള്ളതു്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ഇവിടെ കൊടുത്തിരിക്കുന്ന രണ്ടു ഭേദഗതികളും പറ്റുകയില്ലെങ്കിൽ പിന്നെ ഏതു രീതിയിൽ വേണമെന്നാണു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഇവിടെ കൊണ്ടുവന്ന ഭേദഗതികളൊന്നും തന്നെ വേണ്ട. അതുകൊണ്ടു് ഈ ഭേദഗതികളൊന്നുംതന്നെ അംഗീകരിക്കരുതെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ഭേദഗതികൾ സ്വീകരിക്കുകയാണെങ്കിൽ ഈ നിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്യപ്പെടുമെന്നുള്ളതു് ശരിയാണു്. കൈമാറ്റത്തെസംബന്ധിച്ചാണെങ്കിൽ ഈ ഭേദഗതി കൂടാതെതന്നെ കൈവശാവകാശം അവർക്കു് ലഭിക്കും. ഇടത്തട്ടുകാരെ സംബന്ധിച്ചിടത്തോളം അവരെ നീക്കം ചെയ്യണമെന്നുള്ളതിനു് യാതൊരു തർക്കവുമില്ല. ഈ നിയമം കൊണ്ടുതന്നെ ഇടത്തട്ടുകാരെ നീക്കം ചെയ്യപ്പെടും. നിലവിലുള്ള വ്യവസ്ഥയനുസരിച്ചു് ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂമി കൈവശം ഇരിക്കുന്നവർക്കാണു്. സ്ഥിരാവകാശം ഇടത്തട്ടുകാരനു് ഭൂമിയിലുണ്ടു്. ആ സ്ഥിരാവകാശം മറ്റൊരാൾക്കു് കൈമാറ്റം ചെയ്യുമ്പോൾ അതിനു് മറു പാട്ടം ഏർപ്പെട

LIBRARY ARCHIVES Kerala Legislative Assembly

ത്തുകയാണു്. അപ്പോൾ ഭൂമിയിലുള്ള അവകാശം നഷ്ടപ്പെടുകയാണു്. അവകാശം നഷ്ടപ്പെടുമ്പോൾ അതിനു് കോമ്പൻസേഷൻ കൊടുക്കുകയാണെങ്കിൽ കൂടിയാണു് ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുന്നു. ആ അവകാശം അവൻ മറ്റൊരാൾക്കു് കൈമാറ്റം ചെയ്യുകയാണെങ്കിൽ അവനുണ്ടായിരുന്ന സ്ഥിരാവകാശവും നിയമപ്രകാരം നഷ്ടപ്പെടുകയാണു്. എന്നാൽ അതേ സമയം അതിൽ ഭാഗികമായിട്ടുള്ള അവകാശം അവനു് കിട്ടുന്നുണ്ടു്. ഈ ഭേദഗതികൂടി സ്വീകരിക്കുകയാണെങ്കിൽ ആ അവകാശം നിഷേധിക്കപ്പെടും. ഇടത്തട്ടുകാരനെ ഇല്ലായ്മ ചെയ്യുകയെന്നുള്ളതു് പുരോഗമനപരമായ ഒരു ആശയം ആണെങ്കിലും അവനു് അർഹതപ്പെട്ട കോമ്പൻസേഷൻ കൊടുക്കണം. അതുകൊണ്ടു് ഈ ഭേദഗതികൂടി സ്വീകരിച്ചാൽ ഈ നിയമനത്തിനു് ന്യൂനത സംഭവിക്കും. ഈ ഭേദഗതികൂടി സ്വീകരിക്കരുതെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇവിടെ ശ്രീ. കെ. പി. രാഘവപ്പൊതുവാളും ശ്രീ. കുനിക്കുലയ്യായും രണ്ടു ഭേദഗതികൂടി അവതരിപ്പിച്ചിരിക്കുകയാണു്. അതിൽ ആദ്യത്തെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു് ഇതാണു്. In clause 2 (proposed amendment to Section 2 of the Principal Act) (e), after Explanation 1, add the following proviso :

"Provided that in the case of sub-lease, the sub-lessor shall be treated as tenant in respect of the portion retained by him and as intermediary in respect of the portion sub-leased and the sub-lessee shall be treated as tenant in respect of the portion sub-leased."

എന്നാണു്. ഇതിൽ ഹോൾഡിംഗിനെപ്പറ്റി പറഞ്ഞിട്ടില്ല. ഇതിൽ ടെനൻറ് എന്താണു്, ഇൻറർമീഡിയറി എന്താണു് എന്നാണു് പറഞ്ഞിരിക്കുന്നതു്. അതുപോലെ തന്നെ മറ്റേ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്

In clause 2 in sub-clause (e) [In Explanation I of sub-section (17) of section 2 proposed to be substituted, at the end], add the following :

"and the sub tenant shall be deemed to be a tenant under the landlord".

എന്നാണു്. സബ് ടെനൻറു് ടെനൻറു് ആണെന്നുള്ളതിനെപ്പറ്റിയാണു് ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്. ഇതിൽ ഡഫനിഷനിൽ ഇൻറർ മീഡിയറി ആരാണെന്നു പറഞ്ഞിരിക്കുകയാണു്. പക്ഷെ അതിനെ സംബന്ധിച്ചിടത്തോളം ഭേദഗതികൂടി അപ്രസക്തമാണു്. ഡഫനിഷൻ കൊടുത്തിരിക്കുന്നതു് ഹോൾഡിംഗിനെ സംബന്ധിച്ചാണു്. ഹോൾഡിംഗിൻറെ ഡഫനിഷനിൽ പറഞ്ഞിരിക്കുന്നതു് "holding" means a parcel or parcels of land held under a single transaction by a tenant from a landlord and shall include any portion of a holding as above defined which the landlord and the tenant have agreed or are bound to treat as a separate holding.

Explanation 1 :—Where by act of parties or by operation of law, the interest of the tenant in his holding has been severed, splitting up the holding into two or more parts, or where a portion of the holding has been sub-leased, before the commencement of this Act,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരി]

each such part or, as the case may be, each of the portions retained by the tenant and sub-leased, shall be deemed to be a separate holding-

അതുകൊണ്ട് ഈ ഭേദഗതികൂടി വേണ്ട.

[10 A.M.]

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ കൊണ്ടുവന്ന ഭേദഗതിയുടെ തത്വം ഞാൻ അംഗീകരിക്കുന്നു. ശ്രീ. ചന്ദ്രശേഖരൻനായർ അതു സ്വീകരിക്കരുതെന്നു പറഞ്ഞതുകൊണ്ട് അദ്ദേഹം ഒന്നു ശ്രദ്ധിക്കണം. സബ്‌ലീസ് 1964-നു ശേഷം അംഗീകരിച്ചിട്ടില്ല. അങ്ങനെ പ്രൊഹിബിറ്റു ചെയ്തിട്ടുള്ളതു് ചെയ്തിട്ടുണ്ടെങ്കിൽ അതു കണക്കാക്കിക്കൂടാ. പാർട്ടീഷൻ മൂലം ഹോൾഡിംഗ് സ്പ്ലിറ്റു ചെയ്തിട്ടുണ്ടെങ്കിൽ അതുപോലെ മറ്റു വിധത്തിൽ കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ ഈ രണ്ടു സംഗതികളും ഹോൾഡിംഗായി കണക്കാക്കുന്നതു് കൂടിയാനെ സംബന്ധിച്ചിടത്തോളം നന്നായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രീ. സി. ബി. സി. വാര്യരുടെ ഭേദഗതിയൊന്നുമില്ലാതെ ഇപ്പോഴും കിടക്കുന്നതുപോലെയായാലും കുഴപ്പമില്ലല്ലോ, 1969-ലെ ആക്റ്റ് വന്നതിനുശേഷവും ഓരോ സെക്ഷനായിട്ടല്ലേ നോട്ടിഫൈ ചെയ്യുകയുള്ളൂ. 1970-ൽ ഒരു ഹോൾഡിംഗിൽ അച്ഛൻ മരിച്ചുപോയതിനുശേഷം പാർട്ടീഷനായി കിട്ടാനുള്ള അവകാശം കൊടുക്കേണ്ടതല്ലേ; പ്രത്യേക ഹോൾഡിംഗായി അംഗീകരിക്കേണ്ടതല്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : 1969-ലെ ആക്ട് നടപ്പിലാകുന്നതുവരെ എന്നുള്ള വിധത്തിൽ അല്ലേ ? അതുകൊണ്ടാണ് പ്രിൻസിപ്പിൾ ഞാൻ സ്വീകരിക്കുന്നു എന്നു പറയുന്നതു്. പക്ഷേ സബ്‌ലീസ് എന്നതു് ഞാൻ അംഗീകരിക്കുന്നില്ല. പാർട്ടീഷൻ മൂലം ഒരാൾക്കു് ഭാഗിച്ചു കിട്ടുന്നതായി വരുന്നതു് 1964 വരെ മാത്രമേയുള്ളൂ. എന്നാൽ അതു കഴിഞ്ഞിട്ടും പാർട്ടീഷൻ ഉണ്ടായിട്ടുണ്ടാകും, ഒരാൾക്കു് പാട്ടം കിട്ടിയിട്ടുള്ളതു് മറ്റൊരാൾക്കു് മാറ്റം ചെയ്തിട്ടുണ്ടാകാം. അതുകൊണ്ടു് brevity ഒഫ് കോൺട്രാക്ടു് അംഗീകരിക്കുന്നതിനു വേണ്ടി മറ്റൊരു വിധത്തിൽ ഒന്നു ചെയ്യുന്നതു് നന്നായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്. ഇതു പറയുമ്പോൾ വേറെ രണ്ടു വകുപ്പുകൾ (ഒറിജിനൽ ആക്ടു്) ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണു്.

48. *Apportionment of rent on severance of interest of landlord or tenant.*— (1) Where, by act of parties or by operation of law, the interest of the landlord or of the tenant in the land demised has been severed or a portion of the land demised has been sub-leased the landlord or the tenant may apply to the Land Tribunal for the apportionment of the rent and the security, if any.

49. *Notice to landlord and intermediary when the interest in the holding of the tenant is acquired.*— (1) Any person deriving an interest in the holding or part of the holding of a tenant by virtue of a title acquired by act of parties or by operation of law shall, where such interest is acquired after the commencement of this Act, within sixty days from the date of such acquisition, give registered notice of his interest in the holding or part of the holding to the landlord and the intermediaries, if any. The said notice, shall

LIBRARY ARCHIVES Kerala Legislative Assembly

contain particulars of the property, its extent, the nature of the interest acquired and the date of acquisition of such interest.

ഇതിനിടയിൽ കുറെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഇതു നടത്താത്തതു കൊണ്ടു് വന്നിട്ടുണ്ടു്. അതു നാം അംഗീകരിക്കണം. പാർട്ടീഷൻ മൂലം ഉണ്ടായിട്ടുള്ള ഹോൾഡിംഗ് ഉണ്ടായിട്ടുണ്ടെങ്കിൽ അവ ഈ ആക്ടു് വരുന്നതുവരെയുള്ളതു് നാം അംഗീകരിച്ചുകൊടുക്കും. ഇതു പറയുമ്പോൾ അതു കഴിഞ്ഞതിനു ശേഷം പാർട്ടീഷൻ ഇല്ലേ എന്നു് ശ്രീ. ചന്ദ്രശേഖരൻ നായർ ചോദിക്കും. അതുകൊണ്ടാണു് ആക്ടിന്റെ സ്കീമും ഇതുമായി ബന്ധപ്പെടുത്തണമെന്നു പറയുന്നതു്. ഈ ആക്ടിലെ സ്കീം മിച്ചഭൂമി എല്ലാം ഗവണ്മെന്റിൽ നിക്ഷിപ്തമാകുകയും കുടിയായ്മ ഭാവിയിൽ ഇല്ലാതാകുകയുമാണു്. ഇതാണു് ഇതിനകത്തുള്ള സ്കീം. അതുകൊണ്ടാണു് ഇക്കാര്യത്തെ സംബന്ധിച്ചു് ശ്രീ. വാര്യരുടെ ഭേദഗതി മുഴുവൻ അംഗീകരിക്കാത്തതു്. സബ്‌ലീസു് നിരോധിച്ചിരിക്കുന്നതുകൊണ്ടു് ഭേദഗതി മുഴുവനും വേണ്ട—by operation of law otherwise than by sub-lease—എന്ന ഭാഗം മാത്രം അംഗീകരിച്ചുകൊണ്ടു് ഹോൾഡിംഗിൽ സ്പ്ലിറ്റു് ഉണ്ടായിട്ടുള്ളതു് ഹോൾഡിംഗ് എന്നുള്ള നിലയിൽ ഈ ആക്ടു് നടപ്പിലാകുന്നതുവരെ അംഗീകരിച്ചുകൊടുക്കുക. അതിനുള്ള ഒരു ഭേദഗതി ഞാൻ തയ്യാറാക്കാം.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു് : യാതൊരു ഭേദഗതിയും കൂടാതെ ഇപ്പോൾ ഇരിക്കുന്നതു വായിച്ചാലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു തന്നെയാണു് അർത്ഥം.

ശ്രീമതി കെ. ആർ. ഗൗരി : ഇപ്പോൾ ഉള്ളതെന്താണെന്നുവച്ചാൽ ആക്ടു് നടപ്പിലാകുന്നതുവരെ എന്നാണു്. ഏതാക്ടു്?

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു് : 1964–ലെ ആക്ടു്.

ശ്രീമതി കെ. ആർ. ഗൗരി : 1964–നുശേഷം 48 and 49 വകുപ്പുകൾ മാത്രമെ ബാധകമാകുകയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ പറഞ്ഞിട്ടുള്ളതു് വളരെ ക്ലിയറാണു്. ഹോൾഡിംഗിന്റെ കാര്യത്തിൽ 'operation of law' എന്നുള്ളതിനു് ഡോറു് സ്പെസിഫൈ ചെയ്യേണ്ട കാര്യമില്ല. അഞ്ചുകൊല്ലം കഴിഞ്ഞു് ഒരാൾ മരിച്ചാൽ അയാളുടെ അവകാശികൾക്കു് കിട്ടണമെങ്കിൽ പ്രത്യേകം കൺസിഡർ ചെയ്യേണ്ടതാണു്. നേരെ മറിച്ചു് സബ്‌ലീസു് ആണെങ്കിൽ പ്രത്യേകം ഹോൾഡിംഗ് ഉണ്ടാക്കുന്നതു് ഈ ആക്ടിനുശേഷം പാടില്ല. There is a misunderstanding about the interpretation of the holding. ഹോൾഡിംഗിനെ സംബന്ധിച്ചിടത്തോളം by act of parties or operation of law സ്പ്ലിറ്റു ചെയ്യാൻ ടൈംലിമിറ്റു ചെയ്യാൻ പാടില്ല. രണ്ടാമതു് സബ്‌ലീസാണെങ്കിൽ 1964–ലെ ആക്ടു് (1) നുശേഷം.....

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ സബ്‌ലീസിന്റെ കാര്യം അംഗീകരിക്കുന്നില്ല.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു് : സബ്‌ലീസു് പ്രകാരമുള്ളതു് ആർക്കും അംഗീകരിക്കുവാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ അംഗീകരിക്കുന്നില്ല. ഭാവിയിൽ യാതൊരു സബ്‌ലീസും പാടില്ലാ എന്ന വേറൊരു വകുപ്പുണ്ട്. സബ് ലീസ് ഏതു വിധത്തിലുള്ളതായാലും ഞാൻ അംഗീകരിക്കുന്നില്ല. അതേ സമയം വേറൊരു ബുദ്ധിമുട്ടുണ്ട്. 1964-ലെ ആക്ട് നടപ്പിൽ വന്നതിനുശേഷം സബ്‌ലെറ്റിംഗിനെ സംബന്ധിച്ചിടത്തോളം സെക്യൂരിറ്റി ഓഫ് റെൻറ് കിട്ടുന്നതിനും മറ്റും 48, 49 വകുപ്പുകൾ മാത്രമാണ് നടപടികൾക്കായി പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് പാർട്ടീഷനും അതുപോലെയുള്ള നടപടികളും മറ്റും നടക്കാതെയിരിക്കുന്ന അനുഭവങ്ങളുള്ളതുകൊണ്ടും കോടതി വിധികളുള്ളതുകൊണ്ടും നാം ഇതംഗീകരിച്ചു കൊടുക്കുകയായിരിക്കും നല്ലതെന്നാണ് എൻറെ അഭിപ്രായം. അമൻറുമെൻറ് ആക്ട് നടപ്പിലാക്കിയശേഷവും സ്പ്ലിറ്റിംഗ് ഉണ്ടാകുകയില്ലെന്നു ഞാൻ പറയുന്നില്ല. പാർട്ടീഷനുണ്ടാകാം. ഒരാൾ മരിച്ചു പോയാൽ അതു നിയമപ്രകാരം ഉണ്ടാകാം. അല്ലാത്ത വിധത്തിലുണ്ടാകാം. ഇല്ല എന്നല്ല ഞാൻ പറയുന്നത്. ഇതിനെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ 48, 49 എന്നീ വകുപ്പുകൾ ഉണ്ട്. അവ അനുസരിച്ച് ഈ നിയമം നടപ്പിൽ വന്നു ഇത്ര കാല പരിധിക്കുള്ളിൽ ഭൂമികളെല്ലാം വെസ്റ്റു ചെയ്യപ്പെട്ടു ടെനൻസി ഇല്ലാതാകും. അങ്ങനെ ടെനൻസി ഇല്ലാതായാൽ പിന്നെ splitting ഇല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നോട്ടിഫൈ ചെയ്യുന്ന ഡേറു മുതലല്ലേ വരികയുള്ളൂ ?

ശ്രീമതി കെ. ആർ. ഗൗരി : നിങ്ങളെല്ലാം കൂടി നിർബന്ധിച്ചാണ് ആറു മാസം എന്നെഴുതിവച്ചിട്ടുള്ളത്. എന്നെ സംബന്ധിച്ചാണെങ്കിൽ അതിനും എത്ര നേരത്തെ ആകാമോ അതാണ് സ്വീകാര്യം.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഞങ്ങളുടെ നിർബന്ധം കൊണ്ടു വച്ചിട്ടുള്ളതാണെങ്കിൽ അതു മാറ്റാം.

ശ്രീമതി കെ. ആർ. ഗൗരി : എല്ലാം ഒറ്റയടിക്കു മാറ്റാൻ സാധിക്കുകയില്ല. ഏതായാലും ആറുമാസത്തിനകം എന്നുള്ളതു് അംഗീകരിച്ചിരിക്കുകയാണ്. ഞാൻ പറയുന്നത് മേലിൽ ഇനിയും സ്പ്ലിറ്റിംഗ് ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ്. ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ വാദത്തിൻറെ ബല ഹീനത ഇവിടെയാണ്. മേലിൽ സ്പ്ലിറ്റിംഗ് ഉണ്ടാകാം. ഇനിയും ആളുകൾ മരിച്ചു പോകാം. ഇത്രയും നാൾ നടന്നതു് അങ്ങനെ കിടക്കട്ടെ എന്നു പറയുന്നതാണ് ശ്രീ. ചന്ദ്രശേഖരൻ നായരുടെ വാദത്തിൻറെ ബല ഹീനത. ഇത്രയും നാൾ നടന്നതു് അങ്ങനെ കിടക്കട്ടെയെന്നു പറയുന്നതു് ശരിയല്ല. ഇതിനുള്ള ഞാൻ ഒരു ഭേദഗതി തയ്യാറാക്കി സർക്കുലേറു ചെയ്യാം. അതു ഇവിടെ ആലോചിച്ചു സ്വീകരിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ പറഞ്ഞതു് ബഹു:മന്ത്രി തെറ്റിദ്ധരിച്ചിരിക്കുകയാണ്. ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യരുടെ ഭേദഗതി നിയമപരമായി വളരെ അപകടമുണ്ടാക്കും. ഈ ആക്ടിലെ ഒന്നാമത്തെ വകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഇതിലെ ഓരോ വകുപ്പും ഗവണ്മെൻറു് നോട്ടിഫൈ ചെയ്യുന്നതിനനുസരിച്ചു് ഓരോരോ പ്രത്യേക തീയതികളിലെ പ്രാബല്യത്തിൽ വരികയുള്ള എന്നാണ്. അതുകൊണ്ടു ഇങ്ങനെയൊരു ഡഫനിഷൻ ഉണ്ടാക്കരുതെന്നാണ് ഞാൻ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ എന്റെ ഉള്ളിലുള്ളതു പറഞ്ഞു. ഞാൻ പറഞ്ഞതു് വ്യക്തമായില്ലെങ്കിൽ ഒന്നുകൂടി ആവർത്തിക്കാം. 1964-ലെ നിയമം നടപ്പിൽ വന്നതിനുശേഷം ഹോൾഡിംഗ് സ്പ്രിറ്റു ചെയ്താൽ അതു് ഹോൾഡിംഗ് എന്നുള്ള നിലയിൽ കണക്കാക്കാനുള്ള പ്രൊവിഷൻ 48,49 വകുപ്പുകളിൽ ഉണ്ടു്. അതു് ഉപയോഗപ്പെടുത്തിയിട്ടില്ലെന്നുള്ളതു് നാം അംഗീകരിക്കണം. ഇതാണു് പ്രധാന കാര്യം. ആളുകൾ അതു ഉപയോഗപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു് അതു് ഉപയോഗപ്പെടുത്തിയിട്ടില്ലെന്നുള്ളതു് അംഗീകരിച്ചു കൊണ്ടു് ഈ നിയമം നടപ്പിൽ വരുന്നതുവരെയുള്ള സ്പ്രിറ്റിംഗ് പ്രൊഹിബിറ്റു ചെയ്തിരിക്കുകയാണു്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ആ സെക്ഷൻ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : അതെല്ലാം നോട്ടിഫൈ ചെയ്തുകഴിഞ്ഞിട്ടുള്ളതാണു്. ആരെങ്കിലും ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ളതു് വേറൊരു കാര്യമാണു്. ഏതായാലും ഇതെല്ലാം നോട്ടിഫൈ ചെയ്തിട്ടുള്ളതാണു്. ആളുകൾ ഉപയോഗിച്ചിട്ടില്ല എന്നു പറയുന്നതു് നമ്മുടെ തകരാറുകൊണ്ടാണു്. രാഷ്ട്രീയ പ്രവർത്തകരും മറ്റും സംഘടനാപ്രവർത്തകരും ഇതൊക്കെ ആളുകളെ പഠിപ്പിക്കാത്തതുകൊണ്ടാണു്. അല്ലാതെ ആളുകളുടെ തകരാറാണെന്നു ഞാൻ പറയുന്നില്ല. ഇന്നയിന്ന വകുപ്പുകൾ ഉപയോഗപ്പെടുത്തണമെന്നു പറഞ്ഞു പഠിപ്പിക്കാത്തതിന്റെ തകരാറായിരിക്കും. ഏതായാലും ഇതു നടന്നിട്ടില്ലെന്നുള്ളതാണു് സത്യം. ആ യാഥാർത്ഥ്യം നാം അംഗീകരിക്കണമെന്നുള്ള നിലയിലാണു് ഞാൻ ഒരു ഭേദഗതി അവതരിപ്പിക്കുന്നതു്. അതുടൻതന്നെ പാസ്സാക്കി ആർക്കും പഠിക്കാൻ അവസരം തരുന്നില്ല എന്നു് ഞാൻ പറയുന്നില്ല. ഭേദഗതി ഇതാണു്.

In clause 2 (e), [in Explanation 1 of sub-section 17 of section 2, proposed to be substituted after the words 'has been severed' the words, brackets and figures "before the commencement of the Kerala Land Reforms (Amendment) Act, 1969"] shall be inserted.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശം ഈ ഭേദഗതികൊണ്ടും നടപ്പിലാകുമോ എന്ന സംശയമുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : സംശയം ഉണ്ടായിരിക്കാം. അതാണു് ഞാൻ പറഞ്ഞതു് സർക്കുലേറ്റു ചെയ്തതിനുശേഷം നല്ലവണ്ണം പഠിച്ചിട്ടു് വേണ്ടതു ചെയ്യാമെന്നു് 48, 49 വകുപ്പുകൾ ഉപയോഗിക്കാതെ വന്നതുകൊണ്ടു് വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുമ്പോൾ ഈ അമൻറുമെൻറു് ആക്ടു് നടപ്പിലാകുന്ന കാലംവരെയുള്ളതു നാം അംഗീകരിക്കുകയും അതിനുശേഷം 48,49 വകുപ്പുകൾ വേണമെങ്കിൽ അവർ ഉപയോഗിച്ചു കൊള്ളുകയും ചെയ്യട്ടെ, ഇതാണു് ഞാൻ ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ : ഹോൾഡിംഗ് എന്നുള്ളതിൽ മാറ്റം ആവശ്യമാണെന്നു പറഞ്ഞതിനു് രണ്ടുമൂന്നു കാരണങ്ങളുണ്ടു്. 1964-ലെ ഒന്നാം ആക്ടിൽതന്നെ ഹോൾഡിംഗ് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വളരെയധികം കൺഫ്യൂഷൻ ഉണ്ടായിരുന്നു. അതു പരിഹരിക്കണം. 1964-ലെ ഒന്നാം ആക്ടു് നടപ്പിൽ വന്നതിനുശേഷം സബ്ലീസു് വരുത്തിയിട്ടുണ്ടെങ്കിലും ചില ഇടപാടുകൾ നടന്നിട്ടുണ്ടു്. ഇതുപോലുള്ള ഇടപാടുകൾ ഉള്ളതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ]

1964-ലെ നിയമത്തിൽ ഉണ്ടായിരുന്ന അവ്യക്തതകൾ പോക്കത്തക്കനിലയിൽ ആയിരിക്കണം ഇപ്പോൾ പുതുതായി വ്യവസ്ഥകൾ കൊണ്ടുവരേണ്ടതു്. ഇതിനു പുറമെയുള്ള പ്രശ്നമാണു് ശ്രീ. ചന്ദ്രശേഖരൻ നായർ ഉന്നയിച്ചിട്ടുള്ളതു്. ഹോൾഡിംഗ്സ് എന്നുള്ളതു് കുടിയായ്മയായി മാത്രമല്ല. ഹോൾഡിംഗിന്റെ സ്വത്തുക്കളെ ആർക്കെങ്കിലും കൈമാറാൻ അവകാശം കൊടുക്കുന്നിടത്തോളംകാലം ഹോൾഡിംഗിനു് പ്രത്യേകമായ അധികാരം വേണം. ഹോൾഡിംഗ് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം എല്ലാക്കാലത്തേക്കുമായിട്ടു് ഈ നിയമം പാസ്സായി നടപ്പിൽ വരുത്തുന്നതിനു മുമ്പും പിമ്പും അവകാശം ലഭിക്കത്തക്കവണ്ണം സൗകര്യമായ നിലയിൽ ഇതു് ഭേദഗതി ചെയ്യേണ്ടതാണു്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളെല്ലാംകൂടി വച്ചു വായിച്ചപ്പോൾ ഇതേപ്പറ്റി ഒരു അവ്യക്തത മാത്രമായിട്ടുണ്ടു്. റവന്യൂ മന്ത്രി അവസാനം അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയും കൂടുതൽ വ്യക്തത ഉണ്ടാക്കുമെന്നു തോന്നുന്നില്ല. ഏതായാലും ഇതിനെസംബന്ധിച്ചു് പഠിച്ചുനോക്കിയാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഞാൻ പ്രത്യേകിച്ചു പറയുന്നതു് 1964-ലെ ഒന്നാം ആക്ടിൽ തന്നെ ഹോൾഡിംഗ്സിനെ സംബന്ധിച്ചിടത്തോളം അവ്യക്തതയുണ്ടു്. അതിനുശേഷമുള്ളതും പരിഹരിക്കേണ്ടതുണ്ടു്. ഈ ബിൽ പാസ്സായിക്കഴിഞ്ഞതിനുശേഷം ഹോൾഡിംഗ്സിനെ സംബന്ധിച്ചിടത്തോളം അവ്യക്തത നിലനിൽക്കാൻ പാടില്ല. ഇതുരണ്ടും ആവശ്യം പരിഹരിച്ചാൽ മാത്രമേ പുതുതായി ഉണ്ടാക്കുന്ന നിർവചനംകൊണ്ടു് ഫലം ഉണ്ടാവുകയുള്ളൂ.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ അവതരിപ്പിച്ച ഭേദഗതി വളരെ വ്യക്തമാണെന്നാണു് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ സംസാരിച്ചതു് ചില തെറ്റിദ്ധാരണകളുടെ അടിസ്ഥാനത്തിലാണെന്നാണു് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ സപ്ലിമെന്റു ചെയ്തു കഴിഞ്ഞിട്ടുള്ള ഹോൾഡിംഗ്സ് വീണ്ടും സെപ്പറേറ്റു് ഹോൾഡിംഗ്സായിട്ടു് അവകാശം ഉള്ള ആളുകൾ കൊടുത്തിട്ടുള്ള കേസ്സുകളിൽ ലാൻഡ് ടൈബ്യൂണലിന്റെ മുമ്പിൽ അപേക്ഷിക്കുന്ന കാര്യങ്ങൾ നടക്കാതിരിക്കുന്ന സാഹചര്യം നിലവിലുണ്ടു്. ഈ സന്ദർഭത്തിൽ ഇന്നു് ഇതിനു് യാതൊരു ഭേദഗതിയും കൂടാതെ ഈ ക്ലാസ് അംഗീകരിക്കുകയാണെങ്കിൽ 1964-നുശേഷം split up നടന്നിട്ടുള്ള ഹോൾഡിംഗിനെ സംബന്ധിച്ചിടത്തോളം ഈ 48, 49 വകുപ്പുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുഭവിക്കാൻ ഇടയാകാതെ നഷ്ടപ്പെടും. അതുകൊണ്ടു് അവർക്കുകൂടി ആനുകൂല്യങ്ങൾ അനുഭവിക്കണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്നാണു് എനിക്കു തോന്നുന്നതു്. ഞാൻ എല്ലാ ചർച്ചകളും ശ്രദ്ധാപൂർവ്വം കേട്ടതിനുശേഷം എനിക്കു തോന്നുന്നതു് 'the interest of the tenant in his holding has been severed before the commencement of the Kerala Land Reforms (Amendment) Act, 1969' എന്നു് വ്യക്തമായി പറഞ്ഞാൽമാത്രമേ 48, 49 വകുപ്പുപ്രകാരമുള്ള ആനുകൂല്യങ്ങൾ അനുഭവിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : 48, 49 വകുപ്പുകൾക്കു് ഈ ഭേദഗതികൾ ഇല്ലെങ്കിൽ എങ്ങനെയാണു് നിയമപരമായി തടസ്സം വരുന്നതു് ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ശ്രീ. ചന്ദ്രശേഖരൻ നായർ നേരത്തെ സൂചിപ്പിച്ച കാര്യം തെറ്റാണെന്നു് എനിക്കു തോന്നുന്നു. Before the commencement of the Act എന്നു് കാളിഫൈ ചെയ്യുന്നതു് ഇതിനെല്ലാറ്റിനും ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : 1964-ലെ ആക്ട് വന്നതിനുശേഷം 1969 ജനുവരി 1-ാം തീയതിവരെ സബ്‌ലീസ് പ്രൊഹിബിറ്റു ചെയ്തിട്ടുണ്ട്. ഒരാൾ മരിച്ചുപോയാൽ അയാളുടെ അവകാശി, മരിച്ച ഡേറ്റു പറഞ്ഞാൽ, വെസ്റ്റിംഗ് ഡേറ്റ് കൊടുക്കേണ്ട ആവശ്യമില്ല. ഇല്ലാത്ത കേസ്സുകളുണ്ടെങ്കിൽ അവർക്ക് ഹോൾഡിംഗിന്റെ റൈറ്റ് കിട്ടണം.

ശ്രീമതി കെ. ആർ. ഗൗരി : 48, 49 വകുപ്പുകളിലെ അവകാശം അവക്ക് ഉപയോഗിക്കാം. അത് ഉപയോഗിക്കാതെ പോയത് കഴിഞ്ഞ കാലത്ത് കിട്ടിയിട്ടില്ല. 48, 49 ഈ രണ്ട് ക്ലാസ്സുകളിലെ അവകാശങ്ങൾ ഉപയോഗിച്ചിട്ടില്ല. അങ്ങനെ ഉപയോഗിക്കാതിരുന്ന ആളുകൾക്ക് അവരുടെ അവകാശം നഷ്ടപ്പെടുത്തണമോ വേണ്ടയോ എന്നുള്ളതാണ് പ്രശ്നം.

ശ്രീ. ചാത്തുണ്ണി മാസ്റ്റർ സബ്‌ലീസ് അംഗീകരിക്കണമെന്നു പറഞ്ഞു. ഞാൻ അതു അംഗീകരിക്കുന്നില്ല. That will be defeating the provision of ceiling. All voluntary transfers will be null and void, സബ്‌ലീസ് ചെയ്യുന്നതു വേറെ ഏതെങ്കിലും വിധത്തിൽ ലീസ് പ്രൊഹിബിറ്റു ചെയ്യുന്നതാണ്. ഇത്ര ഡേറ്റു കഴിഞ്ഞതിനുശേഷം all voluntary transfers will be null and void എന്നു പറയുന്നുണ്ട്.

ഇതെല്ലാം അംഗീകരിച്ചു കൊടുക്കുകയാണെങ്കിൽ വേറെ ചില ബുദ്ധിമുട്ടുണ്ട്. ഭാവിയിൽ പാട്ടം പാടില്ല എന്നു പറഞ്ഞിരിക്കുകയാണ്. ഈ അവകാശം കൂടിയാന്മാർ നഷ്ടപ്പെടുത്തി ഉപയോഗിക്കാതിരിക്കുന്നതു എന്തുകൊണ്ട്? അതെല്ലാം ആലോചിച്ചിട്ട് വെസ്റ്റിംഗ്‌വരെ 48, 49 വകുപ്പുകളുടെ ആനുകൂല്യം ഉപയോഗിക്കുക എന്നു പറയുന്നതായിരിക്കും ഉചിതം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 48, 49 വകുപ്പുകൾ ഹോൾഡിംഗ് സിന്റെ നിർവചനമായിരുന്നെങ്കിൽ വിഷമമില്ല. കൂടികിടപ്പിനുതന്നെ ഹോൾഡിംഗ്‌സിന്റെ നിർവചനം കൊണ്ടുവന്നപ്പോൾ പർട്ടിക്കുലർ ഡേറ്റു വച്ചാൽ അതു കഴിഞ്ഞതിനുശേഷം ഹോൾഡിംഗ് അല്ലാതായിത്തീരും എന്നു പറഞ്ഞു. ഒന്നാമതായിട്ട് ആക്ട് ഓഫ് പാർട്ടീസിനു വേണ്ടിയിട്ടുള്ള ഹോൾഡിംഗിനെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും വെസ്റ്റിംഗ് ഉണ്ടാവുന്നതുവരെ അവകാശം കിട്ടണം.

ശ്രീമതി കെ. ആർ. ഗൗരി: എന്റെ ഭേദഗതി സർക്കുലേറ്റു ചെയ്യുകയാണ്. അതു ആലോചിക്കണം. ഇന്നതന്നെ തീരുമാനമെടുക്കുമെന്നു പറയുന്നില്ല. നിയമം എത്രത്തോളം നല്ലതാക്കാൻ കഴിയുമോ അത്രത്തോളം നല്ലതാക്കണം. അതിനു എന്റെ അഭിപ്രായത്തിൽ എന്റെ ഭേദഗതി കൊള്ളാമെന്നാണ് തോന്നുന്നതു. ഈ സബ്‌ക്ലാസ് മാറ്റിവയ്ക്കാം.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: 48, 49 വകുപ്പുകൾക്കു ഭേദഗതികൾ കൊടുത്താൽ ഇതു പരിഹരിക്കാൻ കഴിയുകയില്ലേ?

ശ്രീമതി കെ. ആർ. ഗൗരി : ഹോൾഡിംഗ് എന്നുള്ളതിനു ഡഫനിഷൻ ഉണ്ട്. 48, 49 എങ്ങനെ ഉപയോഗിക്കാമെന്നാണ് ഹോൾഡിംഗ്‌സിന്റെ ഡഫനിഷനിൽ ഉള്ളതു.

Mr. Chairman (**Sri J. A. Chacko**): Discussion of Clause 2, sub-clause (e)—sub-section 17—is postponed. We will proceed with the next sub-clause.

Sri U. P. Kunhikullaya : Sir, I move:

(52) In clause 2 in sub-clause (e) [In (h) of sub-section (18) of section 2 proposed to be substituted], at the end add the words 'suitable to the holding'.

Clause 2(18) says 'the planting or protection and maintenance of fruit trees, timber trees and other useful trees and plants'. What are the intentions of the planners or of the National Planning Commission in recommending that the tiller of the soil must become the owner of the soil. The main aim of putting forward such an idea is that the tiller of the soil must have some incentive to grow more food crops. Will that objective be achieved by giving wide powers to the person in possession of the holding to effect improvements as he likes? Will it not enable the person in possession of the holding to convert it into non-agricultural land or plant such trees which are not suitable to the holding, such as teak, so that not only the holding in question loses its character as an agricultural holding, but it also adversely affects the surrounding agricultural holdings. If the proclaimed intention of giving incentive to the tiller of the soil to grow more food is to be achieved by conferring ownership on him, he should not be allowed to change the nature of the land to the detriment of the holding in question. That is why I have suggested the amendment that the improvements effected should be suitable to the holdings. Therefore, I request that this amendment may be accepted.

Sri K. P. Raghava Poduval: I move:

(29) In clause 2 (e) [propose l amendment to section 2(18) of the Principal Act], after (h), add a new sub-section (i) as follows:

" (i) cutting and removing stones or rocks for effecting improvements. 1964-ലെ ആക്ടിലെ improvement-ന്റെ നിർവചനം നോക്കാം, അതു് The term 'improvement' shall have the meaning assigned to it under the Kerala Compensation for Tenants Improvements Act, 1958 എന്നാണു്. ഈ ബില്ലിലെ നിർവചനം ഇങ്ങനെയാണു്. the term *improvement* means any work or product of a work which adds to the value of the holding, and includes etc., etc.

ബഹുമാനപ്പെട്ട ശ്രീ. കുനിക്കുല്ലയ്യയുടെ ഭേഗതി " suitable to the holding " എന്ന ഇതിൽ അവസാനമായി ചേർക്കണമെന്നാണു്. കഴിഞ്ഞ കുറെ കാലത്തിനിടയിൽ ഉണ്ടായിട്ടുള്ള ചില ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ 1964-ലെ ആക്ടിൽ ഇംപ്രൂവ്മെൻറിനുള്ള നിർവചനത്തിൽ മാറ്റം വരുത്തേണ്ടതുണ്ടു്. ഇന്നു് കൃഷി ചെയ്യാൻ സാധിക്കാത്ത വളരെയധികം കൃഷിഭൂമികൾപോലും തെങ്ങു്, കമുകു്, റബ്ബർ മുതലായവയുടെ കൃഷിക്കായി മാറിയിട്ടുണ്ടു്. ഇതൊക്കെ ഒരു ദിവസംകൊണ്ടു് വന്നിട്ടുള്ളതല്ല. തുടർച്ചയായി വന്നിട്ടുള്ളതാണു്. അതൊക്കെ പൊളിച്ചുനീക്കണമെന്നും ഇംപ്രൂവ്മെൻറു് അല്ലെന്നുമുള്ള വ്യാഖ്യാനം ഹൈക്കോടതിയിൽനിന്നു വന്നിട്ടുണ്ടു്. അപ്പോൾ 1964-ലെ ആക്ടിലുള്ള നിർവചനം ഈ രാജ്യത്തുള്ള നെൽകൃഷിക്കു മാത്രമല്ല ഒരു കൃഷിക്കും ഉപകാരമാകുന്നതല്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട ശ്രീ. കുനിക്കുല്ലയ്യയുടെ ഭേഗതിയോടു് ഞാൻ വിയോജിക്കുകയാണു്. അതോടൊപ്പംതന്നെ ഞാൻ കൊടുത്തിരിക്കുന്ന അമെൻറുമെൻറു് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായി വന്നിരിക്കുകയും ചെയ്തിരിക്കുകയാണു്. ഈ ബില്ലിൽ ഇംപ്രൂവ്മെൻറിനെ സംബന്ധിച്ചു പറയുന്നതു് ഇങ്ങനെയാണു്:

The term "improvement" means any work or product of a work which adds to the value of the holding, and includes—

(a) the erection of dwelling houses, buildings, appurtenant thereto and farm buildings;

(b) the construction of tanks, wells, channels, dams and other works for the storage or supply of water for agricultural or domestic purposes;

(c) the preparation of land for irrigation; etc., etc.

തീരെ ഒന്നിനും കൊള്ളാത്ത സ്ഥലങ്ങളുണ്ടു്. പാറസ്ഥലങ്ങളുണ്ടു്. യാതൊരുതരത്തിലുള്ള ഹൈക്കോടതിവിധിക്കും യാതൊരു തരത്തിലും സംശയം വേണ്ട എന്നുള്ള നിലയിൽതന്നെയാണു് ഞാൻ ഭേദഗതി കൊടുത്തിട്ടുള്ളതു്. കാണുന്ന തെങ്ങുകൾപോലും വെട്ടിനീക്കണമെന്നുള്ള തരത്തിൽ ചില കോടതി വിധികൾ ഉണ്ടായിട്ടുണ്ടു്. അവ suitable to the holding അല്ല എന്ന നിഗമനത്തിൽ ആ നിലയ്ക്കു് കൂടുതൽ ജാഗ്രത വേണം. ഹൈക്കോടതി എന്നു പറഞ്ഞാൽ നിയമത്തിലെ വ്യാഖ്യാനംകൊണ്ടു് പല കളികളും കളിക്കും. ആ കളി സ്വാഭാവികമായി പാവപ്പെട്ട കർഷകർക്കെതിരായി വരും. അതുകൊണ്ടു് ഇംപ്രൂവ്മെൻറ്സ് എന്നുള്ളതു് കുറേക്കൂടി വ്യക്തമാക്കണം. പാറ പൊട്ടിക്കുന്നതു പോലും തെറ്റാണെന്നാണു് പറയുന്നതു്. അതിനു് നഷ്ടപരിഹാരം ജന്മിക്കു് കൊടുക്കണം. പാറ പൊട്ടിച്ചു് ആ സ്ഥലത്തു് തെങ്ങോ കമുകോ വയ്ക്കുകയാണെങ്കിൽ അതിൻറെ വിലപോലും ജന്മിക്കു് കൊടുക്കണമെന്നാണു് പറയുന്നതു്.

ശ്രീ. കെ. ടി. ജോജ്ജു: പാറ പൊട്ടിക്കുന്ന തരം ഭൂമിയെ സംബന്ധിച്ചു് പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് ചോദിക്കുകയാണു്. ശ്രീ. പൊതുവാളുടെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു് "Cutting and removing stones or rocks for effecting improvements" എന്നാണു്. അതിൽ ഒരു സംശയമുള്ളതു്, ഇങ്ങനെയുള്ള പാറകളെല്ലാംതന്നെ വെട്ടിമാറ്റുകയാണെങ്കിൽ ഭൂമിയുടെ വില കൂടത്തക്ക രീതിയിൽ വയ്ക്കുമോ, കുറക്കത്തക്ക രീതിയിൽ വയ്ക്കുമോ എന്നുള്ളതാണു്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: എൻറെ മാന്യ സ്നേഹിതനു് അതേ സംബന്ധിച്ചു് അറിയാമല്ലോ. ഞാൻ പറയേണ്ട ആവശ്യമില്ല. എന്തായാലും ഇതിനു് കൂടുതൽ വ്യാഖ്യാനം നൽകുന്നതു് നല്ലതാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി എൻറെ ഭേദഗതി സ്വീകരിക്കണം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ശ്രീ. പൊതുവാളുടെ ഭേദഗതിയിൽ പറയുന്നതു് cutting and removing stones or rocks for effecting improvements എന്നാണു്. ആരും കല്ലുവെട്ടി എടുക്കുന്നതിനു് വില കൊടുക്കേണ്ട ആവശ്യമില്ല.

The term "improvement" shall have the meaning assigned to it under the Kerala Compensation for Tenants Improvement Act എന്നാണു് മുൻപുള്ള നിയമത്തിൽ ഉണ്ടായിരുന്നതു്. ഇപ്പോൾ അതു എടുത്തുകളയാൻ തീരുമാനിച്ചതുതന്നെ കടിയാനു് improvement-ൻറെ എല്ലാ തരത്തി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ലുമുള്ള compensation കിട്ടുന്നതിനുവേണ്ടിയാണു്. ശ്രീ. കുനിക്കുല്ലയ്യ കൊണ്ടുവന്ന ഭേഗതി suitable to the holding എന്നുകൂടി ചേർക്കണമെന്നാണു്. ഒരു നിലം കാലാന്തരത്തിൽ തെങ്ങുംതോപ്പായി മാറുകയാണെങ്കിൽ അതു് ഇംപ്രൂവ്മെന്റു് അല്ലെന്നുള്ള നിലയിൽ മാറും ഈ ഭേഗതി അംഗീകരിച്ചാൽ. നിയമത്തിൽ മുൻപുണ്ടായിരുന്ന വ്യവസ്ഥ അതായിരുന്നു. അതു മാറാനാണു് ഭേഗതിയിൽ ഇങ്ങനെ വ്യക്തമായി എഴുതിച്ചേർത്തതു്. ഇന്നു് ഒരാൾക്കു കൊടുത്തിരിക്കുന്ന വസ്തു അതിനേക്കാൾ കൂടുതൽ വിലയുള്ള വസ്തുവാക്കി മാറുകയാണെങ്കിൽ അതു് ഇംപ്രൂവ്മെൻറായിട്ടു് മാറുമെന്നാണു് ഇതിൽ പറയുന്നതു്.

The term "improvement" means any work or product of a work which adds to the value of the holding, എന്നാണു് പറയുന്നതു്. ആ കാര്യം ഇതിൽ വ്യക്തമായി പറയുന്നുണ്ടു്. അതുകൊണ്ടു് ഈ ഭേഗതിയുടെ ആവശ്യമില്ല. ശ്രീ. പൊതുവാൾ ഈ കാര്യം പറയാനുള്ള കാരണമുണ്ടു്. കണ്ണൂർ ജില്ലയിൽ മങ്ങാട്ടു പറമ്പിൽ കല്ലുവെട്ടിനെ സംബന്ധിച്ചു് കേസ്സുകളുണ്ടായിട്ടുണ്ടു്. അതേ സംബന്ധിച്ചിടത്തോളം അതു് ഡാമേജാണെന്നു വിധി ഉണ്ടായിട്ടുണ്ടു്. ഈ ഡെഫനിഷൻ വരുന്നതിനു മുൻപാണു് അതു് ഉണ്ടായിട്ടുള്ളതു്. ഇപ്പോഴത്തെ നിർവചനത്തിൽ ഈ കാര്യങ്ങളെല്ലാം വ്യക്തമായി പറയുന്നതുകൊണ്ടു്, the term "improvement" means any work or product of a work which adds to the value of the holding, and includes—(i) the erection of dwelling houses, etc., etc., etc., എന്നുള്ളതുകൊണ്ടു് ശ്രീ. പൊതുവാളിന്റെ ഭേഗതി ആവശ്യമില്ല. അതുകൊണ്ടു് ഈ ഭേഗതി ഞാൻ അംഗീകരിക്കുന്നില്ല. ശ്രീ. കുനിക്കുല്ലയ്യയുടെയും ഭേഗതി അംഗീകരിക്കുന്നില്ല. നാം എന്തു ഉദ്ദേശത്തിലാണോ ഈ വകുപ്പു് ഉൾപ്പെടുത്തിയതു് അതു് ഇല്ലാതാക്കുന്ന തരത്തിലുള്ള ഭേഗതിയാണു് ശ്രീ. കുനിക്കുല്ലയ്യ അവതരിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടു് ആ ഭേഗതി അംഗീകരിക്കുന്നില്ല.

Sri U. P. Kunhikullaya: If my amendment was to the effect that suitable to the holding for the purposes for which it is let, then the criticism would have been justified. My submission is that "suitable to the holding" will not deprive a person in planting arecanut or coconut. It must be an agricultural improvement; not any other improvement. That is the purport of my amendment.

ശ്രീമതി കെ. ആർ. ഗൗരി : കോടതി വ്യാഖ്യാനിക്കുന്നതു് തടയാൻ സാധിക്കുകയില്ല. "Suitable to the holding" എന്നു പറഞ്ഞാൽ പല തരത്തിൽ വ്യാഖ്യാനിച്ചു് എന്നു വരും. അതു് വളരെ ബുദ്ധിമുട്ടു് ഉണ്ടാക്കും. ആ ബുദ്ധിമുട്ടു് ഉണ്ടാക്കാതിരിക്കുന്നതാണു് നല്ലതു്. അതുകൊണ്ടു് ഈ ഭേഗതി സ്വീകരിക്കുന്നില്ല.

The amendment (No. 29) moved by Shri. K. P. Raghava Poduval was, by leave, withdrawn.

The amendment (No. 52) moved by Shri U. P. Kunhikullaya was, put and lost.

Sri U. P. Kunhikullaya: I move:

(53) In clause 2 in sub-clause (e) [sub-section (19) of section 2 proposed to be substituted] delete sub-clause (19).

Sir, as I already submitted to the house, intermediaries being parasites on society, they should not be given any protection. That is why I have suggested for its deletion

LIBRARY ARCHIVES Kerala Legislative Assembly

Sri C. B. Chandrasekhara Warrier: Can you remove the intermediary simply by deleting the definition ?

Sri Kunhikullaya: Every mortgagee will be an intermediary. So also the lessee. The lessee who has sub-leased is given protection under the definition of lessee. So my submission is that the definition of "intermediary" is not necessary at all.

Sri C. B. Chandrasekhara Warrier: Is it necessary to remove the definition of intermediary ?

Sri U. P. Kunhikullaya: What I am saying is that this definition itself is superfluous. As regards the mortgagee and the lessee, there is the definition in the Transfer of Property Act and that will govern them. If we consider their rights separately in this enactment, what will be their rights. In other clauses, we have protected the compensation payable to the mortgagee or the lessee. We have provided so many things in this Bill. This clause dealing with intermediary is superfluous. The mortgagee is given protection under other clauses of this Act. Similarly the lessee has been given protection under the provisions of this Act. Then what is the necessity for this definition ?

ശ്രീമതി കെ. ആർ. ഗൗരി: ഇൻറർമീഡിയറിയെ ഈ സ്റ്റേജിൽ മാറ്റാൻ പറ്റുകയില്ല. പ്രൊപ്പോഷണലായിട്ട് പാട്ടം കൊടുക്കുന്നതിനും അല്ലെങ്കിൽ അവകാശം നിഷേധിക്കുന്നതിനും ഇതാവശ്യമാണ്. വേറെ ഒന്നും ഭരണഘടനയിൽ പറയുന്നില്ല ഈ അവകാശം നിഷേധിക്കാൻ. അതുകൊണ്ട് ഇതു വേണ്ടെന്നു നമ്മൾ എഴുതുകയാണെങ്കിൽ പിന്നെ തർക്കംവരും.

Sri U. P. Kunhikullaya: There is no other intermediary. In the definition it is stated: "intermediary" means any person who, not being a land-owner has an interest in the land and is entitled, by reason of such interest, to possession thereof, but has transferred such possession to any other person.

ശ്രീമതി കെ. ആർ. ഗൗരി: മോർട്ടഗേജിയിൽ തന്നെ താഴോട്ടു വരുന്നവർക്കു വാങ്ങിക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. അപ്പോൾ ഇൻറർമീഡിയറി ഇല്ലാതെവന്നാൽ ബുദ്ധിമുട്ടുണ്ടാകും.

Sri U. P. Kunhikullaya: The lessee's interest is protected; the mortgagee's right is protected. What other intermediary is there ?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, ഈ ഡഫനിഷൻ ഇല്ലാതെ പറ്റുകയില്ല. അതുകൊണ്ട് അദ്ദേഹം അദ്ദേഹത്തിൻറെ ഭേദഗതി പിൻവലിക്കേണ്ടതാണ്.

The amendment (No. 53) moved by Shri U. P. Kunhikullaya, was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Sri K. P. Raghava Poduval: Sir, I move—

(30) In clause 2 [Proposed amendment to section 2 (22) of the principal Act] (f), after the words "kanam or kanappattam" add the words "whether it is for the enjoyment or not".

Sri P. K. Gopalakrishnan: Sir, I move—

(54) In clause 2 in sub-clause (f) [In (b) of sub-section (22) of section 2 proposed to be substituted], after the words "by a landlord" add the words "or any one holding under him".

Sri E. Chandrasekharan Nair: Sir, I move—

(75) In clause 2 (f) [In proposed amendment to section 2 (22) of the principal Act] in (b), delete the word 'landlord' and substitute the word 'person'.

(77) In clause 2 (f) [In proposed amendment to section 2 (22) of the principal Act] in (b), insert the word "Pattapanayam" between the words 'panayam' and 'nerpanayam'.

(78) In clause 2 (f) [In proposed amendment to section 2 (22) of the principal Act] in (b), delete the words "and (a) (ii)".

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ:

സർ, കാണത്തിന്റെ ഡഫനിഷനിൽ രണ്ടുതരത്തിലുള്ള കാണത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്.

(a) "the transfer for consideration, in money or in kind or in both, by a *person* of an interest....." അതായത് ലാൻറ്ലോർഡ് ആകണമെന്നില്ല. A person എന്നാണ്. പക്ഷെ ആ ഡോക്യുമെൻറിൽ കാണമെന്നോ കാണപ്പാട്ടമെന്നോ പറഞ്ഞുകാണും. പറയുന്നതെന്താണെന്ന വച്ചാൽ കരിപ്പണയമെന്നോ പണയമെന്നോ നേർപ്പണയമെന്നോ മാറാതെങ്കിലും പേരിലോ ആണ് ആ ഡോക്യുമെൻറിൽ വിശേഷിപ്പിക്കുന്നത്. അങ്ങിനെയാണെങ്കിൽ തന്നെയും യഥാർത്ഥത്തിൽ അവ മോർട്ട്ഗേജ് ആയിരിക്കുന്നതല്ലെന്നും കാണമാണെന്നും ആണ് ഇതിൽ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനു മുന്ന ഇൻസിഡൻസു പറയുന്നുണ്ട്. അവ:

A. renewal on the expiry of any specified period;

B. payment of michavaram;

C. payment of customary dues.

ഈ മൂന്ന ഇൻസിഡൻസിൽ ഏതെങ്കിലും ഒന്നുള്ളതാണെങ്കിൽ കരിപ്പണയമെന്നോ പണയമെന്നോ നേർപ്പണയമെന്നോ ഒക്കെ പറയുന്ന. എങ്കിൽതന്നെയും അത് കാണമായിട്ട പറയും. പക്ഷെ, അത് ഒരു ലാൻറ്ലോർഡ് ഒരു ടെനൻറിനു കൊടുക്കുന്ന അവസരത്തിൽ മാത്രമേ ഡഫനിഷൻ പ്രകാരം കാണമായി വരുകയുള്ള. എന്നാൽ ലാൻറ്ലോർഡു കൂടാതെ ഇൻറർമീഡിയറികളും ഡോക്യുമെൻറ് എക്സിക്യൂട്ടചെയ്തു കൊടുക്കുന്നുണ്ട്. ഈ ഡഫനിഷനിൽ ഭേഗേതി കൂടാതെ പോവുകയാണെങ്കിൽ

'the transfer for consideration in money or in kind or in both by a landlord.....'

എന്നവരും. അതോടുകൂടി ചെയ്യണമെന്നു ഞാൻ പറയുന്നത് 'or any one holding under him,'

LIBRARY ARCHIVES Kerala Legislative Assembly

ഇതാണു്. എന്നു പറഞ്ഞുകഴിഞ്ഞാൽ ഇൻറർമീഡിയറികളും ഈ രീതിയിൽ ട്രാൻസ്ഫർചെയ്ത ഡോക്യുമെൻറുകളും ആണെങ്കിൽ പോലും നേരത്തെ പറഞ്ഞ ഇൻസിഡൻസിൽ ഏതെങ്കിലും ഒന്നുണ്ടെങ്കിലും മോർട്ട്ഗേജായിട്ട കണക്കാക്കണം.

ശ്രീമതി കെ. ആർ. ഗൗരി: ലാൻറു് ഓണറാണു് അസൽ ലാൻറു് ഓണർ. ലാൻറുലോർഡിൽ ഇൻറർമീഡിയറി കൂടിവരും.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഈ ഡഫനിഷനിൽ ഇൻറർമീഡിയറി കൂടി വരുമോ ?

ശ്രീമതി കെ. ആർ. ഗൗരി: ടെനൻറിനെ സംബന്ധിച്ചും ലാൻറുലോർഡിനെ സംബന്ധിച്ചും ഡഫനിഷൻ വ്യത്യാസമാണു്. ലാൻറുലോർഡിൽ ഇൻറർമീഡിയറി വരും.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: 'Landlord' means a person under whom a tenant holds and to whom he is liable to pay rent, and includes a landowner. A sub-tenant holds under an intermediary and he is liable to pay rent to that intermediary. So this also will come within the scope of it.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: അങ്ങനെയാണെങ്കിൽ ഈ കാണത്തിൻെറ ഡഫനിഷനിൽ (എയിൽ) 'ഏ പേഴ്സൻ' എന്നുവച്ചതും (ബിയിൽ) 'ഏ ലാൻറുലോർഡു്' എന്നു വച്ചതും എന്തിനാണെന്നു് മനസ്സിലാകുന്നില്ല. (എയിൽ) ഏ പേഴ്സൺ എന്നുള്ളതു് കരിപ്പണയം, പണയമെന്നോ, നേർപണയമെന്നോ എല്ലാം പേരിൽ വിശേഷിപ്പിക്കുകയാണെങ്കിൽ അതു് 'the transfer for consideration, in money or in kind or in both, by a person of an interest in specific immovable property.. ...' എന്നാണു് പറയുന്നതു്. (എയിൽ) a person എന്നാണു്. മറേതിൽ landlord എന്നാണു്. ഇതു രണ്ടും തമ്മിൽ എന്തോ വ്യത്യാസമുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീമാൻ ചന്ദ്രശേഖരൻ നായരും മറും സംസാരിച്ചുകഴിഞ്ഞതിനുശേഷം എന്താണു് വ്യത്യാസമെന്നു് എനിക്കും അറിയണം. അറിഞ്ഞതിനുശേഷം സ്വീകരിക്കാൻ കൊള്ളാമെങ്കിൽ സ്വീകരിക്കാം. എന്താണു് പേഴ്സൻ എന്നു വയ്ക്കാൻ കാരണം ? കാണം എന്ന "പേരു" ഉണ്ടെങ്കിൽ "enjoyment" എന്ന നിബന്ധന വേണം എന്നില്ല. "Landlord-tenant relationship" prove ചെയ്യേണ്ട ആവശ്യമില്ല. അങ്ങനെയാണു് ജസ്റ്റിസു് രാമൻ നായരുടെ വിധിയിൽ പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടാണു് ഇതിൽ "a person" എന്ന ചേർത്തും landlord എടുത്തുകളഞ്ഞതും. രണ്ടാമത്തേതു് പാട്ടമെന്നോ കരിപ്പണയമെന്നോ അങ്ങനെ എന്തു പേരു പറഞ്ഞാലും വേണ്ടില്ലാ എന്നു കരുതിയാണു് 'for the latter's enjoyment' എന്നു പറഞ്ഞതു്. അതുകൊണ്ടു് അതു ഡിലീറ്റുചെയ്യാൻ പാടില്ല. ഇതിൽ നമ്മൾ ഒരു വ്യത്യാസം വച്ചിരിക്കുന്നതു് എൻജോയിമെൻറു കൂസ്റ്റ്യൻ വരുന്നുണ്ടു്. അതുകൊണ്ടാണു് ഇങ്ങനെ ഭേദഗതി ചെയ്തതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, (എ) സാധാരണ നിയമത്തിലുള്ള കാണത്തിൻെറ നിർവചനം കൊടുത്തിട്ടുണ്ടു്. (ബി) യഥാർത്ഥത്തിൽ കാണത്തിൻെറ സ്വഭാവമുണ്ടെന്നു വരുന്നു. എന്നാൽ മറു പേരിൽ അറിയപ്പെടുന്നതായ പാട്ടങ്ങൾക്കും കാണങ്ങൾക്കും ഉള്ള അവകാശം കൊടുക്കണമെന്നുള്ള ഉദ്ദേശത്തിലാണു് വ്യാപ്തി വർദ്ധിപ്പിച്ചുകൊണ്ടു് (ബി) ഉൾപ്പെടുത്തിയിരിക്കുന്നതു്. ഇതിനകത്തു് ഒറിയാണോ പാട്ടമാണോ പണയമാണോ അവിടെ .. .. ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

ജന്മിയും കുടിയാനും തമ്മിൽ ബന്ധമുണ്ടോ ? ഉണ്ടെങ്കിൽ അവർക്കു് ടെനൻസി കിട്ടണം. അതാണു് പുതിയ ഡഫനിഷൻ കൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. അതല്ലെങ്കിൽ ഒരു ഒറ്റിക്കാരനാണു്. അയാൾക്കു് ഒരു പണയം കൊടുത്തതിനുള്ള 'security for money' മാത്രമാണെന്നുണ്ടെങ്കിൽ അവർക്കു് ഈ ടെനൻസി റൈറ്റു് കൺഫർ ചെയ്യാൻ പാടില്ല.

[11 a.m.]

ഈ പണം കൊടുക്കുന്നതു് ഒരു സെക്യൂരിട്ടിയായി മാത്രമാണെങ്കിൽ അതു് യഥാർത്ഥത്തിൽ പാട്ട സ്വഭാവമുള്ളതാണു്. അവർ തമ്മിൽ പാട്ടക്കാരനെന്നും ഭൂവുടമയെന്നുമുള്ള ബന്ധം ഉണ്ടോ എന്നുള്ളതാണു് ചോദ്യം. കാണത്തിന്റെ നിർവ്വചനത്തിൽ മുൻപു് ഉണ്ടായിരുന്നതു്

'kanam' means the transfer for consideration, in money or in kind or in both, by a landlord of an interest x x x

എന്നുതന്നെയായിരുന്നു. പക്ഷേ അതിനകത്തും എൻജോയ്മെന്റു് ഉണ്ടു്. കണ്ടീഷൻസു് പറയുന്നതു് അതു കാണമാകണമെങ്കിൽത്തന്നെയും

'a right in the transferee to hold the said property liable for the consideration paid by him or due to him'

the liability of the transferor to pay to the transferee interest on such consideration unless otherwise agreed to by the parties; and

'payment of michavaram or customary dues, x x x

അപ്പോഴും അവിടെ person ആകുന്നതിന്റെ പ്രധാന വ്യത്യാസം എന്നു പറയുന്നതു് ലാൻഡ്ലോർഡിന്റെ ഡെഫനിഷനിൽ ഇൻറർമീഡിയറി എന്നു പറയുന്നതുകൊണ്ടല്ല. പഴയ നിയമത്തിൽ ലാൻഡ്ലോർഡിന്റെ നിർവ്വചനം 'landlord' means a person under whom a tenant holds and to whom he is liable to pay rent, and includes a landowner

എന്നാണു്. ലാൻഡ്ലോർഡ് കൊടുക്കുന്നതായെങ്കിൽ മാത്രമേ ടെനൻസിയാകുകയുള്ളു. അല്ലെങ്കിൽ കാണമാകുകയേയുള്ളു.

Smt. K. R. Gowri: 'liable to pay rent' എന്നതു വിട്ടിരിക്കയാണു്.

Sri E. Chandrasekharan Nair: Anyway it presupposes the existence of a landlord-tenant relationship

അതുകൊണ്ടു് ചില ട്രാൻസാക്ഷൻസു് ടെനൻസിയായി കൺസിഡർ ചെയ്യും, ചില പ്രത്യേക ഇൻസിഡൻസു് ഉണ്ടെങ്കിൽ. അങ്ങനെ കൺസിഡർ ചെയ്യുമ്പോഴും ലാൻഡ്ലോർഡും ടെനൻറുമായി അംഗീകരിച്ചു കഴിഞ്ഞാൽ പ്രത്യേകമായി കൺസഷന്റെ ആവശ്യമില്ല. അപ്പോഴും നാം ആദ്യമായി എസ്റ്റാബ്ലിഷ് ചെയ്യേണ്ടതു് ട്രാൻസ്ഫർ ചെയ്ത വസ്തുവിന്റെ ആരും ലാൻഡ്ലോർഡായിരിക്കണമെന്നാണു്. 'the transfer by landlord' എന്നു് നാം നിർവ്വചിച്ചു കഴിഞ്ഞാൽ അതു പ്രൂവ് ചെയ്താൽ മാത്രമേ ഇൻസിഡൻറു് ഉണ്ടെങ്കിൽപ്പോലും അതു് ടെനൻസിയാകൂ എന്നു വന്നുകഴിഞ്ഞാൽ ആദ്യമായിത്തന്നെ വസ്തു കൊടുത്ത ആരും ഒരു ലാൻഡ്ലോർഡാണു്: the existence of landlord-tenancy relationship ഒരു pre-requisite ആയി establish ചെയ്യണമെങ്കിൽ ലാൻഡ്ലോർഡ് എന്നുള്ളതു് മാറ്റിയിട്ടു് 'person' എന്നാക്കണം. ഒരാൾ കൺസിഡറേഷനായി വസ്തു കൊടുക്കുന്നു. അങ്ങനെ വിട്ടു കൊടുക്കുന്നതെല്ലാം ഒരു മോർട്ട്ഗേജിന്റെ സ്വഭാവമോ പണയത്തിന്റെ സ്വഭാവമോ ഉള്ളതായാലും പണയമായി ഉൾപ്പെടുത്താനുദ്ദേശിക്കുന്നില്ല. പക്ഷേ അവിടെ രണ്ടുമൂന്നു കാര്യങ്ങൾ പറയുന്നുണ്ടു്. ഏതെങ്കിലും കൺസിഡറേഷന്റെ പേരിലായിരിക്കണം വസ്തു കൊടുക്കുന്നതു്. അതു കൂടാതെ ഇതിനകത്തു പറയുന്നുണ്ടു്:

LIBRARY ARCHIVES Kerala Legislative Assembly

(22) (b) says: the transfer for consideration in money or in kind or in both by a landlord of an interest in specific immovable property to another person for the latter's enjoyment, whether described in the document evidencing the transaction as otti, karipanayam, panayam, nerpanayam or by any other name, and which has the incidents specified in sub-clauses (a) (i) and (a) (ii) and also one or more of the following incidents:–

(A) renewal on the expiry of any specified period,

(B) payment of michavaram,

(C) payment of customary dues.

എ–യിൽ പറഞ്ഞിരിക്കുന്നതു്: (a) (i) a right in the transferee to hold the said property liable for the consideration paid by him or due to him എന്നാണു്. അതു് വെറും പണയക്കാരനാകാം. എ (2)-ൽ പറഞ്ഞിരിക്കുന്നതു the liability of the transferor to pay the transferee interest on such consideration unless otherwise agreed to by the parties എന്നാണു്. അതും ചിലപ്പോൾ മോർട്ടുഗേജി ആകും. പിന്നീടു്

(iii) payment of michavaram or customary dues, or renewal on the expiry of any specified period

അതിൽ "renewal on the expiry of any specified period" ഒരു ഒററിക്കും ആ കണ്ടീഷൻ വരികയില്ല. പിന്നെ 'payment of michavaram' എന്നാണു്. മിച്ചവാരം കൊടുക്കുമ്പോൾ മോർട്ടുഗേജുമാകുകയില്ല, പണയവുമാകുകയില്ല. അങ്ങനെ സാധാരണ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടു് ഇതിനു് debtor–creditor relationship ഇല്ല.

ശ്രീ. ഇ. ജോൺ ജേക്കബു്: 3 ഏക്കർമാത്രം കൃഷിഭൂമിയുള്ള ഒരു പാവപ്പെട്ട കൃഷിക്കാരനു് അത്യാവശ്യം വരുമ്പോൾ ഒരു രണ്ടായിരം രൂപ കടം വാങ്ങേണ്ടി വരുമ്പോൾ അവനിൽനിന്നും പാട്ടം വാങ്ങുകയും ബാക്കി പലിശയായി വസ്തുവിന്റെ വിലയനുസരിച്ചു് കിട്ടേണ്ട തുക മിച്ചവാരമായി നെല്ലായി വാങ്ങുകയും ചെയ്യുന്ന പണയസ്വഭാവമുള്ള മോർട്ടുഗേജി എന്നുള്ള നിർദ്ദേശത്തിൽനിന്നും മാറിവരുന്നതു ന്യായമാണോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മിച്ചവാരം കൊടുക്കുമ്പോഴും പാട്ടം കൊടുക്കുമ്പോഴും പല ക്ലേശങ്ങളുമുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ ഇതുകൂടി ഒന്നു കേൾക്കണം. ഇതിൽ എക്സ്പ്ലനേഷനുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്:

Explanation: For the purpose of this clause where there has been no stipulation in the document evidencing the transaction for renewal on the expiry of any specified period, but there has been a renewal or payment of renewal fees, it shall be deemed that there has been a provision for such renewal in the document.

അതുകൊണ്ടു് ഇതിൽ റിന്യൂവൽ ഒന്നും വരുന്നില്ല. സാധാരണഗതിയിൽ debtor-creditor relationship സാധാരണ കടക്കാരനും കടം കൊടുക്കുന്ന ആളുമായി.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺ ജേക്കബ്: അതേപ്പറ്റി തക്കമൊന്നുമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മിച്ചവാരം അടുത്ത കാലങ്ങളിൽ കൂട്ടനാട്ടിൽ എങ്ങനെയാണെന്നൊന്നും എനിക്കറിഞ്ഞുകൂടാ. സാധാരണഗതിയിൽ ഒറ്റി കൊടുക്കുന്നതിനൊക്കെ മിച്ചവാരം കൊടുക്കുന്നു എന്നല്ല പറയുന്നത്. മിച്ചവാര സമ്പ്രദായം അവസാനിപ്പിച്ചിട്ട് കുറേക്കാലമായി.

ശ്രീ. ഇ. ജോൺ ജേക്കബ്: കൂട്ടനാട്ടിലെ പല സ്ഥലങ്ങളിലും ഞാൻ നേരത്തേ പറഞ്ഞ സമ്പ്രദായമുണ്ട്. അതായത് ഒരു പാവപ്പെട്ട കൃഷിക്കാരനു ഒരു രണ്ടായിരം രൂപ കടം വാങ്ങേണ്ടിവരുമ്പോഴും പതിനായിരം രൂപ വിലയുള്ള വസ്തു വിട്ടുകൊടുക്കേണ്ടിവരും. ബാക്കി നെല്ലും കൊടുക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അതു മിച്ചവാരമാകുകയില്ല. ആ പദ്ധതി അവസാനിച്ചിട്ട് കുറേക്കാലമായി. ചിലർ പലിശയെന്നെഴുതും, ചിലർ പാട്ടം എന്നെഴുതും. നമ്മുടെ തിരുവിതാംകൂർ സംസ്ഥാനം അവസാനിച്ചതിനുശേഷം മിച്ചവാരവും പൊളിച്ചെഴുത്തുമില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്: പൊളിച്ചെഴുത്തല്ല, ഇങ്ങനെ വാങ്ങിക്കുന്നതും മിച്ചവാരമായാണു കണക്കാക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മിച്ചവാരം എന്നു പറയുമായിരിക്കും. സാധാരണഗതിയിൽ മുഴുവൻ വസ്തുവും വിട്ടുകൊടുത്തെങ്കിൽമാത്രമേ കടം കൊടുക്കുകയുള്ളൂ. ഒറ്റിയാധാരമായോ പണയാധാരമായോ കൊടുക്കുന്നതിൽ കാണത്തിന്റെ സ്വഭാവം വളരെയധികമുണ്ട്. അതുകൊണ്ട് കാണത്തിൽ ഉൾപ്പെടുത്തുന്നത്.....

ശ്രീമതി കെ. ആർ. ഗൗരി: ശ്രീമാൻ ജോൺ ജേക്കബ് പറഞ്ഞതു തിരുവല്ലയിലെ ഒറ്റിയെ സംബന്ധിച്ചാണ്. തിരുവല്ലയിൽ ധാരാളം ഒറ്റിയുണ്ട്. മിച്ചവാരത്തിന്റെ ഡഫനിഷനിൽ മിച്ചവാരം തരണമെന്നു എഴുതിയിട്ട് ബാക്കി പാട്ടം തരണമെന്നു എഴുതിയാൽ മതി. പഴയ ആക്ടിലെ മിച്ചവാരത്തിന്റെ ഡഫനിഷനിൽ പറയുന്നത് ഇങ്ങനെയാണ്:

michavaram' means whatever is agreed by a kanamdar to be paid periodically as residual rent, in money or in kind or in both to, or on behalf of, the landlord, but does not include customary dues;

അല്ലാതെയും ചിലപ്പോൾ കണ്ടേക്കാം. അതുകൊണ്ടാണു otti, karipanayam, panayam, nerpanayam എന്നു എഴുതിയതു. 'or by any other name' വേറെ ഏതെങ്കിലും പേരുകളുണ്ടെങ്കിൽ അതുംകൂടി വേണമെങ്കിൽ ചേർക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൈമാറ്റം സംബന്ധിച്ച അവകാശ ബാദ്ധ്യതകളിൽ താഴെ പറയുന്ന ഒന്നോ അതിലധികമോ അവകാശബാദ്ധ്യതകളും ഉണ്ടായിരിക്കണം.

'renewal on the expiry of any specified period'

'payment of michavaram'

'payment of customary dues'

ഈ മൂന്നു കാര്യങ്ങളിൽ ഏതെങ്കിലും ഒന്നു ഉണ്ടായിരിക്കണം. ഈ മൂന്നു കണ്ടീഷനും ഉണ്ടെങ്കിൽമാത്രമേ കാണം എന്ന പേരു പറഞ്ഞിട്ടില്ലെങ്കിൽപ്പോലും ഈ പറയുന്ന നേർപണയം, ഒറ്റി, കുരിപ്പണയം ഈ തരത്തിലുള്ള ഡോക്യു

LIBRARY ARCHIVES Kerala Legislative Assembly

മെൻറ്സ് കാണത്തിന്റെ നിർവ്വചനത്തിൽ വരികയുള്ള. if a transfer has been executed by a person to another person, it will become a kanam only if it satisfies all these conditions. Then why there should be a word 'landlord'. It will create difficulties. ലാൻഡ്ലോർഡ് എന്നെഴുതാതെ person എന്നെഴുതിയെങ്കിൽമാത്രമേ ഇത്രയും കണ്ടീഷൻ ശരിയാകാൻ സാധ്യമാകുകയുള്ള.

ശ്രീമതി കെ. ആർ. ഗൗരി: എനിക്ക് ഒരു സംശയം. കാണവും കാണപ്പാട്ടവും പണയവും നേർപണയവും തമ്മിൽ യാതൊരു വ്യത്യാസവും കാണുന്നില്ലെങ്കിൽപിന്നെ ആദ്യത്തേത് മാത്രം മതിയല്ലോ. 'one or more of the following incidents' എന്നാണല്ലോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇതിനകത്തു വ്യത്യാസമുണ്ട്. 'the incidents of which transfer include':

(i) a right in the transferee to hold the said property x x x

(ii) the liability of the transferor to pay the transferee interest on such consideration x x x and

(iii) payment of michavaram x x x

ഇതു മൂന്നും വേണം. ഇതിൽ വ്യത്യാസം വരികയാണ്. ഞാൻ a(ii) ഡിലീറ്റ് ചെയ്യണമെന്ന് ഭേദഗതി കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: ലാൻഡ്ലോർഡ് എന്നുള്ളതു മാറ്റി person എന്ന് ആക്കുന്നതുകൊണ്ട് സാമ്പത്തികമായി ഏതു തരത്തിലുള്ള ആളുകൾക്ക് ദോഷം വരും, ഏതു തരത്തിലുള്ള ആളുകൾക്ക് ഗുണം വരും ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കരിപ്പണയം, പണയം, നേർപണയം, ഒറ്റി എന്നൊക്കെ പറഞ്ഞാലും താഴെ പറയുന്ന ഇൻസിഡൻസ് ഉണ്ടെങ്കിൽ അതു കാണമായി എടുക്കാം.

ശ്രീ. കെ. കെ. കുമാരപിള്ള: ഞാൻ ചോദിക്കുന്നതു വാക്കിന്റെ മാറ്റം കൊണ്ട് അതിൽ പെടാൻപോകുന്ന ആളുകൾ ആരാണ് ?

ശ്രീമതി കെ. ആർ. ഗൗരി: ചിലപ്പോൾ പാവപ്പെട്ടവനും കാണും, ചിലപ്പോൾ പണക്കാരനും കാണും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എന്റെ വാദം എന്താണെന്നുവച്ചാൽ ലാൻഡ്ലോർഡ് എന്നുള്ള വാക്ക് നിയമപരമായി അപകടങ്ങളുണ്ടാക്കുമെന്നുള്ളതുകൊണ്ട് ആ വാക്ക് മാറ്റി person എന്നാക്കണമെന്നാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ഒറ്റി, കരിപ്പണയം, നേർപണയം, പണയം തുടങ്ങിയ ഡോക്യുമെൻറ്സ് പ്രകാരമുള്ള കൈമാറ്റം ലാൻഡ്ലോർഡ് ടെനൻസി റിലേഷൻഷിപ്പ് ഉണ്ടെങ്കിൽമാത്രം ടെനൻസി കൈമാറ്റം അല്ലെന്ന് ഉദ്ദേശിക്കുന്നുണ്ടോ ? അങ്ങനെയാണെങ്കിൽ ലാൻഡ്ലോർഡ് എന്നുള്ള വാക്ക് കൊടുക്കേണ്ടതാവശ്യമല്ലേ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കാണക്കുടിയാൻ ഈ ആക്ടനുസരിച്ച് ടെനൻറാകും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

Kanam means the transfer for consideration in money or in kind or in both by a person of an interest in specific immovable property to another person.....

അപ്പോൾ person ലാൻഡ്‌ലോർഡ് ആകുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ലാൻഡ്‌ലോർഡ് ടെനൻസി റിലേഷൻഷിപ്പ് ഉണ്ടെങ്കിൽ ടെനൻസി ആകും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കാണത്തിന്റെ കൂടെ അതിന്റെ ഇൻസിഡൻസുകൂടെ ഉണ്ടെന്ന് എസ്റ്റാബ്ലിഷ് ചെയ്യണം.

Even if the document is styled as kanam, unless the kanamdar establishes all these incidents.....

ശ്രീമതി കെ. ആർ. ഗൗരി: ഇത് ഒന്നായിട്ട് എഴുതിയിട്ടില്ല. രണ്ടായിട്ടാണ് എഴുതിയത്. ഉദ്ദേശം തന്നെ രണ്ടാണ്. തിരുക്കൊച്ചിയിൽ നിലവിലുള്ള tenure-ൽ ഒന്നാണ് കാണം. മലബാറിൽ നോക്കുകയാണെങ്കിലും കൊച്ചിയിലും തിരുവിതാംകൂറിലും എല്ലാം കാണം ടെനൻസി ഉണ്ട്. കൊച്ചിയിൽ ലാൻഡ്‌ലോർഡ് ടെനൻസിയുടെ റിലേഷൻഷിപ്പ് വരാത്തവിധത്തിൽ ആക്കാൻ കാരണമുണ്ട്. മലബാറിൽ വസ്തുവിൽ ഇത്ര ശതമാനം കൺസിഡറേഷൻ—വടക്കേമലബാറിൽ 40-ം തെക്കെ മലബാറിൽ 50-ം ശതമാനം—കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. അതുകൊണ്ട് latter's enjoyment എന്നുള്ളതും ലാൻഡ്‌ലോർഡ് ടെനൻസി റിലേഷൻഷിപ്പ് വേണമെന്നുള്ളതും പറയേണ്ട ആവശ്യമില്ല.

രണ്ടാമത്തെ വ്യത്യാസം എന്താണെന്നുവച്ചാൽ നാം പുതിയ ടെനുവേഴ്സ് ഇവിടെ ചേർക്കുന്നു. കാണം, പാട്ടം, കരിപണയം, നേർപണയം, ഒറ്റി പണയം.....

There is no necessity for the latter's enjoyment or there is no necessity for saying that there must be a landlord–tenancy relationship.....

But now we are adding new tenures like kanappattam, karipanayam, nerpanayam or by any other name .....

അവർ കൊടുക്കുന്ന എമൗണ്ടിനും പലിശ പറഞ്ഞിരിക്കും. പിന്നീടാണ് മിച്ചവാരത്തെക്കുറിച്ച് പറയുന്നത്.

Kanam means—the transfer for consideration in money or in kind or in both, by a person of an interest in specific immovable property to another person, and described in the document evidencing the transaction as kanam or kanapattam, the incidents of which transfer include

(i) a right in the transferee to hold the said property liable for the consideration paid by him or due to him; etc. etc.

ഇതാണ് കാണത്തെ സംബന്ധിച്ചുള്ളത്. ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ നായർ പറഞ്ഞതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

(b) the transfer for consideration in money or in kind or in both by a landlord of an interest in specific immovable property to another person for the latter's enjoyment, whether described in the document evidencing the transaction as otti, karipanayam, panayam, nerpanayam or by any other name, and which has the incidents specified in sub-clauses (a) (i) and (a) (ii) and also one or more of the following incidents.

എയും ബിയും തമ്മിൽ വ്യത്യാസമുണ്ട്, ബില്ലിൽ പറഞ്ഞിരിക്കുന്നത്

(ii) liability of the transferor to pay the transferee interest on such consideration unless otherwise agreed to by the parties; എന്നാണ്.

ഇതാണ് വ്യത്യാസം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഒരാൾ വേറെ ഒരാൾക്കു, ഒറിക്കാരനായിട്ടോ നേർപണയക്കാരനായിട്ടോ എന്തു പേരിലെങ്കിലും ഒരാധാരം എഴുതികൊടുക്കുന്നു. ഇതിനകത്തു് പറയുന്നതുപോലെ a rignt of the transferee to hold the said property liable for the consideration paid by him or due to him;

ഒന്നാമതു് വ്യവസ്ഥ എഴുതിച്ചേർത്തിരിക്കുന്നു.

വസ്തു കൈവശം വയ്ക്കുവാൻ പറഞ്ഞിട്ടുണ്ടു് അതിന്റെ പ്രതിഫലമായിട്ടു്

the liability of the transferor to pay the transferee interest on such consideration.....

ഇതു വേണമെങ്കിൽ എടുത്തുകളയാമെന്നുള്ളതാണു്.

പിന്നെ വ്യവസ്ഥയുള്ളതു് കസ്റ്റമറി ഡ്യൂസിനെയും മിച്ചവാരത്തെയും സംബന്ധിച്ചാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: അങ്ങനെയാണെങ്കിൽ സബ്ക്ലാസ് ബി വേണ്ട.

the transfer for consideration in money or in kind or in both by a landlord of an interest in specific immovable property to another person for the latter's enjoyment, whether described in the document evidencing the transaction as otti, karipanaypm, panayam, nerpanayam or by any other name, and which has the incidents specified in sub-clauses (a) (i) and (a) (ii) and also one or more of the following incidents:–

അതു് ഇങ്ങനെ ചേർത്താൽ മതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അതിനു് വേറെ ഒരു ഭേദഗതി വേണം. എൻജായ്മെൻറായിട്ടു് വിട്ടുകൊടുക്കുന്ന പ്രോപ്പർട്ടീസിന്റെ കാര്യത്തിൽ ഇതു് കൊടുക്കുന്നില്ല. യഥാർത്ഥത്തിൽ കാണക്കുടിയാന്റെ നിർവ്വചനത്തിൽ നിന്നും ചില കുടിയാന്മാരെ ഒഴിപ്പിക്കുന്നതിൽ ചില ഇൻസിഡൻസു് മാറി വയ്ക്കുന്നു. ഈ കാണക്കുടിയാനെ സംബന്ധിച്ചിടത്തോളം നാം ശ്രദ്ധിക്കേണ്ടതു് എന്താണെന്നു വച്ചാൽ ഡെബ്റർ-ക്രഡിറർ റിലേഷൻഷിപ്പു് ആണെങ്കിൽ നമ്മുടെ ഡെബ്റർ പ്രൊട്ടക്ടു് ചെയ്യേണ്ട കടമയുണ്ടു്. എന്നാൽ ഡെബ്റർ-ക്രെഡിറർ റിലേഷൻ ഷിപ്പിന്റെ യഥാർത്ഥത്തിലുള്ള ടെനൻറിനെ ഒഴിപ്പിക്കാതെയും നോക്കേണ്ടതാണു്. കസ്റ്റമറിഡ്യൂസു് ഉൾക്കൊള്ളിക്കുന്ന പ്രമാണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

ഉണ്ട്. സെലക്ട്കമ്മിറ്റി പോയപ്പോഴും പലയിടത്തും കണ്ടതാണ്, മിച്ചവാരം കൊടുക്കുന്നതിന്റെ ഫലമായിട്ട് എഴുതിയതാണെങ്കിലും രേഖയില്ലാത്തവയും ഉണ്ട്. ഓണത്തിനു് രണ്ടുപറ നെല്ല് കൊടുക്കും കുടിക്കാൻ രണ്ടുകുപ്പി കള്ളുമൊക്കെ കൊടുക്കും, അങ്ങനെയൊക്കെയുള്ള പ്രമാണങ്ങളും ഉണ്ട്. ഇങ്ങനെ നമ്മുടെ നാട്ടിൽ പലയിടത്തും കടം വാങ്ങിക്കുന്നതിനു് ഒറ്റി കൊടുക്കുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: എല്ലാ ഇൻസിഡൻസും വേണമെന്നില്ല. ഏതെങ്കിലും ഒന്നു മതി.

.....karipanayam, panayam, nerpanayam or by any other name, and which has the incidents specified in sub-clauses (a) (i) and (a) (ii) and also one or more of the following incidents:–

(a) renewal on the expiry of any specified period;
(b) payment of michavaram;
(c) payment of customary dues;

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ:

Renewal on the expiry of any specified period;
Payment of michavaram;
Payment of customary dues.

ഇതിൽ ഏതെങ്കിലും ഒന്നു മതിയെന്നു പറഞ്ഞാൽ ഏതു ഡോക്യുമെന്റു വന്നാലും ടെനന്റായിട്ട് അംഗീകരിക്കണമോ എന്നറിഞ്ഞാൽ മതി. അങ്ങിനെയാണെങ്കിൽ ടെനന്റു ലാന്റ്ലോർഡ് റിലേഷൻഷിപ്പ് ഉള്ളവരെ കാണത്തിന്റെ നിർവ്വചനത്തിൽ കൊണ്ടുവരണം. ഒരു വശത്തു് നൂറു രൂപ കൺസിഡറേഷൻ എന്ന പേരിൽ വിട്ടുകൊടുത്തിരിക്കുന്നു. കൈവശം വച്ച് കൃഷിചെയ്യുന്നതിനു് 12 കൊല്ലമാണ് കാലാവധി. ഈ കെട്ടിവയ്ക്കുന്ന തുക യഥാർത്ഥത്തിൽ റെന്റിനുള്ള ഒരു സെക്യൂരിറ്റി ആണ്. ആധാരത്തിൽ എന്തു പേരെഴുതിയാലും വസ്തു വിട്ടുകൊടുക്കുകയും തുക വാങ്ങുകയും ചെയ്യും.

റവന്യൂ മിനിസ്റ്റർ പറഞ്ഞപ്പോഴും ഞാൻ സൂചിപ്പിച്ച അപകടം ശരിയാണെന്നു വ്യക്തമായി. കാണയർമ്, ഒറ്റിയർമ്, പണയം ഇങ്ങനെ എന്തു പേരു പറഞ്ഞാലും കടക്കാരനും കടം കൊടുത്തയാളുമായിട്ടുള്ള ബന്ധമായി കാണരുതു്; കുടിയാനും ജന്മിയുമായുള്ള ബന്ധമായി കാണണം. കസ്റ്റമറി ഡ്യൂസ്, മിച്ചവാരം, പൊളിച്ചെഴുത്തു് ഇതിലേതെങ്കിലും, ഉണ്ടെന്നു തെളിയിച്ചു കഴിഞ്ഞാലും, ലാൻഡ്ലോർഡ് എന്നുള്ള പദം കൊടുത്തിരുന്നാൽ, മേൽപറഞ്ഞതൊന്നും തെളിയിച്ചാൽ പോരാ, ലാൻഡ്ലോർഡ് ആണെന്നുകൂടി തെളിയിക്കേണ്ടിവരും. മിച്ചവാരം കൊടുക്കുകയും വസ്തു കൈവശമിരിക്കുകയും ചെയ്യുമ്പോഴും ഇതൊക്കെ തെളിയിച്ചാൽപ്പോരെ, ജന്മികുടിയാൻ ബന്ധം ഉണ്ടെന്നുകൂടി തെളിയിക്കണമോ? കരിപ്പണയമെന്നോ നേർപ്പണയമെന്നോ എന്തു പണയമെന്നു എഴുതിയാലും പൊളിച്ചെഴുത്തോ മിച്ചവാരമോ കസ്റ്റമറി ഡ്യൂസോ ഉണ്ടെങ്കിൽ യഥാർത്ഥത്തിൽ കുടിയാനാണ്. അങ്ങിനെയിരിക്കെ, തന്നെയാണു ലാൻഡ്ലോർഡാണെന്നു തെളിയിക്കേണ്ട ബാദ്ധ്യതകൂടി ഉണ്ടാകാൻ പാടില്ല.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: ലാൻഡ്ലോർഡ് എന്നു തെളിയിക്കേണ്ട. ഉടമ എന്നു തെളിയിച്ചാൽ പോരേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ലാൻഡ്‌ലോർഡ് വേറെ ആയിരിക്കും. വേറെ തരത്തിൽ കിട്ടിയിരിക്കും. എന്തിനു് അതിനു പോകുന്നു? ലാൻഡ് ലോർഡ് എന്നുള്ളതു് എടുത്തുകളഞ്ഞാൽ പോരെ?

If a legally competent person has executed the document, and where there is payment of michavaram, renewal on the expiry of any specified period and payment of customary dues, then without any proof of the relationship between landlord and tenant, he will be deemed a 'kanakudiyan'. അതുകൊണ്ടാണു് (എ) യിൽ 'പേഴ്സൺ' എന്നാക്കിയിരിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയുള്ള വ്യാഖ്യാനം തെറ്റാണു്. Suppose we say it is only 'person' and 'for the latter's enjoyment'. Then that has to be proved.

അതുകൊണ്ടു് അങ്ങനെയങ്ങു വ്യാഖ്യാനിച്ചാൽ ഞാൻ സമ്മതിക്കുകയില്ല. കോടതിയിൽ വിധിയുണ്ടായിട്ടുള്ളതാണു്. ജസ്റ്റിസ് രാമൻ നായരുടെ വിധി ഞാൻ മുൻപിൽ വായ്ക്കാം. Enjoyment എന്നുള്ള വാക്കു വന്നാൽ ലാൻഡ് ലോർഡ്-ടെനൻറ് റിലേഷൻഷിപ്പു് ഉണ്ടെന്നാണു്. If there is 'for the latter's enjoyment', definitely there must be landlord-tenant relationship.

Sri E. Chandrasekharan Nair: I am sorry to say that the Minister is entirely depending on Justice Raman Nair's ruling. There are so many conditions.....

ശ്രീമതി കെ. ആർ. ഗൗരി: എനിക്കു് ആ വ്യാഖ്യാനം മനസ്സിലാകുന്നില്ല. ആ റൂളിംഗ് എടുത്തുകൊണ്ടുവന്നാൽ വ്യാഖ്യാനിക്കാം. അല്ലാതെ ബോദ്ധ്യമാകുകയില്ല. What is after all law? Law is codified by commonsense.

അതുകൊണ്ടു് കോമൺസെൻസിനു നിരക്കാത്തതൊന്നും എടുക്കാൻ വയ്യ.

(എ) (ii) ഡിലീറ്റു ചെയ്യണമെന്നുള്ളതാണു്. അടുത്ത ഭേദഗതി എല്ലാ വസ്തുക്കളും കൈമാറ്റം ചെയ്യുന്നതു് എൻജോയ്മെൻറിനാണു്. റിനൃവലും കസ്റ്റമറി ഡ്യൂസും ഉണ്ടെങ്കിൽ ഇൻറസ്റ്റുണ്ടെന്നു വ്യവസ്ഥ വയ്ക്കുന്നു.

പിന്നെ അടുത്ത ഭേദഗതി, പാട്ടപ്പണയം എന്നുള്ളതുകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണു്. ചില പ്രദേശങ്ങളിൽ പാട്ടപ്പണയം എന്നും മറ്റു ചില പ്രദേശങ്ങളിൽ പണയപ്പാട്ടം എന്നും പറയുന്ന സംപ്രദായം ഉണ്ടു്. ഒറ്റി, കരിപ്പണയം, പണയം, നേർപ്പണയം ഇതെല്ലാം എഴുതിയിരിക്കുന്ന സ്ഥിതിക്കു് പാട്ടപ്പണയവും ഉൾപ്പെടുത്തിയാൽ വൈഷമ്യമുണ്ടാകുകയില്ല. അതുകൊണ്ടു് ഈ ഭേദഗതികൂടി അംഗീകരിക്കാൻ സാദ്ധ്യമല്ല.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, കാണം എന്ന വാക്കിനെ സംബന്ധിച്ചു കുറച്ചു കാലമായി പല രൂപത്തിലുള്ള വ്യാഖ്യാനങ്ങളും ഉണ്ടെന്നുള്ള വസ്തുത ഞാൻ സമ്മതിക്കുകയാണു്.

'Kanam' means—

(a) the transfer for consideration, in money or in kind or in both, by a person of an interest in specific immovable property to another person, and described in the document evidencing the transaction as kanam or kanapattam, the incidents of which transfer include—

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. പി. രാഘവപ്പൊതുവാൾ]

(*i*) a right in the transferee to hold the said property liable for the consideration paid by him or due to him;

(*ii*) the liability of the transferor to pay the transferee interest on such consideration unless otherwise agreed to by the parties; and

(*iii*) payment of michavaram or customary dues, or renewal on the expiry of any specified period.."

അതിൽ ആണ് തക്കം. ഇതിൽ ഈ വാക്കു് സ്പെസിഫിക്കായി ഉണ്ടെങ്കിൽ kanam, kanapattam എന്നുള്ളതു് തെറ്റായി വ്യാഖ്യാനിക്കാൻ സാദ്ധ്യതയുണ്ടു്. കോടതിക്കു് അധികാരം കൊടുക്കുന്നു. അതിൽ സ്വാഭാവികമായി കാണുന്നതു് ഈ വാക്കാണു്. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ പാട്ടപ്പണയത്തിന്റെ കാര്യം പറഞ്ഞു. അതും ഉൾപ്പെടുത്തുന്നതിൽ വിരോധമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പേഴ്സൺ എന്നു മാറുന്നതിൽ എതിരുണ്ടോ?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ലാൻഡ്‌ലോർഡ്-ടെനൻറ് റിലേഷൻഷിപ്പുണ്ടെങ്കിലേ കോടതിക്കു് അധികാരമുള്ള. അതുകൊണ്ടു് ലാൻഡ് ലോർഡ് എന്നുതന്നെ വേണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ പറഞ്ഞിരിക്കുന്ന ഇൻസിഡെൻസുകൾ തെളിയിക്കാമെങ്കിൽ പേഴ്സൺ എന്നാക്കിയാൽ എന്താണു് അപകടം?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ലാൻഡ്‌ലോർഡ്-ടെനൻറ് റിലേഷൻഷിപ്പ് ഉണ്ടാകുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അപ്പോൾ ലാൻഡ്‌ലോർഡാണെന്നു കൂടി കൂടിയാൻ തെളിയിക്കേണ്ടിവരുന്നില്ലേ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ലാൻഡ്‌ലോർഡ് ആണെന്നു തെളിയിക്കണമെന്നാണോ?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ഈ ഇൻസിഡെൻസ് വേണം. നിങ്ങൾ പറഞ്ഞ പാട്ടപ്പണയം ചേർക്കുന്നതിനു വിരോധമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പേഴ്സൺ എന്നാക്കിയാൽ എന്താണു് അപകടം? I am sorry the Minister is misleading the house.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: latter's enjoyment എന്നുള്ളതു വേണം.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നുവെന്നു് ശ്രീ. ചന്ദ്രശേഖരൻ നായർ പറഞ്ഞതുകൊണ്ടു പറയുകയാണു്, ജഡ്ജ്മെൻറു് ഞാൻ വായിക്കാം.

[Sri J. A. Chacko in the Chair]

1967 K.L.T. 78—Land Reforms Act, 1964, (Kerala)—Section 2(22)—Kanam—Distinction from possessory mortgage—Test when to be applied:

LIBRARY ARCHIVES Kerala Legislative Assembly

'The tests were formulated only, for cases of difficulty and doubt where the language used in the document did not disclose the true nature of the transaction effected, in other words, whether the transfer was for enjoyment or for the purpose of security. Statements such as that a particular test is conclusive must be read subject to this inherent qualification, namely, that where from the language used, it is clear that the transfer is for enjoyment, the test, far from being conclusive, has no application whatsoever.

Land Reforms Act (1964 Kerala) Section 2(22)—Kanam and possessory mortgage—Features, resemblances and distinctions—Test to distinguish—Deed styled mortgage with provision for recovery of money by sale of property—Terms of deed in the light of surrounding circumstances indicating transfer to enjoy property—to be regarded as a kanam.'

* * * * * * * *

"The only true difference between the two transactions is that while a kanam is a transfer for enjoyment of the property transferred a mortgage is a transfer for securing money advanced by way of loan."

ഇതു കോടതിവിധിയാണു്. ആരേയും തെറ്റിദ്ധരിപ്പിക്കാൻ പറയുന്നതല്ല. ജസ്റ്റിസു് പി. ടി. രാമൻ നായരുടെ വിധിയാണു്. ശ്രീ. ചന്ദ്രശേഖരൻ നായർ പറഞ്ഞു അങ്ങനെ ഒരു വിധിയില്ല നിയമസഭയെ റവന്യൂമന്ത്രി തെറ്റിദ്ധരിപ്പിക്കുന്നു എന്നു്. എനിക്കു് ആരേയും തെറ്റിദ്ധരിപ്പിച്ചിട്ടു് കാര്യമില്ല. ഉള്ളതു് ഉള്ളതുപോലെ പറയും. പറയാതിരിക്കാൻ പറ്റുകയില്ല. അതേയുള്ളൂ. ഇതു സഭയുടെ മുൻപിൽ കൊണ്ടുവരും.

What is the difference between possessory mortgage and kanam.. If the word used is 'for enjoyment', then it must be kanam. Then there must be tenency-landlord relationship. If we substitute 'person' for 'landlord', we have to delete "for latter's enjoyment". If you have 'person' along with 'enjoyment', then it won't save. A mortgage is a transfer for securing money advanced by way of loan. So what I say is that if we substitute the word 'person' for 'landlord' then we must delete the word 'for the latter's enjoyment'.

ഞാൻ ഇതു പറയുമ്പോൾ എനിക്കിതിൽ എതിർപ്പുണ്ടെന്നു ആരും ധരിക്കേണ്ട. നിലവിലുള്ള പല പേരുകളും ടെനൻവർ എന്ന ഇനത്തിൽ ഇതിൽ കൊണ്ടുവരണമെന്ന കാര്യത്തിൽ എനിക്കു് എതിർപ്പില്ല.

Sri E. Chandrasekharan Nair: What is the real test? The real test is whether the property has been given for enjoyment or whether the property is offered for security. That is the real test.

Smt. K. R. Gouri: A mortgage is a transfer for the purpose of security and not a transfer for enjoyment. In the judgment it is stated like this:

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

"Test to distinguish—Deed styled mortgage with provision for recovery of money by sale of property—terms of deed in the light of surrounding circumstances indicating transfer to enjoy property—to be regarded as a kanam."

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 'പേഴ്സൻ' എന്ന വാക്കു വേണമെന്നു പറയുന്നതു് ഒരു മോട്ടീവും ഉണ്ടായിട്ടല്ല. എന്തെങ്കിലും നന്മ ചെയ്യണമെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു വിചാരമുണ്ടെങ്കിൽ ചില പദങ്ങളം ഇതിനകത്തുള്ളതു മാറ്റിയില്ലെങ്കിൽ ഉദ്ദേശം സാധിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രിക്കു ആക്കെങ്കിലും നന്മ ചെയ്യണമെന്നു ഉദ്ദേശമില്ലെന്നു ഞാൻ പറഞ്ഞില്ല.

ശ്രീമതി കെ. ആർ. ഗൗരി: വേറെ വല്ലവരുമാണെങ്കിൽ തരക്കേടില്ല. സാധാരണ സമചിത്തതയോടുകൂടി സംസാരിക്കുന്ന ശ്രീ. ചന്ദ്രശേഖരൻ നായർ പെട്ടന്നു ദേഷ്യപ്പെട്ടു് എഴുന്നേറ്റുനിന്നു് 'മന്ത്രി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നു' എന്നു പറഞ്ഞാൽ എന്താ ചെയ്യുക? ഈ ബില്ലിലെ നിർവ്വചനം, "kanam" means (*a*) the transfer for consideration, in money or in kind or in both, by a person of an interest in specific immovable property to another person and described in the document evidencing the transaction as kanam or kanapattam, etc., etc.

എന്നാണു്. 1964-ലെ ആക്ടിൽ കാണത്തിന്റെ ഡഫനിഷനിൽ ഉണ്ടായിരുന്നതു് 'kanam' means the transfer for consideration, in money or in kind or in both, by a landlord of an interest in specific immovable property to another person for the latters' enjoyment, etc., etc.

എന്നായിരുന്നു. അതു കളയാനുണ്ടായ പ്രധാന കാരണം K.L.T. 1967-ലെ interpretation ആണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ജസ്റ്റീസു് പി. ടി. രാമൻ നായരുടെ റൂളിംഗിൽ പറയുന്നതു്, mortgage ആണെങ്കിൽ main purpose security ആണെന്നാണു്. 'enjoyment' അല്ല. Whether it is enjoyment of the property, or whether it is the security of the property is a moot question.

ശ്രീമതി കെ. ആർ. ഗൗരി: ഇതൊക്കെ ഹൈക്കോടതി ജഡ്ജി പറയുന്നതാണു്. നാം വിചാരിക്കുന്നതുപോലെയല്ല ഹൈക്കോടതി ജഡ്ജിമാർ വ്യാഖ്യാനിക്കുന്നതു്. നാം ഇവിടെ നിയമം പാസ്സാക്കുന്നു. അതു വ്യാഖ്യാനിക്കാനുള്ള അവകാശം ഭരണഘടനപ്രകാരം അവർക്കു കൊടുത്തുപോയി. എന്താ ചെയ്കു? അവരുടെ വ്യാഖ്യാനങ്ങളം നാം സ്വീകരിക്കാതെ നിവൃത്തിയില്ല. കുടിയാനെ രക്ഷിക്കണമെങ്കിൽ അവർക്കു് എന്തെങ്കിലും നന്മ ചെയ്യണമെങ്കിൽ ഈ വ്യാഖ്യാനങ്ങളം സ്വീകരിച്ചു് ആവശ്യമായ ഭേദഗതി വരുത്തിയേ പറ്റൂ. പിടിവാശിയും നിർബ്ബന്ധവും വെറുതെ സമയം കളയാനെ ഉപകരിക്കൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: Mortgage-നു് 'security' ആണു് മുഖ്യ ഉദ്ദേശം. കാണത്തിനേറതാണെങ്കിൽ 'enjoyment' ആണു്. അതുകൊണ്ടു് ഇവ തമ്മിൽ നല്ല വ്യത്യാസം ഉണ്ടു്. 'enjoyment' എന്നുള്ളതു് മാറേണ്ടിവരുമെന്നു് ഈ റൂളിംഗിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോഴം കുറെക്കൂടി എന്റെ അഭിപ്രായത്തോടടുത്തു; main purpose ആണു്, subsidiary അല്ല എന്നു്. നാം പ്രമാണങ്ങളം എഴുതുമ്പോഴം സാധാരണ എഴുതാറുണ്ടു്, 'ഈ വസ്തു നിങ്ങളം അനുഭവിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ കൂടുതൽ ദേഹണ്ഡം ചെയ്യുകൊള്ളുകയും വേണം. പണവും ദേഹണ്ഡവും തന്നുകഴിഞ്ഞാൽ എനിക്കു ഒഴിഞ്ഞെടുക്കാൻ അവകാശമുണ്ടായിരിക്കും, എന്നെല്ലാം പണയാധാരത്തിൽ പറയും. മിച്ചവാരമായിട്ടു കൊടുക്കുമ്പോൾ ചേത്തലയിലും മറ്റും കാണത്തിന്റെ നാലിലൊന്നു നടുക്കുർ ദേഹണ്ഡം കൊടുക്കണമെന്നു വ്യവസ്ഥയുണ്ടു്. What is the difference? One is kanam and the other is possessory mortgage. One is for 'latters' enjoyment' and the other is for the security of the money advanced. This is the difference. സാധാരണ കടം വാങ്ങിയ പണത്തിനുവേണ്ടി വസ്തു അനുഭവത്തിനു കൊടുക്കാറുണ്ടു്. ജന്മി-കുടിയാൻ ബന്ധത്തെപ്പറ്റി പറയുമ്പോൾ 'for the latters' enjoyment' എന്നു പറയുന്നതു ശരിയാകുകയില്ല. ഇതിൽ പഴയതുപോലെ ഇൻസിഡൻസു് പറയുന്നതിൽ പണയം, കരിപണയം, നേർപണയം, കാണപ്പാട്ടം or any other tenancy എന്നു പറയുന്നതു സ്വീകരിക്കാം. പക്ഷെ, ശ്രീ. ചന്ദ്രശേഖരൻ നായരുടെ 78-ാമത്തെ ഭേദഗതിയാണെങ്കിൽ കാണത്തിന്റെ 'ക്രൂക്കു്സു്' തകർക്കുകയാണു്. ഇൻടസ്റ്റു് എടുത്തുകളയണമെന്നു പറയുന്നതിനോടു നിയമസഭയോജിക്കുകയാണെങ്കിൽ എനിക്കു വിരോധമില്ല.

ശ്രീ. ഇ. ജോൺ ജേക്കബു്: ഒരു പണക്കാരൻ പാവപ്പെട്ടവന്റെ വസ്തു കൈവശമാക്കണമെന്നു വിചാരിച്ചാൽ, പാവപ്പെട്ടവനു പണത്തിന്റെ ആവശ്യം വരുമ്പോൾ, മൂന്നേക്കർ വസ്തു, 1000 രൂപ രൂപയായിട്ടു കൊടുക്കുകയും, ബാക്കി മിച്ചവാരം നെല്ലായിട്ടു കൊടുക്കാമെന്നു കരാറിൽ ഏർപ്പെടുകയും ചെയ്താൽ ആ ജന്മി-കുടിയാൻ ബന്ധത്തിന്റെ ഫലമായി പാവപ്പെട്ടവനു വസ്തു തിരിയെ കിട്ടാൻ സാധിക്കാത്ത പരിതഃസ്ഥിതി ഉണ്ടാകുകയില്ലേ?

[Dy. Speaker in the Chair]

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോഴത്തെ ഡ്രാഫ്റ്റിംഗ്തന്നെ രണ്ടായിട്ടു ഡ്രാഫ്റ്റു് ചെയ്തിരിക്കുകയാണു്. കാണം എന്നുള്ള വാക്കു പ്രമാണത്തിൽ വന്നാലും—ആരും മനസ്സിലാക്കാതെ എഴുതുകയില്ല—അങ്ങനെ എഴുതിവച്ചാലും, we declare that it is tenency irrespective of the fact whether there is a provision for enjoyment or not, kanapattam, nerpanayam, otti, etc. We are adding new tenancies. There must be landlord-tenancy relationship. It must be for the enjoyment of the person to whom it is given. Here the word used is 'landlord' and not 'person'.

Sri E. Chandrasekharan Nair: 'for enjoyment' should be there.

Smt. K. R. Gouri: There is no need for changing the word 'landlord'. Our intention is this. There must be tenency-landlord relationship. So, we delete 'latters' enjoyment'. കുടിയാന്മാക്കു കൂടുതൽ ആനുകൂല്യങ്ങളും നൽകണമെന്നുള്ള ഉദ്ദേശത്തിൽ ഇതാവശ്യമാണെന്നാണു് നിയമസഭയുടെ അഭിപ്രായമെങ്കിൽ ഇതു സ്വീകരിക്കുന്നതിൽ എനിക്കു വിരോധമില്ല.

The amendment (No. 30) moved by Sri K. P. Raghava Poduval was, by leave, withdrawn.

The amendment (No. 54) moved by Sri P. K. Gopalakrishnan was, by leave, withdrawn.

Deputy Speaker: Are you pressing for amendments, Sri Chandrasekharan Nair?

LIBRARY ARCHIVES Kerala Legislative Assembly

Sri E. Chandrasekharan Nair: I press.

ശ്രീ. പി. എസ്. ശ്രീനിവാസൻ: നാളെ ഒന്നുകൂടി പരിശോധിച്ചിട്ട ഭേഗതി വോട്ടിനിടുന്നതല്ലേ നല്ലത്?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയാകാം.

Deputy Speaker: Further discussion on these amentments is postponed.

Sri C. B. Chandrasekhara Warrier: Sir, I move:

(55) In clause 2 in sub-clause (g), add at the end the following words:

"and delete the proviso at the end of the clause"

ഒറിജിനൽ ആക്ടിലെ പ്രൊവൈസോ ഇതാണ്:

Provided that a usufructuary mortgage as defined in the Transfer of Property Act, 1882 (Central Act 4 of 1882) shall not be deemed to be a kanam-kuzhikanam;

കാണം-കുഴിക്കാണത്തിന്റെ ഇൻഗ്രീഡിയൻസ് എന്തെല്ലാമാണെന്ന വ്യക്തമാക്കിക്കൊണ്ടുള്ള വകുപ്പ് ബില്ലിൽ ഉണ്ട്. ആ ഇൻഗ്രീഡിയൻസ് ഉള്ള ട്രാൻസാക്ഷൻ കാണം-കുഴിക്കാണത്തിൽ ഉൾപ്പെടുന്നില്ല എന്ന എനിക്കഭിപ്രായമില്ല. കാണം-കുഴിക്കാണം വിപുലപ്പെടുത്തണമെന്നും എനിക്കഭിപ്രായമില്ല. ഈ പ്രൊവൈസോ യഥാർത്ഥത്തിൽ കാണക്കുഴിക്കാണത്തിന്റെ ഇൻഗ്രീഡിയൻസ് ഉള്ള ട്രാൻസാക്ഷൻസ് usufructuary mortgage എന്ന പറഞ്ഞു കോടതി തള്ളികളയുന്ന എന്നുള്ളതാണ് അനുഭവം. യഥാർത്ഥത്തിൽ യൂസിഫ്രക് ചാറി മോർട്ടഗേജ് നമ്മുടെ രാജ്യത്ത് ഇല്ല. നമ്മുടെ രാജ്യത്തുള്ള മോർട്ടഗേജ് സാധാരണ പണയമാണ്. ഒറിജിനൽ ആക്ടിലെ സെക്ഷൻ 2 (23)-ന്റെ അവസാനം:

Provided that a usufructuary mortgage as defined in the Transfer of Property Act, 1882 (Central Act 4 of 1882), shall not be deemed to be a Kanam-Kuzhikanam;

എന്നാണ് പ്രൊവൈസോ. ഇതിൽ പറയുന്ന ട്രാൻസാക്ഷൻ usufructuary mortgage ആയിട്ട് വരികയില്ല. ഇങ്ങനെ പ്രൊവൈസോ ഉള്ളതുകൊണ്ട് യഥാർത്ഥത്തിൽ കാണം-കുഴിക്കാണമായിട്ട് നിർവചനംകൊണ്ട് വരേണ്ട യൂസിഫ്രക് ചാറി അല്ലാത്ത ട്രാൻസാക്ഷൻസ് പോലും യൂസിഫ്രക് ചാറി മോർട്ടഗേജ് ആണെന്നുള്ള നിലയിൽ വ്യാഖ്യാനിക്കുവാനുള്ള സൗകര്യം ഉണ്ട്. ആ നിലയിൽ യഥാർത്ഥത്തിൽ വളരെയധികം ട്രാൻസാക്ഷൻസ് ഇങ്ങനെയുള്ള പ്രൊവൈസോ ഉണ്ടെന്നുള്ള കാരണത്താൽ ഒഴിവാക്കപ്പെടാമെന്നുള്ള നിലയിൽ നിൽക്കുന്ന സ്വഭാവം വന്നിട്ടുണ്ട്. അതുകൊണ്ട് ഈ പ്രൊവൈസോ എടുത്തുകളയണം എന്നാണ് എനിക്കു പറയുവാനുള്ളത്. പ്രൊവൈസോ എടുത്തു കളയണമെന്നു ഞാൻ പറഞ്ഞത് കാണം-കുഴിക്കാണത്തിന്റെ നിർവചനം വിപുലപ്പെടുത്താൻ വേണ്ടിയല്ല. കാണം-കുഴിക്കാണത്തിനു ഇതിൽ പറയുന്ന എല്ലാ ഇൻഗ്രീഡിയൻസും ഉണ്ടാകണം. അതുകൊണ്ട് യൂസിഫ്രക് ചാറി മോർട്ടഗേജ് ആകുകയില്ല. അതുകൊണ്ട് ഈ പ്രൊവൈസോ ആവശ്യമില്ല.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: അതുണ്ടായിരുന്നാൽ എന്താണപകടം?

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: അതുണ്ടായിരുന്നാലുള്ള അപകടം കോടതികൾക്കു ഇങ്ങനെയൊരു പ്രൊവൈസോ ഉള്ളതുകൊണ്ട് യൂസിഫ്രക്

LIBRARY ARCHIVES Kerala Legislative Assembly

ചെറി മോർട്ടഗേജ് ആണെന്നു വ്യാഖ്യാനിച്ച് ടെനൻസിയിൽനിന്നും ഒഴിവാക്കാനുള്ള ടെനൻസിയുണ്ടാകും. ഹൈക്കോടതിയിൽനിന്നും അങ്ങനെ റൂളിംഗ് വന്നിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. പക്ഷേ കീഴ്ക്കോടതിയിലെ ചില റൂളിംഗിൽ അങ്ങനെ വന്നിട്ടുണ്ട്. യൂസിഫ്രക്ചെറി മോർട്ടഗേജാണെങ്കിൽ മുകളിൽ പറഞ്ഞിട്ടുള്ള ഇൻഗ്രീഡിയൻസ് പോരാ. യൂസിഫ്രക്ചെറി അല്ലാത്ത ഇൻഗ്രീഡിയൻസ് പറഞ്ഞു നിർവചിക്കപ്പെടുകയും അതിനുശേഷം യൂസഫ്രക്ചെറി അതിൽ ഉൾപ്പെടുകയില്ല എന്നു എടുത്തുപറഞ്ഞിട്ട കാര്യമില്ല. അതുകൊണ്ട് ഈ പ്രൊവൈസോ ഇവിടെ ആവശ്യമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇതു മലബാർ കുടിയായ്മ നിയമത്തിൽ ഇല്ലാത്ത ഒരു വകുപ്പ് ആണ്. മലബാർ കുടിയായ്മ നിയമത്തിൽ കാണും. കുഴിക്കാണത്തിനുള്ള നിർവ്വചനം ഇതാണ്.

Kanam-Kuzhikanam means and includes a transfer by a landlord to another (called the Kanam-Kuzhikanamdar) all garden lands or other lands or both, with the fruit bearing trees, if any, standing thereon at the time of the transfer for the enjoyment of those trees and for the purpose of planting such fruit bearing trees thereon, the incidents of which transfer include;

(a) a right in the transferee to hold the said lands liable for the consideration paid by him or due to him which consideration is called Kanartham and

(b) the liability of the transferor to pay to the transferee interest on the Kanartham unless otherwise agreed to by the parties.

കാണാത്ഥം എന്നു പറഞ്ഞതുകൊണ്ട് ഈ പ്രൊവൈസോ അത്യാവശ്യമില്ല എന്നു തോന്നുന്നു. അതിനാൽ ഞാൻ ഭേദഗതി അംഗീകരിക്കുകയാണ്.

The following Amendment (No. 55) moved by Shri C. B. Chandrasekhara Warrier, viz., In clause 2 in sub-clause (g), add at the end the following words:

"and delete the proviso at the end of the clause" was put and carried.

Revenue Minister **(Smt. K. R. Gouri):** Sir, I move:

(2) "In clause 2, in sub-clause (i), in Explanation VI, [in sub-section (25) of section 2 of the principal Act proposed to be substituted], the word "or" shall be inserted at the end of paragraph (a)."

Sri M. Ramunni: Sir, I move:

(3) In clause 2 [proposed amendment to section 2 (25) of the Principal Act] recast (i) as follows:

"(i) for clause (25), the following clause shall be substituted, namely:—

"(25) 'Kudikidappukaran' means a person who has neither a homestead nor any land exceeding in extent five cents in any city or major municipality or ten cents in any other municipality or fifteen cents in any Panchayat area or township with all the improvements

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. രാമുണ്ണി]

therein either as owner or as tenant in possession on which he could erect a homestead."

സർ, ബില്ലിൽ മൂന്നു സെൻറ് സിറ്റിയിൽ എന്നുള്ളതു് അഞ്ചു സെൻറ് ആക്കുക മാത്രമേ ഞാൻ ചെയ്തിട്ടുള്ള. അതിൽ കവിഞ്ഞു വലിയ ദ്രോഹമൊന്നും ഞാൻ ചെയ്തിട്ടില്ല. അർബൻ റൂറൽ പ്രോപ്പർട്ടികളെ സംബന്ധിച്ചിടത്തോളം ഉള്ള വ്യത്യാസം വരുത്താനാണെങ്കിൽ അതു് മനസ്സിലാക്കുവാൻ കഴിയും. പക്ഷേ സീലിംഗിനെ സംബന്ധിച്ചിടത്തോളം പട്ടണങ്ങളിൽ ഉള്ളതും നാട്ടിൻ പുറങ്ങളിൽ ഉള്ളതുമായ സ്വത്തിൻറെ പരിധിയിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. അതുകൊണ്ടു് കുടികിടപ്പുകാരനു ഈ വ്യത്യാസം വരുത്തേണ്ട ആവശ്യമില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. ആദ്യം പത്തു സെൻറ് എന്ന ഭേദഗതി കൊടുക്കണമെന്നു് ഞാൻ വിചാരിച്ചിരുന്നതാണു്. പിന്നെ സെലക്ട് കമ്മറ്റി ഒരു ചെറിയ വ്യത്യാസം വരുത്തിയിട്ടുള്ളതുകൊണ്ടു് ഞാനും ഒരു ചെറിയ വ്യത്യാസം വരുത്താം എന്നു വിചാരിച്ചു. ഇതിൽ ആക്ടും അഭിപ്രായവ്യത്യാസം ഉണ്ടാക്കുന്ന കാര്യമല്ല. പ്രത്യേകിച്ചും റവന്യൂ മന്ത്രിക്കു് യാതൊരു മടിയും ഉണ്ടാകുകയില്ല എന്നാണു് വിചാരിക്കുന്നതു്. അതു് അംഗീകരിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

Deputy Speaker: Shri Gopinathan Pillai can move amendment Nos. 56, 57 and 61.

Sri G. Gopinathan Pillai: I move:

(56) In clause 2 in sub-clause (i) [In the proviso to (b) in sub-section (25) of section 2 proposed to be substituted] for the words and figures "1st day of April 1967" the words and figures "16th August 1968" shall be inserted.

(57) In clause 2 in sub-clause (i) [In Explanation II to sub-section (25) (b) in (a) (i) of section 2 proposed to be substituted], for the words "at a cost not exceeding six hundred" the words "at a cost not exceeding seven hundred and fifty" shall be inserted.

(61) In clause 2 in sub-clause (i) [In Explanation V (b) of sub-section (25) of section 2 proposed to be substituted], for the words "his annual income does not exceed two thousand rupees" the words "his annual income does not exceed one thousand and eight hundred rupees" shall be inserted.

ഈ ബിൽ ഗസറ്റിൽ പ്രസിദ്ധീകരണംചെയ്ത തീയതിവരെയുള്ള കുടികിടപ്പവകാശം കൊടുക്കണമെന്നാണു് എൻറെ ഭേദഗതികൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ ബിൽ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചതു് 1968 ആഗസ്റ്റ് 16-ാം തീയതിയാണു്. 1967 April 1 വരെ എന്നുള്ളതു് നീട്ടിയിരിക്കുകയാണു്.

കുടികിടപ്പുകാക്കു് 1964-ലെ 1-ാം ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്നതു് 500 രൂപയ്ക്കുള്ള കെട്ടിടമാണു്. കെട്ടിടം വയ്ക്കുന്നതിനുള്ള ചെലവു് അതിൽ നിന്നും അല്പം ഉയർത്തി 750 രൂപയാക്കണമെന്നുള്ളതാണു് എൻറെ അടുത്ത ഭേദഗതി. ഇതു് കുടികിടപ്പുകാക്കു് ആനുകൂല്യം നൽകുന്നതിൽ താല്പര്യം കാണിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അടുത്ത ഭേദഗതിയിൽ കുടികിടപ്പവകാശം സിദ്ധിക്കുന്നതിനു് പ്രതിവർഷ വരുമാനം ആയിരം രൂപ എന്നതു് ആയിരത്തിയെണ്ണൂറു രൂപയാക്കണമെന്നാണു്. ഇതു് ചെറിയ ഭേദഗതിയാണു്; മന്ത്രി സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

Sri C. B. Chandrasekhara Warrier: Sir, I move:

(58) In clause 2 in sub-clause (i) [In Explanation II to sub-section (25) (b) in (a) (i) of section 2 proposed to be substituted], for the words "six hundred" substitute the words "one thousand".

അതായതു് "hut" means any dwelling house constructed by a person other than the person permitted to occupy it—

(i) at a cost not exceeding six hundred rupees; or

(ii) which could have at the time of construction yielded a monthly rent not exceeding five rupees, and includes any such dwelling house re-constructed by the kudikidappukaran in accordance with the provisions of section 79;

എന്നാണു് ഇപ്പോഴത്തെ അമെൻഡുമെന്റു ബില്ലിൽ "hut" നെപ്പറ്റി പറഞ്ഞിരിക്കുന്നതു്. കുടിൽ പണിയുന്ന സമയത്തു് അറുനൂറു രൂപയിൽ കവിയാത്ത ചെലവു വന്നിട്ടുണ്ടെങ്കിൽ അതു് ഹട്ടു് ആണു്. അമെൻഡുമെന്റു ബില്ലനുസരിച്ചാണെങ്കിൽ 1–4–1967 വരെയുള്ള താമസക്കാർക്കു് കുടികിടപ്പവകാശം കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ ഗോപിനാഥൻപിള്ളയുടെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു് 16–8–1968 വരെ കുടികിടപ്പവകാശം കൊടുക്കണമെന്നാണു്. ഞാനും ശ്രീ. സി. കെ. ബാലകൃഷ്ണനും അതിനു് ഭേദഗതി കൊടുത്തിട്ടുണ്ടു്, അതായതു് ഈ ആക്ടു് നടപ്പിലാകുന്നതുവരെ കുടികിടപ്പവകാശം കൊടുക്കണമെന്നാണു്. അങ്ങനെ വരുമ്പോഴും ഏറ്റവും അടുത്തകാലത്തു് പുരവെച്ചു താമസിക്കുന്നവരും കുടികിടപ്പിനുള്ള വാദം ഉന്നയിക്കാൻ അവകാശമുള്ളവരായിട്ടു വരും. അങ്ങനെ വരുമ്പോഴും അറുനൂറു രൂപയ്ക്കു് പഴയകാലത്തുണ്ടാക്കിയിട്ടുള്ള ഹട്ടുകളെല്ലാം നല്ലതായിരിക്കുകയും ഈ അടുത്തകാലത്തു് അത്യയും ഉള്ള ഹട്ടുകൾ വയ്ക്കുന്നതിനു് കൂടുതൽ തുക വേണ്ടിവരികയും ചെയ്യും. അതുകൊണ്ടാണു് ബില്ലിൽ അറുനൂറു എന്നു വെച്ചിരിക്കുന്നതു് ആയിരമായിട്ടു് വർദ്ധിപ്പിക്കണമെന്നു് ഞാൻ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. കെ. കരുണാകരൻ: 1964-നു് മുമ്പു് അല്ലെങ്കിൽ ഏതെങ്കിലും നിശ്ചിത തീയതിക്കു മുമ്പു് ഇന്ന റേറ്റെന്നും അതിനു ശേഷമുള്ളതിനു് ഇന്ന റേറ്റെന്നും വയ്ക്കുന്നതല്ലേ നല്ലതു് ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എന്റെ ഭേദഗതിയുടെ ഉദ്ദേശം അംഗീകരിക്കുന്ന തരത്തിലുള്ള അഭിപ്രായമാണു് ശ്രീ. കരുണാകരൻ ഇവിടെ പറഞ്ഞിട്ടുള്ളതു്. പക്ഷെ ശ്രീ. കരുണാകരൻ പറഞ്ഞമാതിരി വയ്ക്കുകയാണെങ്കിൽ കുറെയധികം ബുദ്ധിമുട്ടുകളുണ്ടാകുകയില്ലേയെന്നു് സംശയമുണ്ടു്. കൂടുതൽ തുക്കത്തിനു് ഇടയാകാത്ത വിധത്തിൽ നിശ്ചയിക്കുന്നതാണു് നല്ലതു്. ഏറ്റവും അടുത്തകാലത്തു് വെച്ചിട്ടുള്ള കുടിലുകളെ സംബന്ധിച്ചിടത്തോളം ഈ റെസ്ട്രിക്ഷൻ വയ്ക്കുകയാണെങ്കിൽ പല കുടിലുകളും കുടിലിന്റെ നിർവചനത്തിൽ വരാതെപോകും. 1–4–1964-നു ശേഷം കുടിൽവെച്ചു് താമസിച്ചിട്ടുള്ളവരുടേയും കുടികിടപ്പവകാശം വേണമെന്നു വിചാരിക്കുന്നവരുടേയും കുടിലുകളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ തുകയും കൊള്ളിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. വാര്യരോട് എനിക്കു് ഒരു കാര്യം പറയുവാനുണ്ടു്. hut-ന്റെ നിർവചനത്തിൽ 'hut' ആരാണു് വയ്ക്കുന്നതു് homestead ആരാണു് വയ്ക്കുന്നതു് എന്നു പറഞ്ഞിട്ടുണ്ടു്. Homestead വയ്ക്കുന്നതു് കുടികിടപ്പുകാരനാണു്. എന്നാൽ കുടിൽ ഉടമസ്ഥൻ വെയ്ക്കുന്നതാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ഞാനും പറഞ്ഞതു്. 1964-നുശേഷം ഒരു ഉടമസ്ഥൻ വെച്ചിട്ടുള്ള കുടിലിൽ ഒരു താമസക്കാരനെ താമസിപ്പിക്കുകയാണെങ്കിൽ തീർച്ചയായും അതിന്റെ വില കൂട്ടി പറയും. പുരയെ സംബന്ധിച്ചിടത്തോളമാണെങ്കിൽ പണിയിച്ചതിന്റെ കണക്കു് കാണും. എന്നാൽ കുടിലുകൾ പണിയിച്ചതിന്റെ കണക്കു് കാണുകയില്ല, അപ്പോൾ ഉടമസ്ഥൻ പറയും അതു് ഉടമസ്ഥനാണു് പണിയിച്ചതെന്നും അതിനു് അറുനൂറു രൂപയിൽ കൂടുതൽ ചെലവായെന്നും. അങ്ങനെ വരികയാണെങ്കിൽ ഹട്ടുകൾ ഹട്ടുകളല്ലാതായി വരും. നാം ഉദ്ദേശിക്കുന്നതുപോലെ കുടികിടപ്പവകാശം കൊടുക്കാനും സാധിക്കുകയില്ല. അതുകൊണ്ടു് ഇപ്പോൾ വെച്ചിരിക്കുന്ന കോസ്റ്റു് വർദ്ധിപ്പിക്കേണ്ടതാണു്. എന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതുപോലെ അറുനൂറു രൂപയെന്നുള്ളതു് മാറ്റിയിട്ടു് ആയിരം രൂപയാക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ഞാൻ ഒരു ഭേദഗതി കൂടെ അവതരിപ്പിക്കുന്നു.

(59) In clause 2 in sub-section (i) [In proviso to sub-section (25) (b) of section 2 proposed to be substituted], recast the proviso as follows:

"Provided that a person who is in occupation of any land and homestead thereon at the commencement of the Kerala Land Reforms (Amendment) Act, 1969 shall be deemed to be in occupation of such land and homestead, or hut as the case may be with permission as required under this clause."

'kudikidappukaran' means a person who has neither a homestead nor any land exceeding in extent three cents in any city or major municipality or five cents in any other municipality or ten cents in any panchayat area or township, either as owner or as tenant in possession, on which he could erect a homestead and—

(a) who has been permitted with or without an obligation to pay rent by a person in lawful possession....."

എന്നാണു്. കുടികിടപ്പുകാരന്റെ നിർവചനത്തിൽ പറയുന്നതു്

"who has been permitted"

എന്നാണു്. ആ വ്യവസ്ഥയുള്ളതുകൊണ്ടു് ഈ ആക്ടു് നടപ്പിൽവരുന്നതുവരെയുള്ള കാലത്തു് അന്യന്റെ ഭൂമിയിൽ താമസിക്കുന്നവർക്കു് അങ്ങനെ അനുവാദം ഉള്ളതായി ഡീം ചെയ്യണം. 1-4-1967 വരെയുള്ള പെർമിഷൻ ഡീം ചെയ്യുന്നുണ്ടു്. ഇതിന്റെ പ്രൊവൈസോയിൽ പറയുന്നതു്

Provided that a person who, on the 1st day of April, 1967, was in occupation of any land and the homestead thereon, or in occupation of a hut belonging to any other person, and who continued to be in such occupation at the commencement of the Kerala Land Reforms

LIBRARY ARCHIVES Kerala Legislative Assembly

(Amendment) Act, 1969, shall be deemed to be in occupation of such land and homestead, or hut, as the case may be, with permission as required under this clause."

എന്നാണു്. അപ്പോഴും 1-4-1967 വരെ പെർമിഷൻ ഡീം ചെയ്തതായി ഇപ്പോഴുംതന്നെയുണ്ടു്. 1-4-1967 എന്നുള്ളതു് വലിയ പ്രാധാന്യം കല്പിക്കാൻ സാദ്ധ്യമല്ല. "At the commencement of the Kerala Land Reforms (Amendment) Act" എന്നാക്കി മാറ്റണമെന്നാണു് എന്റെ ഭേദഗതികൊണ്ടു ദ്ദേശിക്കുന്നതു്. ആ ഭേദഗതി ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഗോപിനാഥൻപിള്ള അവതരിപ്പിച്ച ഭേദഗതിക്കുള്ളിൽ വരുമെന്നാണു് എന്റെ അഭിപ്രായം. അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു് 16-8-1968 വരെയെന്നാണു്—അതായതു് ബില്ലു പ്രസിദ്ധീകരിച്ച തീയതി വരെ. അതിനു പകരം ഈ ആക്ടു് നടപ്പിൽ വരുന്നതുവരെയെന്നാണു് ഞാൻ കൊടുത്തിട്ടുള്ള ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു്.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: ഈ ഭേദഗതിയനുസരിച്ചു് മറ്റുള്ള വരുടെ വസ്തുവിൽ ട്രസ്പാസ് ചെയ്യാൻ ഇടവരും. ഉള്ള ഭൂമി വിറ്റു കള്ളം കൂടിച്ചു് വെറുതെ നടന്നിട്ടു് പോലീസിന്റെ സഹായത്തോടുകൂടി ഹരിപ്പാട്ടു് വന്നു് ശ്രീ. വാര്യരുടെ വസ്തുവിൽ വന്നു് കുടിൽ കെട്ടിയാൽ അതു് സമ്മതിച്ചു കൊടുക്കുമെന്നാണോ പറയുന്നതു് ? ഈ ആക്ടു് നടപ്പിലാക്കുന്നതിനുമുമ്പു് എന്തെങ്കിലും ഭൂമിയുള്ളവർ വിറ്റു കള്ളംകൂടിച്ചു് കളിച്ചു് നടന്നിട്ടു് നിങ്ങളുടേയും പോലീസിന്റേയും സഹായത്തോടുകൂടി കുടിൽവെച്ചാൽ അവയ്ക്കെല്ലാം അവകാശം കൊടുക്കണമെന്നാണോ പറയുന്നതു്. അങ്ങനെയാണെങ്കിൽ അതു് ചിലപ്പോഴും ശ്രീ. വാര്യരുടെ സ്ഥലത്തും ചേർത്തലയിൽ മന്ത്രിയുടെ പുരയിടത്തിലും നടക്കുമെന്നറിയാമോ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: വാര്യരുടെയും മന്ത്രിയുടെയും എല്ലാം ഭൂമികളും നിയമത്തിനു് ബാധകമാകുമെന്നു് വിചാരിച്ചുകൊണ്ടുതന്നെയാണു് ഈ ഭേദഗതികളെല്ലാം അവതരിപ്പിച്ചിട്ടുള്ളതു്. ഇങ്ങനെയുള്ള പ്രൊവിഷൻ കൊണ്ടുവന്നുവെന്നു വിചാരിച്ചു് വസ്തു ഉള്ളവരെല്ലാം വിറ്റു കള്ളംകൂടിച്ചു് നടക്കുമെന്നുള്ള നിഗമനത്തിലെത്തുന്നതു് ശരിയല്ല. സ്വന്തമായി താമസിക്കാൻ മാർഗ്ഗമില്ലാത്തവർക്കു് ഇതുമൂലം ഗുണം കിട്ടണമെന്നാണു് എന്റെ അഭിപ്രായം. എന്റെ അഭിപ്രായത്തിൽ ശ്രീ. ഗോപിനാഥൻ പിള്ളയുടെ ഭേദഗതിയുടെ അവിടംവരെയെങ്കിലും പോകണമെന്നാണു്.

Sri E. Chandrasekharan Nair: Sir, I move:

(80) In clause 2 [In proposed amendment to section 2 (25) of the Principal Act] in (i), insert the words 'in possession' between the words 'owner' and 'or'

(81) In clause 2 [In proposed amendment to section 2 (25) of the Principal Act] in (i) delete the words 'on which he could erect a homestead' and substitute the words " and which is suitable for erecting a homestead".

(82) In clause 2 [In proposed amendment to section 2 (25) of the Principal Act] in (i), in Explanation III, IV (a) and V (a), insert the words "in possession" between the words "owner" and "or"

സർ, എന്റെ ഒന്നാമത്തെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ഇതാണു്. ബില്ലിൽ പറഞ്ഞിരിക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

'Kudikidadappukaran' means a person who has neither a homestead nor any land exceeding in extent three cents in any city or major municipality or five cents in any other municipality or ten cents in any panchayat area or township, either as owner or as tenant in possession...." എന്നുള്ളതിൽ മാറ്റം വരുത്തുന്നതിനാണു്. സിറ്റിയിൽ മൂന്നു സെന്റോ മറ്റുള്ള മുനിസിപ്പാലിറ്റികളിൽ അഞ്ചു സെന്റോ പഞ്ചായത്തുകളിൽ പത്തു് സെന്റോ ഉടമസ്ഥാവകാശം ഉള്ള ഒരാളിനു് കുടികിടപ്പവകാശം കിട്ടുകയില്ലെന്നാണു് പറഞ്ഞിരിക്കുന്നതു്. ഒരു സിറ്റിയിൽ മൂന്നു് സെന്റു ഭൂമിയുടെ പട്ടയം ഉണ്ടെങ്കിൽ അയാൾക്കു് കുടികിടപ്പവകാശം നഷ്ടപ്പെടുമെന്നാണു് പറഞ്ഞിരിക്കുന്നതു്. അതു മാറ്റിയിട്ടു് owner tenant എന്നതിനു് "in possession" എന്നുകൂടി ചേർക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്

എന്റെ അടുത്ത ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു് "delete the words 'on which he could erect a homestead' and substitute the words 'and which is suitable for erecting a homestead'." എന്നാണു്. ഒരാൾക്കു് തിരുവനന്തപുരം പട്ടണത്തിൽ മൂന്നു സെന്റു് കളം കാണും. അതു് നികത്തി കെട്ടിടം കെട്ടിയാൽ അതിനെ homestead എന്നു് പറയാം. ഒരു കുടികിടപ്പുകാരനു് മൂന്നു് സെന്റു സ്ഥലം ഉണ്ടെന്നു പറഞ്ഞാൽ മാത്രം പോരാ അതു് കുടിൽ വയ്ക്കാൻ സൗകര്യമുള്ളതാണോയെന്നുകൂടി നോക്കേണ്ടതാണു്. അതിനാവശ്യമായ ഭേദഗതിയാണു് കൊടുത്തിട്ടുള്ളതു്.

എന്റെ അടുത്ത ഭേദഗതിയിൽ പറയുന്നതു്

In clause 2 [In proposed amendment to section 2 (25) of the principal Act] in (i), in Explanation III, IV (a) and V (a), insert the words "in possession" between the words "owner" and "or." എന്നാണു്. കുടികിടപ്പുകാരനു് കുടികിടപ്പവകാശം കൊടുക്കുമ്പോൾ ഉടമസ്ഥാവകാശവും കൈവശാവകാശവും കൊടുക്കേണ്ടതാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതിനു "either as owner or tenant" എന്നുള്ളതു് കഴിഞ്ഞു് ഒരു കോമാ ഉണ്ടായാൽ പോരേ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഭാഷ ശരിപ്പെടുത്താനാണെങ്കിൽ അതിനു ശരിയായ വാക്കു് ഗവണ്മെന്റു ഭാഗത്തുനിന്നും കൊണ്ടുവരുകയാണെങ്കിൽ തരക്കേടില്ല. ഒരാളിനു് വിലയാധാരം കൊടുത്താൽ വില വാങ്ങിക്കുന്ന ആൾ ഹാജരാകണമെന്നില്ല. അതുകൊണ്ടു് എല്ലാം കൂടി നോക്കി ഗവണ്മെന്റുഭാഗത്തുനിന്നും ഭേദഗതിവരുത്തണം.

Sri K. G. Nilacantan Namboodiripad: Sir, I move:

(89) In clause 2, in the proposed amendment to section 2 (25) of the principal Act, Explanation IV, in the second line, after the word 'homestead' and before the words 'on the land', insert the words 'or' resides in a hut already in existence'.

(90) In clause 2, in the proposed amendment to section 2 (25) of the principal Act, Explanation IV, after the word 'homestead' and before the words 'provided that, insert the words 'or hut'.

(91) In clause 2, in the proposed amendment to section 2 (25) of the Principal Act, proviso (a) to Explanation IV may be recast as: "(a) he has no other kudikidappu" എക്സ്പ്ലനേഷൻ IV അനുസരിച്ചു് ഒരാൾക്കു് ഒരു വസ്തു ഒറ്റി കിട്ടി അയാൾ അതിലൊരു homestead വെച്ചു്

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുകയാണെങ്കിൽ ആ ഒറ്ററി ഒഴിപ്പിക്കുമ്പോഴും അയാൾക്കു് കുടികിടപ്പവകാശം കിട്ടുമെന്നാണു്. എന്റെ അഭിപ്രായത്തിൽ homestead-നു് മാത്രം കുടികിടപ്പവകാശം കൊടുത്താൽപോരാ ആ ഒറ്ററി വസ്തുവിൽ ആരെങ്കിലും ഹട്ടു് വെച്ചു് താമസിക്കുകയാണെങ്കിൽ അവർക്കുംകൂടി കുടികിടപ്പവകാശം കൊടുക്കണമെന്നാണു്. അതുകൊണ്ടു് 'Where a mortgagee with possession erects for his residence a homestead....'എന്നതിനുശേഷം "or resides in a hut already in existence.". എന്നു കൂടി ചേർക്കണം. അതുപോലെ നാലാമത്തെവരിയിലും homestead കഴിഞ്ഞു് "or hut" എന്നു കൂടി ചേർക്കണം. ഈ ഭേദഗതികൾ അംഗീകരിക്കുകയാണെങ്കിൽ സ്വാഭാവികമായി ആ പ്രൊവൈസോ (എ) യിലും ആവശ്യമായഭേദഗതി വരുത്തേണ്ടിവരും. അതിൽ ഇപ്പോൾ ഉള്ളതു മുഴുവൻ എടുത്തുകളഞ്ഞിട്ടു്, (a) he has no other kudikidappu എന്നു ചേർത്താൽമതി. ഇതു് കുടികിടപ്പുകാരിൽ ഒരു വിഭാഗം ആളുകൾക്കുകൂടി ആനുകൂല്യം നൽകാനുള്ള ഭേദഗതിയാണു്. അതു് അംഗീകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

Sri K .T. George: I move:

(135) In clause 2 (i) [Explanation II of sub-section (25) (b) in (a) (i) of section 2 proposed to be substituted] after the words 'six hundred rupees and before the words 'or' add the following:

"And for huts constructed after 1st April 1964 at a cost not exceeding seven hundred and fifty rupees".

അതിൽ പറഞ്ഞിട്ടുള്ളതു് ഹട്ടിന്റെ നിർവചനത്തിൽ ഒരു ചെറിയ ഭേദഗതി വരുത്തണമെന്നുള്ളതാണു്. ഇവിടെ സംസാരിച്ച ആളുകളുടെ ആശയഗതികളുമായി യോജിക്കുന്ന ഒരു ഭേദഗതിയാണു് ഇതു്. കുടികിടപ്പുകാരുടെ ഹട്ടിനെ സംബന്ധിച്ചിടത്തോളം ഒരു നിശ്ചിത തുകയാണു് നാം അതിന്റെ വിലയായി കണക്കാക്കുന്നതു്. അതു് ഈ ബില്ലിൽ മൊത്തത്തിൽ 800 രൂപ എന്നാണു് ചേർത്തിരിക്കുന്നതു്. ഇന്നത്തെ വർദ്ധിച്ച കൂലിനിരക്കും കെട്ടിടത്തിന്റെ പണിക്കുണ്ടായ ചെലവിന്റെ അമിതമായ വർദ്ധനവും കണക്കാക്കുമ്പോൾ ഈ തുക അപര്യാപ്തമാണെന്നതോന്നുന്നു. അതുകൊണ്ടു് ട്രൈപരിഷ്കരണ ബിൽ വന്ന 1-4-1964-നുശേഷം പണി കഴിപ്പിച്ചിട്ടുള്ള ഹട്ടുസാണെങ്കിൽ ആ ഹട്ടുസിനെ 750 രൂപ വിലയായി കണക്കാക്കണം. ഇതു് കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം കുറേക്കൂടി ആനുകൂല്യം നൽകുന്ന ഒരു ഭേദഗതി എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. ഇവിടെ പല ഭേദഗതികളും കൊണ്ടുവന്നിട്ടുള്ളതു് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചുകൊണ്ടാണോ എന്നുള്ള കാര്യത്തിൽ എനിക്കു് സംശയമുണ്ടു്. കാരണം, ആദ്യം ഹട്ടുസിന്റെ വില 400 രൂപയായിരുന്നു. പിന്നെ അതു് നാലു രൂപയ്ക്കു താഴെ മാസവാടകയുള്ള നിർവചനമായിട്ടു മാറ്റി. 400 രൂപ എന്നുള്ളതു് ആദ്യം ഭേദഗതികൊണ്ടുവന്നു 500 രൂപയാക്കി. പിന്നെ സെലക്റ്റുകമ്മിറ്റി കൂടിയ അവസരത്തിൽ അതു് 600 രൂപയാക്കി മാറ്റി. ഇങ്ങനെ ലേലം വിളിക്കുന്ന തരത്തിലാണെന്നതോന്നുന്നു ഇതിൽ മാറ്റം വരുത്തിയതെന്നു്. എന്തായാലും അതുപോകട്ടെ. കുടികിടപ്പുകാർക്കു് കൂടുതൽ ആനുകൂല്യം നൽകത്തക്കവിധത്തിൽ അവർക്കു് ഒരു പ്രത്യേക പരിഗണന നൽകിക്കൊണ്ടു് ഏറ്റവും ചെറിയ ഹട്ടു് നിർമ്മിക്കുന്നതിനുപോലുമുള്ള ചെലവു് വർദ്ധിപ്പിക്കുകയാണെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ടു് 1964-നുശേഷമുള്ള ഹട്ടുസിനെ സംബന്ധിച്ചിടത്തോളം 750 രൂപ വിലയായി കണക്കാക്കണമെന്നുള്ള ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: അപ്പോൾ വാടകയും വർദ്ധിപ്പിക്കേണ്ടിവരികയില്ലേ ?

ശ്രീ. കെ. ടി. ജോർജ്ജ്: ഇതേമാതിരിയുള്ള വർദ്ധനവു് കണക്കിലെടുത്തുകൊണ്ടു് റെന്റിലും വേണ്ട ഭേദഗതി വരുത്തുന്നതിൽ തെറ്റില്ല.

അതുപോലെ കുടികിടപ്പുകാർക്കു് കുടികിടപ്പിനു് കൊടുക്കുന്നസ്ഥലത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ സെന്റു് കൊടുക്കണമെന്നുള്ള ഭേദഗതി കൊണ്ടു വരുന്നതു് എന്തെങ്കിലും തത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. ശ്രീ. രാമണ്ണി ഇവിടെ ഒരു ഭേദഗതി കൊണ്ടുവന്നു, അഞ്ചു സെന്റു്, പത്തു സെന്റു് കൊടുക്കുന്നതിൽ രണ്ടു സെന്റുകൂടി കൂട്ടിക്കൊടുക്കണമെന്നാണു്. കുടികിടപ്പുകാർ ഒരു വമ്പിച്ച ഭൂരിപക്ഷം ഉണ്ടാക്കും. അവരുടെ പ്രീതി സമ്പാദിക്കുന്നതു് രാഷ്ട്രീയപാർട്ടികൾക്കു് ആവശ്യമായിരിക്കാം. മുനിസിപ്പൽ ഏരിയായിൽ അഞ്ചു സെന്റു പോരാ, ആറര സെന്റു് കൊടുക്കണമെന്നു പറയുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. കുടികിടപ്പുകാർക്കു് മൂന്നു സെന്റുഭൂമി മേജർ മുനിസിപ്പാലിറ്റികളിലും, അഞ്ചുസെന്റു് മറ്റു് മുനിസിപ്പാലിറ്റികളിലും, പത്തു സെന്റു് പഞ്ചായത്തുകളിലും കൊടുക്കുന്നു എന്നു എഴുതിവയ്ക്കുന്നതുകണ്ടാൽ എന്തോ ഭയങ്കരമായ സൗജന്യം കൊടുത്തുകൊണ്ടു ലക്ഷക്കണക്കിനു് ജനങ്ങൾക്കു് ഗുണം വരുത്തിയിരിക്കുകയാണെന്നു് തോന്നുന്നു. യഥാർത്ഥ കുടികിടപ്പുകാർ എത്രയുണ്ടെന്നുള്ളതിനു് ഗവണ്മെന്റിനു് വല്ല കണക്കുമുണ്ടോ ? കണക്കെടുത്തു നോക്കുമ്പോൾ യഥാർത്ഥ കുടികിടപ്പുകാർ ഒരുപക്ഷേ വളരെയുണ്ടാകുമെന്നു തോന്നുന്നില്ല. പ്രചരണോപാധി എന്നുള്ളനിലയിൽ കവിഞ്ഞു് വളരെയേറെ ഗുണം ചെയ്യുന്ന ഒരു വകുപ്പാണു് ഇതെന്നു് ഞാൻ പറയുന്നില്ല. അതുകൊണ്ടു് തത്വദീക്ഷയില്ലാതെ പോയതുകൊണ്ടു് കാര്യമില്ല. എത്ര ഭൂമികളുടെ ഉടമകളായാലും ശരി കുടികിടപ്പുകാരാണെന്നു എഴുതി വെച്ചതുകൊണ്ടു് വളരെയേറെ കുടികിടപ്പുകാർക്കു് അതിന്റെ ഗുണം ലഭിക്കുന്നില്ലെന്നും, അങ്ങനെയുള്ള ഭൂമിയുടെ ഉടമകളായ കുടികിടപ്പുകാർ കേരളത്തിലുണ്ടോ എന്നു കണക്കാക്കി നോക്കാതെ വെറും സൗജന്യം കുടികിടപ്പുകാർക്കു് കൊടുത്തു എന്നു് തോന്നത്തക്കരീതിയിലുള്ള ഒരു വകുപ്പാണു് ഇതെന്നും ഞാൻ പറയുകയാണു്, അങ്ങനെയുള്ള ചെറിയ ഭൂമികളുടെ ഉടമകളാണെങ്കിൽപ്പോലും കുടികിടപ്പുകാരായിരിക്കുമെന്നുള്ള നിർദ്ദേശത്തെ ഞാൻ എതിർക്കുന്നില്ല. പക്ഷേ ഈ ഗുണം കിട്ടുന്ന ആളുകൾ വളരേയേറെ ഉണ്ടാകുമോ, എന്നുള്ള കാര്യത്തിലുള്ളസംശയമാണു് പ്രകടിപ്പിച്ചതു്. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഓണർ ഇൻ പൊസഷൻ എന്നു വേണമെന്നുള്ളതരത്തിൽ ഒരു ഭേദഗതി ഞാനും അയച്ചിട്ടുണ്ടു്. ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഒരു കുടുംബത്തിലുള്ള കുറേ ആളുകളുടെ ഒന്നിച്ചുള്ള സ്വത്തു ഭാഗിച്ചുകിട്ടിയാൽ മൂന്നോ അഞ്ചോ സെന്റു കിട്ടിയെന്നുവരാം. പക്ഷേ ഭാഗിച്ചു കിട്ടാൻ വളരെക്കാലം പിടിച്ചു എന്നുവരാം. അതുപോലെ തന്നെ മറുതരത്തിൽ കൈവശമിരിക്കുന്ന ഭൂമിയിലും ഓണർഷിപ്പു് ഉണ്ടായി എന്നുവരാം. അതുകൊണ്ടു് ഓണർ ഇൻ പൊസഷൻ എന്നുള്ള വാക്കു് നിർബന്ധമായി വേണം. പിന്നെ ബില്ലിൽ 'on which he could erect a homestead' എന്നതു പോരാ. അതു മാറ്റിയിട്ടു സൂട്ടബിളായിരിക്കണം എന്നുള്ള നിലയിൽ

'and which is suitable for erecting a homestead' എന്നു ചേർക്കണമെന്നുള്ള ഭേദഗതിയും അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺ ജേക്കബ്: ഇന്ന കാലത്തു് ഞാൻ ചില ഭേഗേതികഠംക്ക നോട്ടീസു കൊടുത്തിട്ടുണ്ടു്. നിർഭാഗ്യവശാൽ അവ ഇവിടെ വന്നിട്ടില്ല. അതു കൊണ്ടു് എനിക്കു് ഓറൽ അമെൻഡുമെൻറു് മൂവു് ചെയ്യാനുള്ള അവകാശം തന്നാൽ കൊള്ളാം.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്കു് അതേക്കുറിച്ചു് സംസാരിക്കാം.

ശ്രീ. ഇ. ജോൺ ജേക്കബ്: എനിക്കു് പറയാനുള്ള അഭിപ്രായം, കുടികിടപ്പുകാർ എന്നുള്ള ഡെഫനിഷനിൽ 'kudikidappukaran' means a person who has neither homestead nor any land exceeding in extent three cents in any city or major municipality or five cents in any other municipality or in Kuttanad area or ten cents in any panchayat area or township.... എന്നുള്ളതു് ചേർക്കണമെന്നുള്ളതാണു്. അതായതു് കുട്ടനാടു് ഏരിയായിൽ ദൈവദത്തമായിട്ടു് കിട്ടിയിട്ടുള്ള ഭൂമി വെള്ളത്തിൻെറ അടിയിൽ അഞ്ചാറടി താഴ്ചയിലാണു്. ആ ഭൂമി വളരെ പണം മുടക്കി പൊക്കിയെടുത്തു് ഇന്നത്തെ നിലയിൽ ജനങ്ങൾക്കു് താമസയോഗ്യമാക്കിത്തീർത്തതിനു് കുറഞ്ഞതു് ഒരു സെൻറിനു് 500, 600 രൂപയെങ്കിലും ചെലവുണ്ടായിട്ടുണ്ടു്. മേജർ മുനിസിപ്പാലിറ്റികളിലും അദർ മുനിസിപ്പാലിറ്റികളിലും ഇതിൻെറ വിസ്തീർണ്ണം, കുറച്ചു വച്ചതുതന്നെ ഇവിടത്തെ വസ്തുക്കളുടെ പരിമിതമായ തോതും വിലയുടെ വർദ്ധനവും കൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നു. അതുപോലെതന്നെ ജനങ്ങൾക്കു് താമസിക്കാൻകൊള്ളാവുന്ന ഭൂമി വളരെ പരിമിതമായുള്ള ഒരു സ്ഥലമാണു് കുട്ടനാടു്. ആ സ്ഥലം നികത്തിയെടുത്തു് താമസയോഗ്യമാക്കിത്തീർത്തതിനു് വളരെയേറെ പണം ചെലവു് ചെയ്തിട്ടുണ്ടു്. ആ സ്ഥിതിക്കു് ഈ പരിഗണനകൂടി വച്ചുകൊണ്ടു് കുട്ടനാടു് ഏരിയ, അതായതു് പുഞ്ച സ്പെഷ്യൽ ആഫീസറുടെ കീഴിൽ വരുന്ന കുട്ടനാടു് ഏരിയ എന്നുള്ള സ്ഥലം, അദർ മുനിസിപാലിറ്റീസിൽ അഞ്ചു് സെൻറു് സ്ഥലം എന്നുള്ളതിൽ കൂടെ ക്ലബ്ബു് ചെയ്തു് അതുകൂടി ചേർക്കണമെന്നുള്ളതാണു് എൻെറ ഭേഗേതിയിലെ അഭിപ്രായം. അതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഞാനും ഒരു ഭേഗേതി തന്നു. അതിവിടെ വിതരണം ചെയ്യപ്പെട്ടിട്ടില്ല. കുടിലിൻെറ വിലയെ സംബന്ധിച്ചു് ഇവിടെ പല അഭിപ്രായങ്ങളും പറയുകയുണ്ടായി. 600 ക, 750 ക, 1000 ക എന്നിങ്ങനെ പല അഭിപ്രായങ്ങളും വരികയുണ്ടായി. ഇതു് ഏതുകാലത്തെ വിലയാണു് എന്നുനിഷ്കർഷിക്കാഞ്ഞാൽ വലിയ വിഷമങ്ങൾക്കിടയാകുമെന്നതിൽ യാതൊരു സംശയവുമില്ല. വിവാദ സമയത്തെ വിലയാണോ അതു്? അതോ, കുടിൽ നിർമ്മിച്ച കാലത്തു കണക്കാക്കപ്പെടുന്ന നിർമ്മാണച്ചെലവാണോ? നിർമ്മാണ കാലത്തെ ചെലവാണു് മാനദണ്ഡമായെടുക്കേണ്ടതു്. അതുകൊണ്ടു് seven hundred and fifty rupees at the time of construction എന്നാക്കണമെന്നാണു് എനിക്കു ഭേഗേതി പറയാനുള്ളതു്. അതിനോടു തുല്യമായുള്ള മി. ഗോപിനാഥപിള്ളയുടെ ഭേഗേതിയെ ഞാൻ പിന്താങ്ങുന്നു. 750 രൂപ എന്നുള്ള അദ്ദേഹത്തിൻെറ ഭേഗേതി സ്വീകരിക്കണമെന്നു് എനിക്കു് അഭ്യർത്ഥനയുണ്ടു്. മി. കെ. ടി. ജോർജ്ജും ഈ തത്വത്തോടു ഒരുതിത്തിവരെ യോജിക്കുന്നുവെന്നതു് സന്തോഷകരമാണു്. അതുകൊണ്ടു് നിർമ്മിക്കുന്ന കാലത്തു 750 രൂപ എന്നുള്ള മാനദണ്ഡം വളരെ സ്വീകാര്യമായ, സ്വാഗതാർഹമായ ഒരു പ്രൊപ്പോസലാണു്. അതു് സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്. അതുപോലെതന്നെ ഡേററിനെ സംബന്ധിച്ചും ശ്രീ. ഗോപിനാഥൻപിള്ളയുടെ അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ശ്രീ. കൃഷ്ണൻ അഭിപ്രായപ്പെട്ടതു് പ്രായോഗികമാക്കുന്നതിനു് ശ്രീ. ജോർജിന്റെ ഭേദഗതി സ്വീകരിച്ചാൽ മതിയാകും. 1964 ഏപ്രിൽ 1-ാം തീയതിക്കു മുമ്പായി നിർമ്മിച്ചിട്ടുള്ളതിനു് 600 രൂപയും അതിനുശേഷം നിർമ്മിച്ചിട്ടുള്ളതിനു് 750 രൂപയും എന്നു വച്ചാൽ മതിയാകും.

ശ്രീമതി കെ. ആർ. ഗൗരി: ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. രാമുണ്ണിയുടെ വികാരങ്ങൾ ഞാൻ മനസ്സിലാക്കുന്നു. മനസ്സിലാക്കാതെയല്ല 10 സെന്റോ 15 സെന്റോ ഒരു സെന്റുപോലുമില്ലാത്ത പാവപ്പെട്ട കുടികിടപ്പുകാർ ഉണ്ടു്. ഇതെല്ലാം സെലക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ശ്രീ. രാമുണ്ണി ഭേദഗതി ചെയ്യരുതെന്നു് അഭ്യർത്ഥിക്കുകയാണു്. അടുത്തതു് 'For the words and figures "1st day of April 1967" the words and figures "16th August 1968" shall be inserted' എന്ന ശ്രീ. ഗോപിനാഥൻ പിള്ളയുടെ ഭേദഗതിയാണു്. അതു് അംഗീകരിക്കുകയാണു്.

ശ്രീ. ഗോപിനാഥൻ പിള്ളയുടെ അടുത്ത ഭേദഗതി 600 രൂപ എന്നു പറഞ്ഞിരിക്കുന്നതു് 750 രൂപ ആക്കണമെന്നതാണു്. ശ്രീ. ജോർജ്ജും അതേ ഭേദഗതിയാണു് അവതരിപ്പിച്ചിരിക്കുന്നതു്. അതിൽ ഞാൻ ഒരു ചെറിയ ഭേദഗതി കൊടുക്കുന്നുണ്ടു്.

"at a cost at the time of construction not exceeding 750 rupees." എന്നാക്കാം. ഭേദഗതി ഒന്നുകൂടി വ്യക്തമാക്കാൻ വേണ്ടിയാണു് ശ്രീ. ജോർജ്ജു പറഞ്ഞതിൽ നിന്നും ശകലം കൂടി കുടികിടപ്പുകാരനു് ആനുകൂല്യം കൊടുത്തിരിക്കുന്നു എന്നു മാത്രം കരുതിയാൽ മതി. 1964-നു് അല്പംകൂടി പുറകിലോട്ടു് പോയിരിക്കുന്നു. 1964 എന്നുള്ളതു് അലംഘനീയമായ ദിവസമായി കണക്കാക്കേണ്ട. 750 രൂപ എന്നതു് ഞാൻ അംഗീകരിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: 1930-ൽ കൺസ്ട്രക്റ്റു ചെയ്തതാണെന്നു വിചാരിക്കുക. അതിനു് 750 രൂപയാണെങ്കിൽ എന്തായിരിക്കും അതിന്റെ സൈസു്. ഇന്നു് അതിന്റെ വില എന്തായിരിക്കും ?

ശ്രീമതി കെ. ആർ ഗൗരി: അതിനു് രണ്ടു നിബന്ധനകളുണ്ടു്. ഒന്നു് താമസിക്കുന്ന ആളിനു് ആണ്ടിൽ രണ്ടായിരം രൂപയിൽ കൂടുതൽ വരുമാനം ഉണ്ടായിരിക്കാൻ പാടില്ല. രണ്ടാമതു് വേറൊന്നുകൂടിയുണ്ടു്. ഒരാളിനെ സംബന്ധിച്ചു് അയാൾക്കു് ഇത്രയും ഭൂമിയിൽ കൂടുതൽ ഉണ്ടായിരിക്കാൻ പാടില്ല. പിന്നെ കെട്ടിടങ്ങളെ സംബന്ധിച്ചു് വാടക ഇത്രയായിരിക്കണം. അതുകൊണ്ടാണു് 750 at the time of construction എന്നു് അംഗീകരിക്കാനുണ്ടായ കാരണം. പിന്നെ ശ്രീ. ശ്രീനിവാസനും, ശ്രീ. ചന്ദ്രശേഖരൻ നായരും പറഞ്ഞതു് എന്റെ അഭിപ്രായത്തിൽ ഇങ്ങനെ മതി. "Kudikidappukaran" means a person who has neither a homestead nor any land exceeding in extent three cents in any city or major municipality or five cents in any other municipality or ten cents in any panchayat area or township, either as owner or as tenant in possession, on which he could erect a homestead and.....

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു്: ഈ ബില്ലിൽ തന്നെ fit for erecting a homestead എന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെ മാറ്റിയാലും മതി.

ശ്രീമതി കെ. ആർ. ഗൗരി: ഇതിലിപ്പോൾ fit for എന്നുള്ളതു് മാറ്റണമെങ്കിൽ മാറ്റാം. പക്ഷെ on which he could erect a homestead എന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അതു മതി. എന്താണെന്നു വച്ചാൽ at the time of construction erect ചെയ്യത്തക്കവിധമായിരിക്കണം. അതുകൊണ്ടു് വേറെ വിധത്തിലുള്ള തർക്കം വരുകയില്ല. അതുകൊണ്ടു് പ്രസ്സു് ചെയ്യരുതു്. Either as owner or as tenant, on which he could erect a homestead.

ശ്രീ. കെ. കരുണാകരൻ: കൺസ്ട്രക്ഷന്റെ കോസ്റ്റു് കണക്കാക്കുമ്പോഴും കാലാകാലങ്ങളിലുള്ളതായ വ്യത്യാസം കണക്കിലെടുക്കണം. ഇന്നത്തെ ചെലവും മുമ്പുള്ള ചെലവും കൊടുക്കുന്ന അവസരത്തിൽ ഡിസ്ക്രിമിനേഷൻ പാടില്ല.

Actual cost of construction of the hut

എത്ര വരുമെന്നു നോക്കുകയാണെങ്കിൽ 1930-ൽ 750 വരുകയാണെങ്കിൽ ഇന്നു് 2500-ൽ നിൽക്കുകയില്ല. മെറ്റീരിയൽസിന്റെ വില കൂടുന്നതിനുമുമ്പുള്ളതും കൂടിയതിനുശേഷമുള്ളതും രണ്ടും തരംതിരിച്ചില്ലെങ്കിൽ അതു് ഡിസ്ക്രിമിനേഷനായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി: ഡീറെയിലായിട്ടു നോക്കുകയാണെങ്കിൽ ഒരു യാഥാർത്ഥ്യമുണ്ടു്. വ്യാകുലപ്പെട്ടിട്ടു കാര്യമില്ല. ഞാൻ എന്റെ പറമ്പിൽ പുരവച്ചു് താമസിച്ചുകൊള്ളണമെന്നു പറയുന്നില്ല. താമസത്തിനു സൗകര്യമില്ലെന്നു പറയുമ്പോഴും ഒരു പുരവച്ചു താമസിച്ചുകൊള്ളാൻ പറയും. മുളയോ വേറെ വല്ലതുമോ കൊടുത്തു എന്നും വരും. അതുകൊണ്ടു് വലിയ പ്രശ്നമില്ല.

ശ്രീ. ചന്ദ്രശേഖരൻ നായരുടെ omit the words "on which he could erect a homestead" and substitute the words "which is suitable for erecting a homestead"

എന്ന ഭേദഗതി അംഗീകരിക്കുന്നില്ല. ശ്രീ. കെ. ജി. എൻ. നമ്പൂതിരിപ്പാടിന്റെ രണ്ടു ഭേദഗതികളും (Nos. 89, 90) ഞാൻ അംഗീകരിക്കുന്നു. അടുത്ത ഭേദഗതി (No. 91) ഞാൻ ഒന്നുകൂടി നോക്കട്ടെ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഒടുവിലത്തേതു് അതുപോലെ അംഗീകരിച്ചാൽ ബുദ്ധിമുട്ടുണ്ടാവുകയില്ലേ എന്നു് പരിശോധിച്ചാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി: അതു് ഞാനൊന്നു നോക്കിക്കൊള്ളട്ടെ.

ശ്രീ. എം. രാമുണ്ണി: എന്റെ ഭേദഗതി with all the improvements therein എന്നുകൂടി ചേർത്തിട്ടേയുള്ളൂ. അതിനു എന്താണു് തകരാറുള്ളതു് ?

ശ്രീമതി കെ. ആർ. ഗൗരി: 10 സെന്റു വാങ്ങുമ്പോഴും ഇംപ്രൂവ്മെന്റു എന്നു പറഞ്ഞാൽ വലിയ തർക്കമുണ്ടാകും. 10 സെന്റു് വാങ്ങിക്കാൻ വേറെ പ്രൊവിഷൻ ചേർത്തിട്ടുണ്ടു്.

with all the improvements therein, it will be considered as a kudikidappu

എന്നു പറയാനൊക്കുമോ ? നമ്മൾ ഇപ്പോൾ പറയുന്നതു് സൈറ്റു് മാത്രമേയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: which is suitable for erecting a homestead എന്നാക്കുന്നതുകൊണ്ടു് എന്തപകടം വരും.

ശ്രീമതി കെ. ആർ. ഗൗരി: വെള്ളമാണെങ്കിൽ ഒക്കുകയില്ല, അതുകൊണ്ടു് ഒട്ടും വിഷമിക്കേണ്ട.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു്: നിയമപ്രകാരമാണെങ്കിൽ വെള്ളമാണെങ്കിലും നികത്തി കൂടിൽ വയ്ക്കാൻ സാധിക്കും.

ശ്രീമതി കെ. ആർ. ഗൗരി: ഇല്ല. വെള്ളമാണെങ്കിൽ വരുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: ക്ലാസ് 55-ൽ ഷിഫ്റ്റു ചെയ്യുന്ന കാര്യം പറയുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: അതു പിന്നെ ചർച്ച ചെയ്യാം.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: ഷിഫ്റ്റു ചെയ്യുന്ന കാര്യത്തെപ്പറ്റി പറയുമ്പോൾ which is fit for erecting a homestead എന്നാണു പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ അപകടമൊന്നും വരാനില്ല.

ശ്രീമതി കെ. ആർ. ഗൗരി: 'fit for' എന്നു പറയുന്നതു് ജന്മിയുടെ കൈവശമിരിക്കുന്ന സ്ഥലത്തിന്റെ ഏതെങ്കിലും അനുയോജ്യമായ ഒരു സ്ഥലമെന്നാണു്. "Suitable" എന്നു പറഞ്ഞാൽ കുടിൽ കെട്ടത്തക്ക സ്ഥലമാണെങ്കിൽ മാത്രമേ ഒക്കുകയുള്ളൂ. രണ്ടും രണ്ടാണു്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: ഒരു കുടികിടപ്പിനു് നാലു സെന്റു് പുഞ്ചനിലത്തിൽ അവകാശമുണ്ടു്. പ്രായോഗികമായിട്ടു് സമ്മതിക്കുകയില്ല. Which is fit for erecting a homestead കൂടുതൽ നന്നായിരിക്കും.

The following amendment (No. 2) moved by the Hon. Minister viz.,

In clause 2, in sub clause (i), in Explanation VI, [in sub-section (25) of section 2 of the principal Act proposed to be substituted], the word "or" shall be inserted at the end of paragraph (a)

was put and carried.

The amendment (No. 31) moved by Shri M. Ramunni was, by leave, withdrawn.

The following amendment (No. 56) moved by Shri G. Gopinathan Pillai viz.,

In clause 2 in sub clause (i) [In the proviso to (b) in sub-section (25) of section 2 proposed to be substituted] for the words and figures "Ist day of April 1967" the words and figures "16th August 1968" shall be inserted.

was put and carried.

The following amendment (No. 57) moved by Shri G. Gopinathan Pillai (modified by the Hon. Revenue Minister) viz.,

In clause 2 in sub clause (i) [In Explanation II to sub-section (25) (b) in (a) (i) of section 2 proposed to be substituted], for the words "at a cost not exceeding six hundred" the words "at a cost at the time of construction not exceeding 750 rupees" shall be inserted.

was put and carried.

ശ്രീ. കെ. കരുണാകരൻ: At a cost at the time of construction not exceeding seven hundred and fifty rupees

എന്നുള്ളതു് ശരിയായ നടപടിക്രമമല്ല. കാരണം ഞാൻ ആവർത്തിക്കുകയാണു്. സാധന സാമഗ്രികളുടെ വിലയാണു് അടിസ്ഥാനമായി കണക്കാക്കേണ്ടതു്. ഇന്നത്തെ വിലയും, 20 കൊല്ലത്തിനു മുമ്പുള്ള വിലയും ഒരേ നിലയിൽ നോക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു് ശരിയല്ല. കടിയാനു് കൂടുതൽ കിട്ടുന്നതുകൊണ്ടല്ല. വിലയിൽ വ്യത്യാസം വരുന്നു എന്ന കാരണത്താൽ ഞാൻ ഇതിനെ എതിർക്കുന്നു.

The following amendment (No. 89) moved by Shri K. G. Neelakantan Namboodiripad viz.,

In clause 2, in the proposed amendment to section 2 (25) of the principal Act, Explanation IV, in the second line, after the word 'homestead' and before the words 'on the land' insert the words, "or resides in a hut already in existence", was put and carried.

The following amendment (No. 90) moved by Shri K. G. Neelakantan Namboodiripad viz.,

In clause 2 in the proposed amendment to section 2 (25) of the principal Act, Explanation IV, after the word 'homestead' and before the words 'provided that' insert the words 'or hut'

was put and carried.

Deputy Speaker: The House will now adjourn and meet again at 8 a.m. tomorrow.

The Assembly adjourned at 1 p.m. to meet again at 8 a.m. on Wednesday, the 8th October 1969.

LIBRARY ARCHIVES Kerala Legislative Assembly